PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session—1963

Second meeting

Thursday, the 14th November 1963.

Vol. XVII] **OFFICIAL REPORT** **[No. 30**

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Thursday, the 14th November 1963 with Mr. Speaker in the Chair.

LEGISLATIVE BUSINESS

(The Kerala Land Reforms Bill, 1963—consideration of amendment to Bill as reported by the Select Committee (*Contd.*)

[New clause after clause 28]

Mr Speaker : Order, order. We may continue Legislative Business. Smt. K. R. Gouri may continue her speech.

ശ്രീമതി കെ. ആർ. ഗൗരി : മന്ത്രി അവതരിപ്പിച്ച ഭേദഗതിയിലെ സബ്ക്ലോസ് ഒന്നിലെ അവസാനവാചകം എടുത്തുകളയണമെന്നുള്ള ഭേദഗതിയെപ്പററിയാണ് ഞാൻ ഇന്നലെ സംസാരിച്ചുകൊണ്ടിരുന്നത്. ഇതിന് ഒരു ഉദാഹരണം ഞാൻ പറയാം. "കാർഷികബന്ധനിയമം നടപ്പിൽ വന്നപ്പോൾ രേഖയില്ലാത്ത കൃഷിക്കാരായ വാരക്കാർ എൻ. സി. ജാണിന്റെ നിലത്തിന് പാട്ടം നിജപ്പെടുത്തണമെന്ന് അപേക്ഷ കൊടുത്തപ്പോൾ അവർ പാട്ടക്കാരല്ലെന്നു വരുത്തുന്നതിനുവേണ്ടി പുതുതായി വസ്തു ഉടമസ്ഥൻ രജിസ്റ്റർ പാട്ടം കൊടുത്തു. രജിസ്റ്റർ പാട്ടക്കാർ, യഥാർത്ഥ വാരക്കാർ വസ്തുവിൽ പ്രവേശിക്കാതെയിരിക്കാൻ Preliminary injunction സമ്പാദിച്ച പ്രമാണവും മററും കാണിച്ച പോലീസിനെ ഇടപെടുത്തി പഴയ കൃഷിക്കാരുടെ കൈവശം ഇരുന്ന നിലം പുതുതായി പ്രമാണം ഉണ്ടാക്കിയ പാട്ടക്കാരനു കൃഷി നടത്താൻ അവസരം കൊടുക്കുകയും കൃഷിയെടുക്കുകയും ചെയ്തു. ഒടുവിൽ ഈ കൃഷിക്കാർ അവരുടെ അവകാശസ്ഥാപനത്തിൽ ആ കൊല്ലം High Court വരെ പോകേണ്ടി വന്നു. കോടതിയിൽ പ്രൈമാഫസിയായിട്ട് അപേക്ഷ സമർപ്പിച്ചതാണ് എന്നു പറഞ്ഞാൽ അതിനെതിരായി document ഹാജരാക്കിയാൽ Prima facie evidence ഇല്ലാതാകും. എല്ലാ അപേക്ഷകളും തള്ളും. രേഖയില്ലാത്ത കുടിയാനെ സംബന്ധിച്ചിടത്തോളം കൃഷി ചെയ്യുന്നതിനു ഭൂമി അവക്കുതന്നെ കിട്ടണമെന്ന ഉദ്ദേശത്തിലാണ് റിക്കാർഡ് ആഫ് റൈററ്സ് വേണമെന്നു ഞങ്ങൾ ആവശ്യപ്പെട്ട് പ്രക്ഷോഭണവും സമരവും നടത്തിയതു്. ആ ഉദ്ദേശത്തിലാണ് മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീമതി കെ. ആർ. ഗൗരി)

ഭേദഗതി കൊണ്ടുവന്നതെന്നു ഞങ്ങൾ വിശ്വസിച്ചു. അപ്പോൾ രേഖയില്ലാത്ത കൃഷിക്കാർക്ക് വസ്തു അവരുടെകൈവശമാണ് എന്നു തെളിയിക്കാൻ സാവകാശം ഇല്ല. തെളിവിനുള്ള സൗകര്യം കൊടുക്കാതെ പ്രൈമാഫസിയായിട്ട് petition തള്ളാൻ കോടതിക്ക് അധികാരം കൊടുത്താൽ ഈ വകുപ്പു ഗുണത്തെക്കാൾ ദോഷമാണ് അവർക്ക് ചെയ്യുന്നതു്. ആ അപേക്ഷ കൊടുക്കുക സ്വീകരിക്കുക പിന്നെ ആഫീസറന്മാർക്ക് തെളിവു ശേഖരിക്കുന്നതിനു സാവകാശവും സൗകര്യവും കൊടുക്കുക, അതിനുശേഷം തെളിവിന്റെ അടിസ്ഥാനത്തിൽ അപേക്ഷ അനുവദിക്കുകയോ തള്ളുകയോ ചെയ്യുക. ഈ വിധത്തിലുള്ള ഒരു പ്രൊവിഷനാണു വേണ്ടതു്. അല്ലെങ്കിൽ രേഖയില്ലാത്ത കൃഷിക്കാർക്ക് ഇതുകൊണ്ട് സഹായം ഉണ്ടാകുകയില്ല എന്നു മാത്രമല്ല ഭൂമി അവരുടെ കൈവശമില്ല എന്ന രേഖയുണ്ടാവുകയും ചെയ്യും. ശ്രീ. ബലറാം 1497-ാം നമ്പരായി ഒരു ഭേദഗതി കൊടുത്തിട്ടുണ്ട്. അതായതു് ഈ ആക്റ്റ് നടപ്പിലായശേഷം ഒരു കൊല്ലത്തിനകം ഏതെങ്കിലും ഉള്ളതു് എടുത്തുകളയണമെന്നു്. അതു് അവതരിപ്പിച്ചിട്ടില്ല. അവതരിപ്പിക്കുമെന്നു തോന്നുന്നു. ഏതായാലും രേഖയില്ലാത്ത കുടിയാന്മാരുടെ അവകാശം സംരക്ഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു മന്ത്രി ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെങ്കിൽ എന്റെ 1492-ാമത്തെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതുപോലെ അവസാനത്തെ വാചകം എടുത്തുകളയേണ്ടതാണ്. 1494—ാം നമ്പരായി വേറൊരു ഭേദഗതി ഞാൻ കൊടുത്തിട്ടുണ്ട്. രണ്ടു തരത്തിൽ പ്രൊസിഡ്യുവർ നടത്തേണ്ട ആവശ്യമില്ല. സാധാരണ നിലയിൽ കോടതിയിൽ ഒരു അപേക്ഷ കൊടുത്താൽ തെളിവുകൾ ശേഖരിച്ചശേഷം സ്വീകരിക്കുകയോ, തള്ളുകയോ ചെയ്യുന്ന രീതി സ്വീകരിച്ചാൽ മതി. അതിൽ നിന്നും വ്യത്യസ്തമായി പ്രൈമാഫസിയായി തള്ളുന്നതിന് അവകാശം കൊടുത്താൽ 90 ശതമാനം ആളുകൾക്കും അവകാശം കിട്ടുകയില്ലെന്നു ഞാൻ ഉറപ്പിച്ചു പറയുകയാണ്. റവന്യൂ ഡിവിഷണൽ ആഫീസറെ അദ്ദേഹത്തിന്റെ അധികാരപരിധിയെ സംബന്ധിച്ചിടത്തോളം ലാൻഡ് റിക്കാർഡ്സ് ആഫീസറായി ചുമതലപ്പെടുത്തുകയാണെങ്കിൽ പ്രായോഗികമായി വളരെ ബുദ്ധിമുട്ടുണ്ടാകും. 145, 147, 107 എന്നീ കേസ്സുകൾ അദ്ദേഹത്തിന്റെ കോടതിയിൽ വരുകയാണെങ്കിൽ നാലും, അഞ്ചും കൊല്ലം കേസെടുക്കാതെയിരിക്കുന്ന അവസ്ഥയാണ് ഇന്നു നമ്മുടെ കോടതികളിലുള്ളതു്. Executive Magistrate എന്ന നിലയിൽ ചെയ്യേണ്ട ചുമതലയുടെ ഭാഗമാണ് ഈ കോടതികൂടൽ. ഞാനീ ആഫീസറന്മാരെ വിമർശിച്ചു പറയുകയല്ല. അവർക്ക് അതിനു സമയമില്ല. അതുകൊണ്ട് Record of rights prepare ചെയ്യുന്നതിന് വേറെ ആഫീസറെ നിയമിക്കുകയാണു വേണ്ടതു് അല്ലെങ്കിൽ നടക്കുകയില്ല. അക്കാര്യം ആലോചിക്കണം. ഏതായാലും അതിനു പറഞ്ഞിട്ടുള്ള ഏരിയാ കുറയ്ക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. കോഴിക്കോട്ടു തുടങ്ങിയ ഡിസ്ട്രിക്റ്റുകളിൽ റവന്യൂഡിവിഷണൽ ആഫീസറന്മാരുടെ ജൂറിസ്ഡിക്ഷൻ വളരെ വിസ്തൃതമായിരിക്കും. അവിടെ വളരെക്കൂടുതൽ രേഖയില്ലാത്ത കൃഷിക്കാരുണ്ട്. അങ്ങനെയുള്ള ഏരിയായിൽ മുഴുവൻ നിയമസമാധാനം നടത്തുക, ഡെവലപ്പ്മെന്റു പ്രവർത്തനങ്ങൾ നടത്തുക, റവന്യൂസംബന്ധമായ ചുമതലവഹിക്കുക ഇതെല്ലാം നിർവ്വഹിക്കേണ്ടതു റവന്യൂഡിവിഷനൽ ആഫീസറും പി. ഏ.യുമാണ്. സിസ്ട്രിക്റ്റു കളക്റ്റർ മുകളിലുള്ള ഒരു ആഫീസറായിരിക്കുകയാണ്. എത്രയോ കമ്മിററികളിൽ കളക്റ്റർ ചെയർമാനായിരിക്കും, പിന്നെ ഡവലപ്പ്മെന്റു പ്രവർത്തനങ്ങൾ നോക്കേണ്ടതുണ്ട്. ടൂർ കാണും. ഈ നിലയിൽ മററു രണ്ടു ഉദ്യോഗസ്ഥന്മാരുമാണ് മററു കാര്യങ്ങൾ നോക്കുന്നതു്. അങ്ങനെ ഭാരിച്ച ചുമതലയുള്ള ആഫീസറന്മാരെ ഇതിനു ചുമതലപ്പെടുത്തിയാൽ കാര്യം ശരിക്കു നടക്കുകയില്ല. വാരാവകാശം എഴുതി കൊടുത്തിട്ടുള്ളതു് ഈ നാടിനെ സംബന്ധിച്ചിടത്തോളം വളരെ കുറവാണ്. എല്ലാം വാക്കാലുള്ളതാണ്. കഴിഞ്ഞ കാലത്തു് fair rent-നു് അപേക്ഷ വാരക്കാർ കൊടുത്ത അവസരത്തിൽ 90 ശതമാനം കേസിലും ഭൂമി ഇവർക്കു കൊടുത്തിട്ടില്ല എന്നാണ് പ്രധാന തർക്കം. ഈ വിധത്തിൽ തർക്കിക്കാനുള്ള അവസരം എല്ലാ ഉടമകളും നോക്കുന്നുണ്ട്. അതിനെതിരായ നീക്കങ്ങൾ വന്നിട്ടുണ്ട്. വാരക്കാരെ സംബന്ധിച്ചോ കുടിയാനെ സംബന്ധിച്ചോ ഇതുപോലുള്ള തർക്കം വരികയാണെങ്കിൽ തഹശീൽദാർ സ്ഥലത്തുപോയി അന്വേഷിച്ചു നടപടികൾ സ്വീകരിക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നു കുടികിടപ്പു ഒഴിപ്പിക്കൽ നിരോധന നിയമത്തിൽ ഒരു വകുപ്പുണ്ടായിരുന്നു. അങ്ങനെയുള്ള കേസുകൾ എല്ലാം ഡിസ്പ്പോസ് ചെയ്യുന്നതിനു തഹശീൽദാർമാക്കു് സാധിച്ചിട്ടില്ല. വിസ്തൃതമായ ഒരു പ്രദേശത്തുള്ള രേഖയില്ലാത്ത കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കേസുകൾ റവന്യുഡിവിഷനൽ ആഫീസർ കേൾക്കണമെന്നു പറഞ്ഞാൽ അതു നടക്കുകയില്ലെന്നു നമുക്കെല്ലാം വക്ഷം ബോദ്ധ്യമുള്ളതാണു്. അതുകൊണ്ടു് റവന്യുഡിവിഷനൽ ആഫീസറുടെ റാങ്കിൽതന്നെ വേണമെങ്കിലും വേറൊരു ആഫീസറെ നിയമിക്കുന്നതിൽ വിഷമമൊന്നുമില്ല. ശമ്പളം കൊടുക്കുന്നതു ഗവണ്മെൻറിൻെറ പ്രശ്നമാണു്. അതുകൊണ്ടു് റവന്യൂ ഡിവിഷനൽ ആഫീസർക്കുതന്നെ ഈ അധികാരം കൊടുക്കണമെന്നുള്ള നിർബന്ധം ഉപേക്ഷിച്ചു വേറെ ആഫീസറന്മാരെ ചുമതലപ്പെടുത്തണമെന്നാണു് എൻെറ അഭിപ്രായം. അടുത്തതായി മന്ത്രിയുടെ ഭേദഗതിയിൽ രണ്ടാംഉപവകുപ്പിൽ പറയുന്നതു് ഇങ്ങനെയാണു്: "Notwithstanding anything contained in sub-section (1), the Government may *suo motu* dircct the Land Tribunal for the preparation of a record of rights in respect of any holding."

അതിനു് ഞാൻ 1493-ാംനമ്പരായി കൊടുത്തിട്ടുള്ള അമെൻറുമെൻറിൽ അവസാനം കാണുന്ന any holding എന്നുള്ളതു മാററി holdings situate in any specified area എന്നു ചേർക്കണമെന്നാണു് പറഞ്ഞിട്ടുള്ളതു്. ഗവണ്മെൻറു ഏതെങ്കിലും ഒരാളിൻെറ ഹോൾഡിംഗിനെ സംബന്ധിച്ചു റിക്കാർഡു പ്രിപ്പയർ ചെയ്യണമെന്നു പറയുന്നതു ശരിയല്ല. ഒരു രാഷ്ട്രീയ പാർട്ടിയുടെ ഗവണ്മെൻറാണു വരിക. കഴിഞ്ഞകാലത്തു് ഞങ്ങളുടെ പേരിൽ ആരോപിച്ചതുപോലെ നിങ്ങൾ ഇതു Congress കാർക്കു അനുകൂലമായിട്ടു ഉപയോഗിക്കാനുള്ള വകുപ്പാണു് എന്ന ആരോപണം ഞാൻ വയ്ക്കുന്നില്ല. രാഷ്ട്രീയ പാർട്ടികൾ ഇരിക്കുന്ന ഗവണ്മെൻറു് ഒരാളുടെ പ്രത്യേക ഹോൾഡിംഗിനെ സംബന്ധിച്ചു സുവോമോട്ടോ ആയി പറയുന്നതു് ശരിയല്ല. അങ്ങനെ ഒരു തർക്കം വരികയാണെങ്കിൽ ഒരു പ്രത്യേക പ്രദേശമെന്നുള്ള തരത്തിലാണെങ്കിൽ തകരാറില്ല. അതല്ലാതെ കൊട്ടിയൂർപോലെയുള്ള ഏതെങ്കിലുംപ്രദേശത്തെ ഒരു കുടിയാൻെറ holdingൻെറ record of right പ്രിപ്പയർ ചെയ്യാൻ ഗവണ്മെൻറാവശ്യപ്പെടുന്നതു് ശരിയല്ല. ഒരൊററ ഹോൾഡിംഗ് എന്നുള്ള നിലയിൽ ഗവണ്മെൻറു് ഇടപെടുന്നതും തെററാണു്. എല്ലാവരും അപേക്ഷകൾ സമയത്തു കൊടുത്തുവെന്നു വരികയില്ല. വലിയ റെൻറു് കൊടുക്കുന്നവരാണെങ്കിലും ഫെയർ റെൻറിനു അപേക്ഷ കൊടുക്കാത്ത കുടിയാന്മാരുണ്ടായിരുന്നു. ഇനിയും കാണും അങ്ങനെയെല്ലാം നമ്മുടെ നാട്ടിൽ നടക്കുന്നുണ്ടു്. അപ്പോൾ സുവോമോട്ടോ അധികാരം ഗവണ്മെൻറിനു കൊടുക്കുന്നതു നല്ലതാണു്. എന്നാൽ any holding എന്നുള്ളിടത്തു് holdings situate in any specified area എന്നു ചേർക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്. അങ്ങനെ ഒരു പ്രത്യേക പ്രദേശത്തേക്കു് Suo motu ആയി prepare ചെയ്യാൻ അധികാരം കൊടുക്കുന്നതാണു് എന്തുകൊണ്ടും നല്ലതു്. Holding-ൻെറ definition തന്നെ കുടിയാനെ അടിസ്ഥാനപ്പെടുത്തിയാണു് ഒരു ജന്മിയെ അല്ല. ഒരു ജന്മിയുടെ കീഴിൽ എത്ര കുടിയാന്മാരും കരണങ്ങളും കാണും അത്രയും holding-ം കാണും. അതുകൊണ്ടു് ഒരു പ്രമാണത്തിൻെറ അല്ലെങ്കിൽ ഒരു holding-ൻെറ മാത്രമായി Prepare ചെയ്യാനുള്ള അധികാരം കൊടുക്കുന്നതു ശരിയല്ല എന്നാണു് എൻെറ അഭിപ്രായം.

മൂന്നാമത്തെ ഭേദഗതി ഒന്നാമത്തെ ഭേദഗതിയുമായിട്ടു ബന്ധപ്പെട്ടതാണു്. ഞാൻ മുമ്പു പറഞ്ഞതുപോലെ ആപ്ലിക്കേഷൻ കൊടുക്കുകയാണെങ്കിൽ ആ ആപ്ലിക്കേഷനെപ്പററി പ്രൈമാഫസി ആയിട്ടു അതു തള്ളരുതു് എന്നുള്ളതാണു്. അങ്ങനെ പ്രൈമാഫസിയായിട്ടു തള്ളാതെ അതു സ്വീകരിക്കുകയാണു വേണ്ടതു്.

ശ്രീ. ടി. എ. തൊമ്മൻ: സിവിൽ പ്രൊസീഡ്യുവർ കോഡനുസരിച്ചു സിവിൽകോടതിയിൽ കൊടുക്കുന്ന അന്യായം സ്വീകരിക്കാതെ അതു തള്ളാൻ വ്യവസ്ഥയുണ്ടല്ലോ. അതേപ്പററി ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണു്? അതുപോലെ ഒരു വ്യവസ്ഥയാണു ഇതു എന്നു ബഹുമാനപ്പെട്ട മെമ്പർക്കു് തോന്നുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ഈ റിക്കാർഡ് ആഫ് റൈററ് പ്രിപ്പയർ ചെയ്യാനുള്ള ആപ്ലിക്കേഷൻ സ്വീകരിക്കാതെ prima facie ആയി തള്ളാനാണോ ശ്രീമാൻ തൊമ്മൻ പറയുന്നത്. സാധാരണ സിവിൽ നിയമപ്രകാരം റിക്കാർഡുള്ളതായിട്ടുള്ള ഡാക്കുമെൻറ് ആദ്യമെ കൊണ്ടുവന്നു ഹാജരാക്കുകയാണെങ്കിൽ—ഇൻജംഗ്ഷൻ സമ്പാദിക്കുന്നത് എങ്ങനെയാണെന്നു നമുക്കു അറിയാമല്ലോ? ഒരു പ്രമാണം ആദ്യമേ ഹാജരാക്കുകയാണെങ്കിൽ തന്നെ അതേപ്പററി കേൾക്കാതെ ഇൻജംഗ്ഷൻ കൊടുക്കുന്നതു എങ്ങനെയാണ്. Civil കോടതിയിൽ വരുന്ന എല്ലാക്കേസും prima facie ആയി തള്ളുകയില്ല. ചില പ്രത്യേക കേസുകളിൽ pauper suit മററു കാര്യങ്ങൾ തെളിവെടുത്തിയതിനുശേഷം file-ൽ സ്വീകരിക്കും. അല്ലാത്ത കേസുകൾ file എടുത്തു തെളിവിനു Post ചെയ്യാണ് തള്ളുകയൊ സ്വീകരിക്കുകയോ ചെയ്യുന്നത്. ഞാൻ ശ്രീ. എൻ.സി. ജാണിൻെറ കേസിൻെറ കാര്യം നേരത്തെ പറഞ്ഞിട്ടുള്ളതാണ്. അതിൽ കുടിയാന്മാർ ഹൈക്കോടതിവരെ പോകേണ്ടതായിവന്നു. ഒടുവിൽ അവർതന്നെ ജയിക്കുകയും ചെയ്തു. പ്രൈമാഫസിയായിട്ട അവർക്കെതിരായി injunction കൊടുത്തു തെളിവിനുശേഷം injunction തള്ളി അങ്ങനെ പ്രൈമാഫസിയായിട്ട അതു തള്ളുക എന്നുവന്നാൽ അതു മനസ്സില്ലാതെ ആ അവകാശം അവർക്കു കൊടുക്കുകഎന്നുള്ളതാണ്. അവർക്ക് ഇതുമൂലം ഒരു പ്രയോജനം ഉണ്ടാകണമെന്നുള്ള ഉദ്ദേശം പോലും ഗവൺമെൻറിനില്ല എന്നാണ് മനസ്സിലാക്കേണ്ടതു. ഇതു് ഇന്നു് ഒരാവശ്യമായിത്തീർന്നതു് രേഖയില്ലാത്ത കുടിയാന്മാരെ രക്ഷിക്കാനാണ്. അവരെ സംബന്ധിച്ച് prima facie evidence ഒന്നുമില്ല കൊടുക്കാൻ. സാക്ഷിവിസ്താരത്തിലും സ്ഥലം പരിശോധനയിലുമേ തെളിവു കൊടുക്കുവാൻ മിക്ക കേസിലും വിധിക്കുകയുള്ളു. ആയതിനാൽ prima facie bona fide ആണെന്നു തെളിഞ്ഞാലേ സ്വീകരിക്കു അപേക്ഷ എന്നതു ഉപേക്ഷിക്കണം.

ശ്രീ. ടി. എ. തൊമ്മൻ : ഇങ്ങനെ തന്നെയാണ് സിവിൽ പ്രൊസീഡ്യുവർകോഡിലും എഴുതിവച്ചിട്ടുള്ളതു്.

ശ്രീമതി കെ. ആർ. ഗൗരി : എങ്ങനെയാണ്? മനസ്സിലാകുന്നില്ല. ഇന്നലത്തെ ആ ഭേദഗതി വന്നുകഴിഞ്ഞതിനുശേഷം ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അഡ്വക്കേററു ജനറലായിട്ട അംഗീകരിക്കുന്നില്ല. കുടിയാനും മററു കക്ഷികൾക്കും claims objections പോലും കൊടുക്കാനുള്ള അവകാശം നിഷേധിച്ചതിനുശേഷം ഏതു നിലയിലായാലും application കൊടുത്താൽ അന്വേഷിക്കുക എന്നതും വ്യവസ്ഥ ഉണ്ടായാലും അതിനെ സംബന്ധിച്ച് ഒരു എൻക്വയറി നടത്തുക എന്നുള്ളതും ആവശ്യമാണ്. റിക്കാർഡ് ആഫ് റൈററ്സ് പ്രിപ്പയർ ചെയ്യാനുള്ള അപേക്ഷ തള്ളുക എന്നു പറഞ്ഞാൽ—അതു തയാറാക്കേണ്ട ചുമതലയെപ്പററിയും മററും പറയുമ്പോൾ, അതുപോലെ ഈ ലാൻഡ് ട്രിബ്യൂണലിൻെറ ചുമതലയേയും പററി പറയുമ്പോൾ അതെല്ലാം ഒരു ജനാധിപത്യസംഘടന എന്നുള്ള നിലയിൽ അവരുമായി ബന്ധപ്പെട്ട ഈ കാര്യങ്ങൾ നടത്തണമെന്നുള്ള ഉദ്ദേശത്തിലാണ്. അതു പറയുമ്പോൾ വലിയ ലഹളയുണ്ടാകുന്ന മാതിരി അതിനെ പാർട്ടിയുമായിട്ട ബന്ധപ്പെടുത്തി ലീഗലായിട്ടുള്ളതല്ല എന്നെല്ലാം പറയാറുണ്ട്.

ശ്രീ. ടി. എ. തൊമ്മൻ : ഒരു കൊല്ലത്തിനിടയ്ക്കു കുടിയാൻ ആപ്ലിക്കേഷൻ കൊടുക്കണമെന്നു പറയുന്നു. എന്നാൽ ഒരുകൊല്ലം കഴിഞ്ഞതിനുശേഷമാണ് ആപ്ലിക്കേഷൻ കൊടുത്തിട്ടുള്ളതു് എന്നുള്ള കാരണത്തിന്മേൽ പ്രൈമാഫസിയായിട്ട് അതു തള്ളാൻ പാടില്ലേ?

ശ്രീമതി കെ. ആർ. ഗൗരി : അതു പ്രത്യേകമായിട്ട് എഴുതിച്ചേർത്താൽ തരക്കേടില്ല. പക്ഷേ ഇന്നു് അതുകൊണ്ടു മാത്രമല്ല തള്ളാൻ അധികാരം കൊടുത്തിരിക്കുന്നതു്. ഉത്തമബോദ്ധ്യത്തോടാണോ കൊടുത്തതു് എന്ന പ്രശ്നത്തിലാണോ തള്ളുന്നതു്? പഴയ കാർഷികബന്ധനിയമം പാസാക്കിക്കഴിഞ്ഞതിനുശേഷം ഭൂമി ഒഴിപ്പിച്ചെടുക്കാനുള്ള ആപ്ലിക്കേഷൻ കൊടുക്കാൻ ഒരു കൊല്ലത്തെക്കാണു അവധി വച്ചിരുന്നതു്. നിങ്ങൾ വിചാരിക്കുന്നുണ്ടോ ഈ ഒരു കൊല്ലംകൊണ്ടു് ഈ മുഴുവൻ ആളുകളും അങ്ങനെ ആപ്ലിക്കേഷൻ കൊടുത്തുകൊള്ളുമെന്നു്

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവണ്മെൻറുതന്നെ അപേക്ഷയുള്ള സമയം ഈ അസംബ്ലിയിൽ നീട്ടിക്കൊടുത്തു. അങ്ങനെ വരുമ്പോഴം പതിനായിരമല്ല, അഞ്ചുലക്ഷമല്ല, പത്തുലക്ഷമല്ല. Record of right, prepare ചെയ്യാനപേക്ഷ കൊടുക്കുവാനുള്ളതു്. ഇവരെല്ലാവരും ഒരു കൊല്ലത്തിനകം അപേക്ഷ കൊടുക്കുമെന്നു് എനിക്കു വിശ്വാസമില്ല. നിങ്ങളുടെ അറിവു വച്ചുകൊണ്ടാണെങ്കിൽ തന്നെ ഈ സ്മാംഹോംഡേഴ്സിനു ഒരു കൊല്ലത്തിനകം അപേക്ഷ കൊടുക്കണമെന്നുള്ളതു മുഴുവൻ നടപ്പിലാകുമോ? അങ്ങനെ അപേക്ഷ കൊടുക്കുന്നതിനുള്ള കാലാവധി ഒന്നോ രണ്ടോ പ്രാവശ്യം ശ്രീമാൻ ചന്ദ്രശേഖരൻതന്നെ നീട്ടിക്കൊടുത്തിട്ടുണ്ടെന്നാണെന്റെ ഓർമ്മ. ആ നിലയ്ക്കു് ഒരു ടൈം ലിമിററു് ഈ കാര്യത്തിൽ വയ്ക്കുന്നതു തന്നെ തെററാണു്. അഥവാ വയ്ക്കുന്നെങ്കിൽ rule ആകാം. കാരണം നമുക്കു് വേണ്ടിവന്നാൽ കാലാവധി നീട്ടാൻ വേഗം സാധിക്കും. ഈ നിയമത്തിൽ അങ്ങനെ ഒരു കൊല്ലമെന്ന പ്രൊവിഷൻതന്നെ വയ്ക്കുന്നു. അല്ലെങ്കിൽ വേണ്ടിവന്നാൽ സമയം നീട്ടുന്നതിനു ഗവണ്മെൻറിനെ Land Tribunal-നോ അധികാരം കൊടുക്കണം. ആ വിധത്തിലായിരിക്കണം വകുപ്പു draft ചെയ്യേണ്ടതു്. അല്ലെങ്കിൽ ലാൻഡ്ബോർഡിനു കൊടുക്കാമെങ്കിലും അപ്പീൽ ചേർത്തില്ല എങ്കിൽ ബുദ്ധിമുട്ടുണ്ടാകും. നിയമം അത്രവേഗം ഭേദഗതി ചെയ്യാനൊക്കുകയില്ലല്ലൊ. ഈ വകുപ്പു മാററണം.

ശ്രീ. പി. ടി. ചാക്കോ : ഒരു കാര്യംതന്നെ എത്ര തവണ പറയുന്നുണ്ടു് എന്നുള്ളതിനു ഒരു കണക്കുണ്ടായാൽ തരക്കേടില്ല. ഒരു 35 തവണയെങ്കിലും ഇപ്പോഴം ഈക്കാര്യം പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഇതേപ്പററി ഒരു കണക്കുവച്ചാൽ വേണ്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി : മന്ത്രി അങ്ങു കണക്കു വച്ചിരുന്നാൽ മതി എനിക്കതിനുസമയമില്ല. ഞാൻ മൂന്നാമത്തു് ഒരു ഭേദഗതി കൊടുത്തിട്ടുണ്ടു്. മന്ത്രി അതു നോക്കുന്നതിനു മുമ്പു് (ഭേദഗതി 1494) പ്രൈമാഫേസിയായിട്ടു അതു തള്ളിക്കളഞ്ഞാൽ പിന്നെ എന്താണു് ചെയ്യേണ്ടതു് എന്നുള്ളതാണു് ഞാൻ പറയുന്നതു്. അതു അങ്ങനെ തള്ളിക്കളയുകയാണെങ്കിൽ പിന്നെ എന്തു വ്യവസ്ഥയാണുള്ളതു്. പിന്നെ അതു കഴിഞ്ഞു് അതിനു തെളിവുകരം എടുത്തു സ്വീകരിക്കാവുന്നതാണെങ്കിൽ അതു എടുക്കുക അല്ലെങ്കിൽ അതു തള്ളിക്കളയുക എന്നുള്ളതാണു് 1494 കൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്. New clause 28 A-ൽ പറഞ്ഞിരിക്കുന്നതു്.

"Where an application for the preparation of a record of right in respect of a holding is admitted, no application, under section 30 for determination of fair rent in respect of that holding shall be disposed of till the record of rights is prepared under this section' എന്നാണു്.

സർ, ഞാൻ ഇതുകൊണ്ടു് ഈ ഫെയർറെൻറു ഫിക്സു ചെയ്യുന്നതിനു വേണ്ടി കൊടുത്തിട്ടുള്ള അപേക്ഷകൾ അങ്ങനെ തടഞ്ഞുവച്ചതുകൊണ്ടു നാം വിചാരിക്കുന്നതുപോലെ ഒന്നും നടക്കുകയില്ല. അതുകൊണ്ടായിരിക്കണം സുവോമോട്ടോ എന്നുള്ളതു് ഇതിൽ എടുത്തുചേർത്തിരിക്കുന്നതു്. എന്റെ 1495-ാം നമ്പർ ഭേദഗതി ഇതാണു്:

"When an application for the preparation of record of right, or when a *suo motu* enquiry is being conducted by the officer any poceed-ings before a Tribunal for determination of fair rent, or any suit or application questioning the right and interest of the cultivating tenant is pending before a civil court or Tribunal shall be stayed till the application for the preparation of record of right is disposed."

മന്ത്രിയുടെ ഭേദഗതി അനുസരിച്ചുനോക്കിയാൽ അതു മെൻറയിൽ ചെയ്യുകയില്ല എന്നുള്ളതാണു്. റവന്യൂഡിവിഷണൽ ആഫീസറുടെ മുമ്പിൽ റക്കാർഡു് ആഫു് റൈററ്സ് പ്രിപ്പയർ ചെയ്യണമെന്നു ആപ്ലിക്കേഷൻ വരികയാണെങ്കിൽ ഏതെങ്കിലും ലാൻഡു് ട്രിബ്യൂണൽ

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീമതി കെ. ആർ. ഗൗരി):

അതിനു അങ്ങനെ ആപ്ലിക്കേഷൻ കൊടുക്കാൻ അവകാശമില്ല. വസ്തു പുതിയ ആളിന്റെ കൈവശമാണ് എന്നു പറഞ്ഞാൽ അതേ സംബന്ധിച്ചുള്ള റെക്കാർഡ് ആഫ് റൈറ്റ്സ് ഇവിടെ പ്രിപ്പയർ ചെയ്യുന്നതിനുള്ള തെളിവുകൾ ഹാജരാക്കാൻ ആവശ്യപ്പെടാവുന്നതാണ്. റവന്യൂ ഡിവിഷണൽ ആഫീസർക്ക് ഒരു സിവിൾക്കോടതിയുടെ അധികാരം കൊടുത്തില്ലെങ്കിൽ പിന്നീട് അദ്ദേഹത്തിന്റെ തീരുമാനം നിയമപ്രാബല്യമുള്ളതായിട്ടു വരികയില്ല. ഞാൻ ആദ്യമെ കൊടുത്ത ഭേദഗതി മന്ത്രി അംഗീകരിച്ചതായി കാണുന്നു. അതുകൊണ്ട് അതേപ്പറ്റി ഞാൻ ഇനി ഒന്നും പറയുന്നില്ല. ഞാൻ അവതരിപ്പിച്ച ഭേദഗതികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

(1) record of right prepare ചെയ്യാൻ കൈവശ കുടിയാൻ കൊടുക്കുന്ന അപേക്ഷ തെളിവെടുത്തതിനു ശേഷം വേണം തള്ളുകയൊ അനുവദിക്കുകയോ ചെയ്യാൻ. ഉത്തമവിശ്വാസത്തോടുകൂടി കൊടുത്തതാണോ എന്നു പരിശോധിച്ച് അപേക്ഷ file-ൽ സ്വീകരിക്കുന്നതു് എടുത്തുകളയുക.

(2) റവന്യൂഡിവിഷണൽ ആഫീസറുടെ grade-ലുള്ള പുതിയ ഉദ്യോഗസ്ഥനെ നിയമിച്ച് record of right prepare ചെയ്യിക്കുക.

(3) അവരുടെ area കുറയ്ക്കുക; ഒരു കൊല്ലമെന്ന കാലാവധി എടുത്തുകളയുക.

(4) ഗവണ്മെന്റ് ഒരു holding-നു മാത്രമായി Suo motu record of right prepare ചെയ്യാൻ നിർദ്ദേശിക്കുന്ന രീതി മാററി പ്രത്യേക പ്രദേശത്തേക്കു ബാധകമാക്കുക. ഇതാണ് ഈ വകുപ്പിനെ സംബന്ധിച്ച എന്റെ ഭേദഗതികളുടെ ഉള്ളടക്കം.

<u>ശ്രീ. ടി. കെ. രാമകൃഷ്ണൻ</u> : സർ, എന്റെ ഭേദഗതി, റവന്യൂഡിവിഷണൽ ആഫീസർ പഞ്ചായത്തിന്റെ സഹായത്തോടുകൂടി റിക്കാർഡ് ആഫ് റൈററ്സ് പ്രിപ്പയർ ചെയ്യണമെന്നുള്ളതാണ്. ഈ ഭേദഗതി അവതരിപ്പിച്ചതിനുള്ള കാരണം, ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതിപ്രകാരം, ഒരു പരാതിക്കാരൻ ആയിട്ടുള്ള ഒരു കുടിയാൻ, ഈ നിയമം പാസ്സായി ഒരു വർഷത്തിനകം അപേക്ഷ കൊടുത്താൽ അതിന്മേൽ റവന്യൂഡിവിഷണൽ ആഫീസർ നടപടി എടുത്ത് രേഖയുണ്ടാക്കാനുള്ള പരിശ്രമം ചെയ്യണമെന്നാണ്. എന്റെ ഭേദഗതിയും ഇതും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസമുണ്ടെന്നാണ് എനിക്കു പറയാനുള്ളതു്. കാരണം, ഒരു കുടിയാന്റെ പരാതിയിന്മേൽ റിക്കാർഡു തയാറാക്കണമെന്നുള്ളതാണ് മന്ത്രിയുടെ ഭേദഗതി. പരാതി ഉണ്ടാകട്ടെ, ഉണ്ടാകാതിരിക്കട്ടെ, റിക്കാർഡു തയാറാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഇതു രണ്ടും പരസ്പരം ബന്ധപ്പെട്ടതാണെങ്കിലും മൗലികമായ കാര്യത്തിൽ യോജിക്കുന്നില്ല. കാരണം, റിക്കാർഡു തയാറാക്കുന്നതിനുള്ള ചുമതല ഗവണ്മെന്റു ഏറെറടുക്കണം എന്നാണെന്റെ വാദം. അല്ലെങ്കിൽ കുടിയാനു് അനുകൂലമായ രേഖ ഉണ്ടാക്കാൻ സാദ്ധ്യമല്ല. ഈ ഭേദഗതി ഈ നിയമത്തിൽ അംഗീകരിക്കുന്നതിന്റെ പിന്നിൽ കുറെ കാര്യങ്ങളുള്ളതു നമുക്കറിയാം. ഏതായാലും ആദ്യമേ ഈ ബില്ലുകൊണ്ടുവന്ന സന്ദർഭത്തിൽ ഇങ്ങനെ ഒരു വകുപ്പുണ്ടായിരുന്നില്ല. എന്തുകൊണ്ടാണ് അങ്ങനെ ഒരു വകുപ്പില്ലാതെ പോയതു് എന്നുള്ളതു കേരളഭൂനിയമത്തിന്റെ ചരിത്രം അറിയാവുന്നവർ അത്ഭുതപ്പെട്ടുപോകും. എന്തായാലും പണ്ടത്തെ നിയമത്തിൽ ഇല്ലാത്ത ഒരു വ്യവസ്ഥ ഇപ്പോഴത്തെ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ളതും അങ്ങനെ അനുകൂലമായ ഒരു നില എടുത്തതും തന്നെ ആത്മാർത്ഥതയോടല്ല. ഇതു പറയുമ്പോൾ അദ്ദേഹം ക്ഷോഭിക്കേണ്ട കാര്യമില്ല.

<u>ശ്രീ. പി. ടി. ചാക്കോ</u> : ഈ ഭേദഗതിയെപ്പററിയല്ല പറയുന്നതു്. ഇതു ആദ്യമേ ബില്ലിൽ ഇല്ലാതിരുന്ന കാരണങ്ങളെപ്പററിയാണ് പറയുന്നതു് ഇങ്ങനെയാണെന്നുണ്ടെങ്കിൽ വളരെ വിഷമമാണ്.

<u>ശ്രീ. ടി. കെ. രാമകൃഷ്ണൻ</u> : ബഹുമാനപ്പെട്ട മന്ത്രിക്കു കഥ പറയാം. അതേസമയം എനിക്കു ഈ അമെൻറുമെൻറുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയാൻ പാടില്ല എന്നാണോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെയുള്ള ശാഠ്യം ഒന്നും പിടിച്ചാൽ ഇതത്ര വേഗമൊന്നും പാസാക്കാൻ സാധിക്കുകയില്ല എന്നു അങ്ങേക്കും അറിയാമല്ലോ?

മി. സ്പീക്കർ: പഴയ പശ്ചാത്തലങ്ങൾ അധികമൊന്നും വിസ്തരിച്ചു പറഞ്ഞിട്ടു കാര്യമില്ല. ബില്ലിനോടു ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞാൽമതി. ഇതെല്ലാം പല ആവർത്തി പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ഇ. പി. ഗോപാലൻ: അങ്ങ് ഈ സമയം ഇങ്ങനെ നിയന്ത്രിക്കുന്നതു ശരിയാണോ? ഇങ്ങനെ അങ്ങു പലപ്പോഴും നിയന്ത്രിക്കാറുണ്ട്. പ്രധാനപ്പെട്ട ഭേദഗതികൾ വന്നാൽ അതേ സംബന്ധിച്ച് സംസാരിക്കുമ്പോൾ അങ്ങു പല സന്ദർഭങ്ങളിലും സമയം നിയന്ത്രിക്കാറുണ്ട്. അങ്ങു പറയുന്നതു ഞങ്ങൾ സ്വീകരിക്കാം. പക്ഷേ മന്ത്രി അങ്ങനെ നിയന്ത്രിക്കുന്നതു സമ്മതിക്കാൻ നിവൃത്തിയില്ല. അങ്ങനെയാണെങ്കിൽ കുറെ കഥകൾ എന്റെ കൈവശവുമുണ്ട്.

ശ്രീ. എൻ. ഇ. ബലറാം: സഭാനടപടികൾ കഴിയുന്നത്ര നീട്ടിക്കൊണ്ടു പോകരുതെന്നുള്ളതാണ് ഞങ്ങളുടെയും ലക്ഷ്യം. എന്നാൽ അതിനിടയിൽ ആ ഭാഗത്തുനിന്നും കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ലക്ഷ്യത്തെപ്പററിയും പരിപാടിയെപ്പററിയുമെല്ലാം കമ്മ്യൂണിസം, സെക്ടേറിയനിസം, റിവിഷനിസം മുതലായവയെപ്പററിയുമെല്ലാം ആക്ഷേപിക്കുകയുണ്ടായി. അതു ഒരിക്കലും നിയമസഭയുമായി ബന്ധപ്പെടാത്തതാണ്.

മി. സ്പീക്കർ: എല്ലാ ഭാഗത്തുനിന്നും കുറെ സാവകാശം ആവശ്യപ്പെടുന്നതു് അനുവദിച്ചുകൊടുത്താൽ ഡിസ്കഷൻ നടക്കുകയില്ല. അതു ഒരു ഭാഗത്തിനു മാത്രമായിട്ടു പറഞ്ഞു എന്നു എടുക്കരുതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഞാൻ സംസാരിക്കാൻ തുടങ്ങി, ഒരു വാചകം അവസാനിപ്പിക്കുന്നതിനു മുൻപ്, അതു ഇതുമായിട്ടു ബന്ധമുള്ളതല്ല എന്നു പറഞ്ഞു തടയാൻ മന്ത്രി ശ്രമിച്ചാൽ അതു് സ്വീകരിക്കാൻ നിവൃത്തിയില്ല. അദ്ദേഹം ബൈബിളിലെ കഥ പറഞ്ഞപ്പോൾ ആരും നിയന്ത്രിച്ചില്ല. രേഖയില്ലാത്ത കൃഷിക്കാരുടെ പ്രശ്നം, പഴയ കാർഷികബന്ധനിയമത്തിൽ പാസ്സാക്കിക്കഴിഞ്ഞതിനുശേഷം ഈ നിയമസഭയിലും ചർച്ചയ്ക്കു വന്നിട്ടുള്ള ഒരു കാര്യമാണ്. ആ നിലയിൽ ഈ ബില്ല് തയ്യാറാക്കിയപ്പോൾ, അതിനാവശ്യമായ വകുപ്പ് ഇതിൽ ഉൾക്കൊള്ളിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ആത്മാർത്ഥമായി ശ്രമിച്ചിട്ടില്ല. അതിന് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുകയായിരുന്നു. സർ, 1962 മാർച്ച് 5-ാംതീയതി എന്റെ ഒരു ചോദ്യത്തിന് റവന്യൂമന്ത്രി, രേഖയില്ലാത്തതിന്റെ ബുദ്ധിമുട്ടു കർഷകർക്ക് ധാരാളമുണ്ട്, അതു കഴിയുന്നതും പരിഹരിക്കാൻ ഗവണ്മെന്റ് ആലോചിച്ചു വരികയാണ് എന്നു മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, ഈ ബിൽ തയ്യാറാക്കിയപ്പോൾ, അതിനു പരിഹാരം കാണുമെന്നു പറഞ്ഞ മന്ത്രി ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. ഭാഗ്യവശാൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ഇവിടെയുണ്ട്. രേഖയില്ലാത്ത കർഷകർക്ക് രേഖയുണ്ടാക്കാൻവേണ്ടി ഒരു പരിശ്രമം ഇവിടെ നടക്കുകയുണ്ടായി. അതിനുവേണ്ടി ഒരു സമരവും നടന്നു, ആ സമരത്തിന്റെ അവസാനം, ഡെപ്യൂട്ടി മുഖ്യമന്ത്രിയുടെ മുറിയിൽ വച്ച് അന്ന് ഇന്നത്തെ മുഖ്യമന്ത്രി ഡെപ്യൂട്ടിമുഖ്യമന്ത്രിയായിരുന്നു—കർഷകസംഘം പ്രതിനിധികൾ പങ്കെടുത്ത ഒരു ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു തീരുമാനം എടുത്തിരുന്നു. ആ സമ്മേളനത്തിൽ, കർഷകസംഘത്തിന്റെ പ്രതിനിധിയായി ഞാനും പങ്കെടുത്തിരുന്നു. എങ്ങനെയാണു രേഖയുണ്ടാക്കാൻ ഒരു നല്ല മാർഗ്ഗം സ്വീകരിക്കുക എന്നുള്ളതിനെ സംബന്ധിച്ച് ഏതാണ്ട് അരമണിക്കൂറോളം ചർച്ച നടന്നു. അതിനെ സംബന്ധിച്ച് ഇന്നത്തെ മുഖ്യമന്ത്രി അന്നു പല സംശയങ്ങളും ചോദിക്കുകയുണ്ടായി. അങ്ങനെ രേഖയുണ്ടാക്കണമെന്നുള്ള ആവശ്യം സാധിച്ചുകിട്ടാൻ സമരം നടത്തുകയും, പ്രത്യേക സമ്മേളനത്തിൽ അതിനു ഒരു തീരുമാനം എടുക്കുകയും, അങ്ങനെ ചെയ്യാമെന്നു മന്ത്രി നിയമസഭയിൽതന്നെ ഉറപ്പു നൽകുകയും

(ശ്രീ. ടി. കെ. രാമകൃഷ്ണൻ)

ചെയ്തിട്ടും, ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രിയുടെ ഭാഷയിൽ പറഞ്ഞാൽ, കാർഷികബന്ധനിയമത്തിൽ വന്നുചേർന്നിട്ടുള്ള പാകപ്പിഴകൾ ഇല്ലാതാക്കാൻ പുതുതായി ഒരു നിയമം കൊണ്ടുവരുമ്പോൾ, ആ പ്രശ്നത്തിനു മതിയായ പരിഹാരം കാണുന്നില്ലെങ്കിൽ, അതു ആത്മാർത്ഥതയോടുകൂടിയ ഒരു സമീപനമായില്ല എന്നു പറയാതെനിവൃത്തിയില്ല. അദ്ദേഹത്തിന്റെ ഭേദഗതി, അപര്യാപ്തമായതുകൊണ്ടാണ് കർഷകർക്ക് കൂടുതൽ ഗുണകരമായ നിലയിൽ ഞാൻ മറ്റൊരു ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. റവന്യൂവകുപ്പധികാരികൾ രേഖകൾ തയ്യാറാക്കണമെന്നുള്ളതു്, പഞ്ചായത്തിന്റെ സഹായത്തോടും, സഹകരണത്തോടും വേണമെന്നാണ് എന്റെ ഭേദഗതി. അങ്ങനെ ചെയ്യാതെ ഈ അധികാരം റവന്യൂ അധികാരികളെ ഏല്പിച്ചാൽ വരാവുന്ന ബുദ്ധിമുട്ടുകളെപ്പറ്റി ശ്രീമതി കെ. ആർ. ഗൗരി ഇവിടെ സംസാരിച്ചുകഴിഞ്ഞു. ഈ വക കാര്യങ്ങളെ സംബന്ധിച്ച്, പ്ലാനിംഗ് കമ്മിഷന്റെ ഭൂനയ പാനൽ പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ടിൽ നിന്നു ചില ഭാഗം ഞാൻ ഇവിടെ വായിക്കാം. പല സംസ്ഥാനങ്ങളിലും ശരിയായ വില്ലേജു റിക്കാർഡുകൾ ഇല്ലാത്തതുകൊണ്ടു കർഷകരുടെ അവകാശങ്ങൾ നിർണ്ണയിക്കാൻ സാധിക്കുന്നില്ല. ചില സംസ്ഥാനങ്ങളിൽ ചില റിക്കാർഡുകൾ ഉള്ളതിൽ കർഷകരുടെ പേരില്ല. കർഷകരുടെ പേരില്ലാത്തതുകൊണ്ടു് ജന്മിമാരുടെ സ്വാധീനം മൂലം സാധുക്കളായ കർഷകർക്ക് അവരുടെ അവകാശങ്ങൾ നേടാൻ സാധിക്കുന്നില്ല. എങ്ങനെയെങ്കിലും കോടതിവഴി അവകാശം സ്ഥാപിക്കാമെന്നു വിചാരിച്ചാൽതന്നെയും, പാവപ്പെട്ട കർഷകരുടെ വാദങ്ങൾ വിലമതിക്കപ്പെടുകയില്ല. വില്ലേജധികാരികൾ മിക്കവാറും നാട്ടുപ്രമാണികളായ ജന്മികളെ സഹായിക്കാനേ ശ്രമിക്കുകയുള്ളു. ജന്മിമാരുടെ വാക്കുകൾ വിശ്വസിക്കാനാണ് അധികാരികൾ സ്വാഭാവികമായി താൽപര്യം കാണിക്കുന്നതു്. ജന്മിമാർ നാട്ടിൽ കൊള്ളാവുന്നവരും വളരെയധികം ഭൂമിയുള്ളവരും ആയതുകൊണ്ടു് അവർ വിശ്വസിക്കാൻ പറ്റിയവരായിരിക്കും. കർഷകർ പറയുന്നതെല്ലാം വെറും നുണയാണെന്നുള്ള ധാരണയാണു വില്ലേജധികാരികൾക്കും, റവന്യൂ അധികാരികൾക്കും ഉള്ളതു്. അതുകൊണ്ടു കർഷകർക്കു ഗുണകരമായ രേഖ തയാറാക്കണമെങ്കിൽ, റവന്യൂഅധികാരികളെ ആശ്രയിച്ചാൽപോരാ എന്നു് അതിൽ പറയുന്നുണ്ടു്. അതിന്റെ 37-ാംപേജിൽ ചില നിർദ്ദേശവും ഇതു സംബന്ധിച്ചു നൽകുന്നുണ്ടു്. ഇന്നയിന്ന അടിസ്ഥാനത്തിൽ വേണം ഈ രേഖകൾ തയ്യാറാക്കാൻ എന്നും അതിൽ പറയുന്നുണ്ടു്. പഞ്ചായത്തുകളെ ഈ കാര്യം നിർവ്വഹിക്കുന്നതിനുള്ള ഒരു മാനേജ്മെന്റ് എന്ന നിലയിൽ പരിഗണിക്കാമെന്നു് അതിൽ പറയുന്നുണ്ടു്. ഭൂമിയെ സംബന്ധിച്ച രേഖകൾ തയ്യാറാക്കുന്നതിനു് പഞ്ചായത്തുകൾക്കു കൂടുതൽ സഹായിക്കാൻ കഴിയും എന്നു അതിൽ പറഞ്ഞിട്ടുണ്ടു്. അതെല്ലാം കഴിഞ്ഞതിനു ശേഷം, ഈ നിയമസഭയിൽ ഇപ്പോൾ അവതരിപ്പിക്കുന്ന ഈ നിയമത്തിൽ, ഈ കാര്യത്തിന്റെ ഭംഗിയായ നടത്തിപ്പിനു് പഞ്ചായത്തുകളുടെ സഹായം തേടാൻ ബഹുമാനപ്പെട്ട മന്ത്രി വിട്ടുപോയതെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. റവന്യൂ അധികാരികളെ വിശ്വസിക്കാമോ, അവിശ്വസിക്കാമോ എന്നുള്ളതല്ല പ്രശ്നം. ഇന്നത്തെ സെറ്റപ്പിൽ, സ്വാഭാവികമായി കുടിയാനും, ജന്മിയും തമ്മിൽ എന്തെങ്കിലും തക്കം ഉണ്ടായാൽ റവന്യൂഅധികാരികൾ ജന്മിയുടെ വശത്തായിരിക്കും. അതിനു കാർഷികബന്ധനിയമം നടപ്പിലായതിനു ശേഷം തന്നെ എത്രയോ ഉദാഹരണങ്ങൾ ഉണ്ടായിട്ടുണ്ടു്. രേഖയില്ലാതെ, പാട്ടം കൊടുത്തിട്ടു്, എന്തെങ്കിലും തക്കം ഉണ്ടായാൽ കൊടുത്ത പാട്ടം വീണ്ടും കൊടുക്കേണ്ടിവരുന്നുണ്ടു്. രേഖ ഇല്ലാതെ പാട്ടം കൊടുത്തിട്ടു്, വീണ്ടും തക്കം ഉണ്ടാകുമ്പോൾ, കുടിയാൻ കോടതിയിൽ കേസിനു പോയാൽ, ജന്മി വാദിക്കും, ആ വസ്തു തന്റെ കൈവശമാണു്, കുടിയാനു അതിൽ യാതൊരവകാശവുമില്ലെന്നു്. കുടിയാനു തക്കതായ രേഖയൊന്നും കാണിക്കാൻ ഉണ്ടായിരിക്കുകയില്ല. ഈ കുഴപ്പങ്ങൾ പരിഹരിക്കാൻ ശരിയായ രേഖയുണ്ടാക്കണം എന്ന തത്വം നാം അംഗീകരിച്ചിട്ടുള്ളതാണു്. 1957-ൽ തന്നെ തിരുവിതാംകൂർ-കൊച്ചി നിയമത്തിൽ കുടികിടപ്പുകാരുടെ രജിസ്ട്രേഷനു വ്യവസ്ഥയുണ്ടായിരുന്നു. ഒരു കാലാവധി വച്ചിട്ടു കുടികിടപ്പുകാർ അപേക്ഷസമർപ്പിക്കണമെന്നുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വളരെ കുറച്ചു അപേക്ഷകളെ സമർപ്പിക്കപ്പെട്ടുള്ളു. തിരുവിതാംകൂർ-കൊച്ചി നിയമസഭയിൽ ഒരു ചോദ്യത്തിനു മറുപടിയായി പറഞ്ഞതു് അങ്ങനെയുള്ള അപേക്ഷകൾ നാലായിരമോ, അയ്യായിരമോ ആണു കിട്ടിയതെന്നാണു്. തിരുവിതാംകൂർ-കൊച്ചിയിൽ, അയ്യായിരം കുടികിടപ്പുകാരെ ഉള്ളു എന്നു പറയാൻ സാദ്ധ്യമല്ലല്ലൊ. ലക്ഷക്കണക്കിനു കുടികിടപ്പുകാരുണ്ടു്. എന്താണു് ഇത്ര കുറച്ചുമാത്രം അപേക്ഷകൾ സമർപ്പിക്കപ്പെട്ടതെന്നു കാര്യം ആലോചിക്കണം. ഒരു ചുരുങ്ങിയ കാലാവധി വച്ചാൽ ഈ കാര്യം ഫലപ്രദമായിത്തീരുമെന്നു കരുതേണ്ട. അല്ലെങ്കിൽ നിശ്ചിത കാലാവധികളുള്ളിൽ ഇതു സംബന്ധിച്ച നടപടികൾ പൂർത്തിയാക്കാൻ ഒരു മെഷിനറി ഗവണ്മെൻറു സംഘടിപ്പിക്കണം. അതിനുവേണ്ടി എത്രയധികം സംഖ്യ ചെലവുവന്നാലും തരക്കേടില്ല; ആ ചെലവു വഹിക്കാൻ കേന്ദ്രഗവണ്മെൻറു തയാറാണെന്നു പത്രത്തിൽ ഒരു റിപ്പോർട്ടുകണ്ടു. അങ്ങനെ കർഷകരുടെ അവകാശങ്ങൾ ഉറപ്പിക്കുന്ന കാര്യത്തിൽ ഇന്നു വന്നുചേർന്നിട്ടുള്ള പാകപ്പിഴകളും, ക്രമക്കേടുകളും തിരുത്തുന്നതിനു് കേന്ദ്രഗവണ്മെൻറു സാമ്പത്തികസഹായം ചെയ്യാൻ തയ്യാറായിട്ടും, അതിനു വേണ്ട പരിശ്രമം എന്തുകൊണ്ടു് ഈ ഗവണ്മെൻറു ചെയ്യുന്നില്ല? അതിനു് ഈ ഗവണ്മെൻറു് മുമ്പോട്ടു വന്നുകാണാത്തതു ഖേദകരമാണു്. ഇതിനാവശ്യമായ സാമ്പത്തികസഹായം കേന്ദ്രത്തിൽനിന്നു ചെയ്യുമെങ്കിൽ, മററു കാരണമൊന്നും പറഞ്ഞു ഒഴിഞ്ഞുമാറാൻ ഈ ഗവണ്മെൻറിനു സാദ്ധ്യമല്ല.

സാധാരണ ഗതിയിൽ കർഷകർ അപേക്ഷ സമർപ്പിച്ചാൽ, അതിനു ശരിയായ തെളിവു കൊടുക്കാൻ സാധിക്കുന്നില്ല. അഥവാ വല്ല തെളിവും കൊടുത്താൽത്തന്നെ, അതു ശരിയല്ലെന്നു വരുത്താൻ ജന്മിക്കു സാധിക്കും. അതിനൊരുദാഹരണം ഞാൻ പറയാം.

Mr. Speaker: Mr. Ramakrishnan, you are only repeating the points which you had expressed. Please try to bring forward new points, if any.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ജന്മിയുടെ സ്വാധീനം കൊണ്ടു് കർഷകനു നേരിടുന്ന ബുദ്ധിമുട്ടിനു് ഒരു ഉദാഹരണം പറയുകയാണു്, അതു ആവർത്തനമല്ല.

മി. സ്പീക്കർ: ഇതിനു മുൻപും ഉദാഹരണം പറഞ്ഞല്ലോ. അതുകൊണ്ടു തന്നെ ആ കാര്യം മനസ്സിലായി.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മനസ്സിലാക്കേണ്ട ആൾ മനസ്സിലാക്കിയില്ലെന്നാണു തോന്നുന്നതു്.

മി. സ്പീക്കർ: അങ്ങനെ മനസ്സിലാക്കാൻ ശ്രമിച്ചാൽ ചിലപ്പോൾ മനസ്സിലായില്ലെന്നു വരും.

ശ്രീ. ടി, കെ. രാമകൃഷ്ണൻ: എനിക്കു പ്രത്യേകം മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ള ഒരു ഉദാഹരണമാണു പറയാൻ പോകുന്നതു്. ഒരു മുൻമന്ത്രിയുടെ കീഴിൽ എട്ടു് ഏക്കർ നിലം 32 വർഷമായി ഏറെറടുത്തു കൃഷി നടത്തിക്കൊണ്ടിരുന്ന ഒരാൾ അവകാശത്തക്കത്തിൻെറ പേരിൽ ലാൻഡു് ട്രിബ്യൂണലിനു് അപേക്ഷ കൊടുത്തു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഏതു മുൻമന്ത്രിയാണു്, ശ്രീ. വി. ആർ. കൃഷ്ണയ്യരാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എൻെറ മര്യാദകൊണ്ടു ഞാൻ പേരു പറഞ്ഞില്ല. പേരു വേണമെങ്കിൽ പറയാം. പക്ഷേ ശ്രീ. കൃഷ്ണയ്യരല്ല.

അങ്ങനെയുണ്ടായ തക്കം നിലവിലിരിക്കേ കൃഷിക്കാരൻ വിത്തിട്ടു് കൊയ്യാൻ സമയമായപ്പോൾ അതു ജന്മിയാണു വിത്തിട്ടതെന്നുള്ള അവകാശവാദമായി. കൃഷിക്കാരൻ കൊയ്തു. പക്ഷേ, പോലീസിനെക്കൊണ്ടു കൈയേററത്തിനു് കൃഷിക്കാരൻെറ പേരിൽ കേസെടുപ്പിച്ചു. കോടതിയിൽ കൃഷിക്കാരനനുകൂലമായിട്ടാണു് വിധിയുണ്ടായതു്. ഞാൻ ഒന്നാംപ്രതിയായി 108 പേരെ ചേർത്തു് ചാർജ്ജുചെയ്തു ആ കേസ്സിൽ വളരെയധികം പണം ചെലവു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

ചെയ്ത കേസു വാദിച്ചു് ഒടുവിൽ കർഷകനു് അനുകൂലമായ വിധി നേടുകയുണ്ടായി. കോടതിക്കു് ഇതു സംബന്ധിച്ച കാര്യങ്ങൾ വളരെ വ്യക്തമായി മനസ്സിലായിട്ടുണ്ടു്. സ്ഥിതിഗതികൾ ഇങ്ങനെയിരിക്കെ, റവന്യൂ അധികാരികളുടെ മേൽനോട്ടത്തിൽ ഈ ജോലി നടത്തിയാൽ എങ്ങനെയാണു് കർഷകർക്കു ഗുണം കിട്ടുന്നതു്? അതുകൊണ്ടാണു് ഇതിന്റെ ഉത്തരവാദിത്വം റവന്യൂ അധികാരികളെ ഏല്പിച്ചാൽപോരാ, പഞ്ചായത്തു അധികാരികളുടെ സഹായത്തോടുകൂടി ഈ റിക്കാർഡു തയ്യാറാക്കണമെന്നു പറയുന്നതു്. പഞ്ചായത്തു അധികാരികൾകൂടി ഈ കാര്യം നടത്തിയാൽ ഒരു ജനാധിപത്യസ്വഭാവം വരുന്നുണ്ടു്. പഞ്ചായത്തു കമ്മിററിമെമ്പറന്മാർ നാട്ടിലെ വിവരങ്ങൾ അറിയാവുന്നവരായിരിക്കും. യഥാർത്ഥത്തിൽ കൃഷി നടത്തുന്നവരാരാണു്, ഓരോ വസ്തുവിന്റെയും സ്വഭാവം എന്താണു് എന്നും മററും അവർക്കു വസ്തുനിഷ്ഠമായി ഗ്രഹിക്കാൻ അവസരം ലഭിക്കുന്നതാണു്. അതിനാൽ, പഞ്ചായത്തു അധികാരികളുടെ സഹായത്തോടുകൂടി ഈ രേഖ തയാറാക്കുന്നതു് കുറേക്കൂടി കൃഷിക്കാർക്കു് അനുകൂലമായി വരാൻ ഇടയുണ്ടു്. ഈ ഭേദഗതി മന്ത്രി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എൻ. ഇ. ബലറാം : I am moving amendment No. 1497. സർ, ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച, 1482-ാം നമ്പർ ഭേദഗതിയിൽ പറയുന്നതു് ഒരു കൊല്ലത്തിനുള്ളിൽ, രേഖകൾ തയ്യാറാക്കാൻ ലാൻഡു് ട്രൈബ്യൂണലിനു് അപേക്ഷ കൊടുക്കണമെന്നാണു്. ഇങ്ങനെ കാലാവധി വയ്ക്കേണ്ട ആവശ്യമില്ലെന്നാണു് എന്റെ ഭേദഗതിയിൽ ആവശ്യപ്പെടുന്നതു്. ശ്രീമതി കെ. ആർ. ഗൗരിയുടെ പ്രസംഗത്തിൽ, ഈ കാര്യത്തെപ്പററി വിശദമായി സൂചിപ്പിച്ചിരുന്നു. കാർഷികബന്ധനിയമത്തിൽ, ചെറുകിട ജന്മിമാരുടെ ഭൂമി കൈവശംവച്ചു കൃഷിചെയ്യുന്ന കുടിയാന്മാർ ട്രൈബ്യൂണലിനു ഹർജി കൊടുക്കാൻ ഒരു കാലാവധി വച്ചിരുന്നു. അതും ഒരു കൊല്ലം എന്നാണു വ്യവസ്ഥ ചെയ്തിരുന്നതു്. ആ കാലാവധി വളരെ ചുരുങ്ങിപ്പോയതുകൊണ്ടു ഹർജികൾ വളരെ കുറവായിരുന്നുവെന്നു നമുക്കു വ്യക്തമായി ബോധപ്പെട്ടിട്ടുണ്ടു്. ഇപ്പോഴാകട്ടെ, രേഖയില്ലാത്തവരാണു് രേഖയുണ്ടാക്കാൻ കോടതിയിൽ ഹർജി സമർപ്പിക്കേണ്ടതു്. ചിലരാണെങ്കിൽ ജന്മിമാരെ ഭയന്നു ഹർജികൊടുക്കാൻ മടിക്കുന്നവരാണു്. വിശേഷിച്ചു്, കാസർകോഡു്, ഹോസ്ദുർഗ് പ്രദേശങ്ങളിലെ കൃഷിക്കാരിൽ നല്ലൊരുഭാഗം രേഖകൾ ഇല്ലാത്തവരാണു്. രേഖയുണ്ടാക്കാനും, എന്തെങ്കിലും മററു സൗകര്യം ആവശ്യപ്പെടാനും ജന്മികളെ സമീപിക്കാൻ ഇന്നും ഭയപ്പെടുന്നവർ ഉണ്ടു്. ആ നിലയിലുള്ള കുടിയാന്മാർ ഒരു കൊല്ലത്തിനുള്ളിൽ ഇതിനുവേണ്ടി ഹർജി സമർപ്പിച്ചുകൊള്ളണമെന്നു പറഞ്ഞാൽ അതു അത്ര പ്രായോഗികമല്ല. കണ്ണൂർ ജില്ലയെ സംബന്ധിച്ചു പറഞ്ഞാൽ, അവിടെയും നല്ലൊരു വിഭാഗം ആളുകൾ രേഖയില്ലാത്തവരായിട്ടുണ്ടു്. ഇതുകൂടാതെ, മലമ്പ്രദേശങ്ങളിൽ, പുതുതായി കൃഷിചെയ്യാൻ പ്രവേശിച്ചിട്ടുള്ളവർ, ശരിയായ രേഖയില്ലാതെ ഒട്ടധികം വയനാടൻ പ്രദേശത്തും മററുമുണ്ടു്. അങ്ങനെ ബഹുഭൂരിപക്ഷം ആളുകളും കുടിയാന്മാരിൽ രേഖയില്ലാത്തവരായിട്ടുണ്ടെന്നുള്ളതു് ഒരു വസ്തുതയാണു്. ഒന്നോ, രണ്ടോ ആളുകളുടെ ഒരു പ്രശ്നമല്ലിതു്. എത്രയോ കുടിയാന്മാർ ഇന്നു രേഖയില്ലാത്തവരാണു്. അവരെല്ലാം ഒരു കൊല്ലത്തിനുള്ളിൽ ആവശ്യമായ രേഖകൾ ഉണ്ടാക്കാൻ അപേക്ഷ സമർപ്പിച്ചുകൊള്ളണമെന്നു പറഞ്ഞാൽ, ഈ നിയമംകൊണ്ടു വല്ല പ്രയോജനവും അവർക്കുണ്ടാകുമെന്നു വിചാരമുണ്ടെങ്കിൽ അതു ലഭിക്കാതെ വരുമെന്നുള്ളതു് ഒരു പരമാർത്ഥമാണു്. റിക്കാർഡു് ഓഫ് റൈററു് ഉണ്ടാക്കാനാണു മന്ത്രി ഉദ്ദേശിക്കുന്നതെങ്കിലും, മന്ത്രിയുടെ ഭേദഗതി ഇങ്ങനെ സ്വീകരിച്ചാൽ, ഉദ്ദേശിക്കുന്ന ആനുകൂല്യം ഫലത്തിൽ ഇല്ലാതെവരാനാണെളുപ്പം.

സർ, രണ്ടുമൂന്നു പരിമിതികൾ ഇതിനുണ്ടു്. ഒന്നാമതു്, ഒരു കൊല്ലം എന്നു കാലനിർണ്ണയം ചെയ്യുന്നതുതന്നെ അപകടമാണു്. ആ കാലപരിധി എടുത്തുകളയണം. കുടിയാനു ധൈര്യമായി ഈ റിക്കാർഡുകൾ ഉണ്ടാക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു സാഹചര്യം തന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനുള്ള സൗകര്യം കിട്ടാതെ ഒരു കൊല്ലത്തിനുള്ളിൽ അതു പ്രായോഗികമാക്കാൻ സാദ്ധ്യമല്ല. ഈ വകുപ്പുകൊണ്ടു ഉദ്ദേശിക്കുന്ന ഗുണം ഉണ്ടാകണമെങ്കിൽ ഈ കാലാവധി മാററണം.

സർ, ഒരു തരത്തിലുള്ള രേഖയും കൈവശമില്ലാത്ത പതിനായിരക്കണക്കിന് കുടിയാന്മാർ നമ്മുടെ രാജ്യത്തുണ്ട്. അവരുടെ കൈവശമിരിക്കുന്ന ഭൂമിക്കോ, പാട്ടംകൊടുത്തിട്ടുള്ളതിനോ ഒന്നുംതന്നെ ജന്മി രേഖ കൊടുത്തിട്ടില്ല. അങ്ങനെ ഈ ബിൽപ്രകാരം കുടിയാനാണെന്നു കാണിക്കാനുള്ള തെളിവുകളൊന്നുംതന്നെ ഈ കുടിയാന്മാരെ സംബന്ധിച്ചിടത്തോളമില്ല. കുടിയായ്മ അവകാശം കിട്ടുന്നതിനു ഹർജിയുമായി ട്രൈബ്യൂണലിലോ കോടതികളിലോ ചെന്നാൽ അവർ കുടിയാനാണെന്നു കാണിക്കുന്നതിനോ പാട്ടം കൊടുത്തിട്ടുണ്ടെന്നു കാണിക്കുന്നതിനോ ആവശ്യമായ രേഖകളൊന്നുംതന്നെയില്ല. അതുകൊണ്ട് ഇങ്ങനെ രേഖയില്ലാത്ത ബഹുഭൂരിപക്ഷം കർഷകരുടെ താൽപര്യം സംരക്ഷിക്കേണ്ടതു ഏററവും ആവശ്യമാണ്. നമ്മുടെ കുടിയാന്മാക്ക് രേഖ കിട്ടാത്ത ചരിത്രമെല്ലാം നമുക്കറിയാവുന്നതാണ്. അങ്ങനെ ജന്മിമാർ രേഖകൊടുക്കാത്തതിൻെറ ഫലമായി മന്ത്രിയുടെ ഭേദഗതി പാസാകുകയാണെങ്കിൽ കുടിയാന്മാരുടെ റിക്കാർഡ് ഓഫ് റൈററ് നഷ്ടപ്പെടുകയാണ്. ഇതിൽ മന്ത്രി കൊടുത്തിരിക്കുന്ന ഭേദഗതി ഈ ബിൽ ആക്ററായി കഴിഞ്ഞു് ഒരു വർഷത്തിനകം രേഖകളെല്ലാം ലാൻഡ് ട്രൈബ്യൂണലിൽ ഹാജരാക്കി കുടിയാന്മാർ അവരുടെ റിക്കാർഡ് ആഫ് റൈററ്സ് വാങ്ങിക്കണമെന്നാണ്. എനിക്ക് പറയുവാനുള്ളതു് അതിൽ ഒരു കൊല്ലം എന്നുള്ളതു് മാററണമെന്നാണ്. ആനുകൂല്യം നൽകാമെന്നു മന്ത്രി ആദ്യം പറയും. പിന്നീടതു് എടുത്തുകളയുകയും ചെയ്യും. അതാണു മന്ത്രിയുടെ രീതി. അതായതു് ഒരാളിനു് വലതു കൈയ്കൊണ്ടു് ദാനം കൊടുക്കുന്ന ആരം തന്നെ അതിനെ ഇടതുകൈയ്കൊണ്ടു തട്ടുന്നതുപോലെയാണ് ഈ ബില്ലിൽ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിട്ടുള്ള മനോഭാവം. ഇതു കാണുമ്പോരം എനിക്ക് നമ്മുടെ നാട്ടിലുള്ള ഒരു പക്ഷിയുടെ സ്വഭാവമാണ് ഓർമ്മ വരുന്നതു്. ആ പക്ഷി പറയുന്നതിനു് നേരെ വിപരീതമായിട്ടാണ് പ്രവർത്തിക്കുന്നതു്. അതു് ഇരുപത്തിനാലു മണിക്കൂറും സാഹസം ചെയ്യരുതു്, സാഹസം ചെയ്യരുതു് എന്നു് വിളിച്ചു പറഞ്ഞുകൊണ്ടിരിക്കും. എന്നാൽ, സിംഹം ആനയെക്കൊന്നു തിന്നതിനു ശേഷം ആ സിംഹത്തിൻെറ പല്ലിൻെറ ഇടയിലുള്ള മാംസം കൊത്തി തിന്നുകയാണ് ഈ കിളിയുടെ പ്രവൃത്തി. അങ്ങനെ സാഹസം ചെയ്യരുതെന്നു് അതു് സദാസമയം പറഞ്ഞുകൊണ്ടിരിക്കുകയും അതിൻെറ പ്രവൃത്തി അതിനു് നേരെ വിപരീതമായിരിക്കുകയും ചെയ്യും.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്</u> : ആ കിളിയുടെ പേരു് എന്താണെന്നു് എന്നു പറയാമോ ?

<u>ശ്രീ. എൻ. ഈ. ബലറാം</u> : ഭൂലിംഗം എന്നാണ്. അതേ രീതിയാണ് ഈ ബില്ലിലും ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിരിക്കുന്നതെന്നു് തോന്നുന്നു. അദ്ദേഹം ആദ്യം എന്തു പറയുന്നുവോ അതിനു് നേരെ വിപരീതമായിട്ടാണ് പിന്നെ പറയുന്നതു്. ശ്രീ. ചാക്കോയെപ്പോലെ വിദ്യാഭ്യാസവും സാമ്പത്തികശേഷിയുമുള്ളവരാണോ നമ്മുടെ നാട്ടിലെ രേഖയില്ലാത്ത കുടിയാന്മാർ ? അല്ല. അങ്ങനെയുള്ള കുടിയാന്മാക്ക് അവർ കൊടുത്തിട്ടുള്ള പാട്ടത്തിനു രസീതു കൊടുക്കാൻ ജന്മിമാർ തയാറായിട്ടില്ല. ഈ വസ്തുത എല്ലാവക്കും അറിയാവുന്നതാണ്. അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി സ്വീകരിക്കരുതെന്നും, ഇതിൽ ശ്രീമതി ഗൗരി കൊണ്ടുവന്നിട്ടുള്ള ഭേദഗതി സ്വീകരിക്കണമെന്നുമാണ് എനിക്ക് പറയുവാനുള്ളതു്.

<u>ശ്രീ. പി. ടി. ചാക്കോ</u> : സർ, ഇതിൽ ഒന്നിനെപ്പററിയും മറുപടി പറയേണ്ട ആവശ്യമില്ല. പഞ്ചായത്തുകളിൽവച്ചു് നീതിപൂർവ്വം റിക്കാർഡ് ഓഫ് റൈററ്സ് ഉണ്ടാക്കാം. സിവിൽക്കോടതിയിലും ക്രിമിനൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

കോടതിയിലും ഒരു അന്യായം കൊടുത്താൽ അതു് ശരിയല്ലെങ്കിൽ ആവശ്യമായ അധികാരം ഇപ്പോഴും തന്നെയുണ്ടു്. ആർ. ഡി. ഓ. മാർക്കു് ഇപ്പോഴും തന്നെ ധാരാളം ജോലിയുണ്ടു്. അതുകൊണ്ടു് അവരെക്കൊണ്ടു് ഇതു് ചെയ്യിക്കുന്നതു് തെററാണു്. ഇപ്പോഴും കൊണ്ടുവന്നിരിക്കുന്ന ഒ ½ ഭേദഗതിയും സ്വീകരിക്കാൻ നിവൃത്തിയില്ല.

Smt. K. R. Gouri : I don't press my amendment.

Amendment No. 378, moved by Smt. K. R. Gouri was, by leave, withdrawn.

Shri T. K. Ramakrishnan : I press my amendment.

Amendment No. 1057 moved by Shri T. K. Ramakrishnan was put and lost.

Amendment No. 1492 moved by Smt. K. R. Gouri, to amendment No. 1482 moved by the hon. Minister, was put and lost.

Shri E. P. Gopalan : Sir, I demand a poll.

A poll was taken when the House divided as follows :

Ayes—25

1 Shri C. Achutha Menon
2 ,, P. C. Adichan
3 ,, P. Balachandra Menon
4 ,, C. K. Balakrishnan
5 ,, N. E. Balaram
6 ,, K. Bhargavan
7 ,, E. P. Gopalan
8 ,, N. Gopala Kurup
9 Smt. K. R. Gouri
10 Shri K. V. John
11 ,, K. Krishnan
12 ,, R. Krishnan
13 ,, K. Krishna Pillai
14 Shri S. Kumaran
15 ,, P. K. Kunjachan
16 ,, P. V. Kunhunni Nayar
17 ,, K. V. Narayanan
18 ,, P. C. Raghavan Nair
19 ,, A. K. Ramankutty
20 ,, T. K. Ramakrishnan
21 ,, P. Ravindran
22 ,, E. M. Sankaran Namboodiripad
23 ,, P. S. Srinivasan
24 ,, R. Sugathan
25 ,, M. M. Sundaram

Noes—49

1 Shri K. C. Abraham
2 ,, M. C. Abraham
3 ,, K. T. Achuthan
4 ,, M. A. Antony
5 ,, P. C. Balakrishnan Nambiar
6 ,, R. Balakrishna Pillai
7 ,, T. O. Bava
8 ,, N. Bhaskaran Nair
9 Dr. K. M. Chacko
10 Shri P. Chacko
11 ,, P. T. Chacko
12 ,, G. Chandrasekhara Pillai
13 ,, K. A. Damodara Menon
14 ,, T. A. Dharmaraja Iyer
15 Shri P. R. Francis
16 ,, P. Gopalan
17 ,, Malethu Gopinatha Pillai
18 ,, M. P. Govindan Nair
19 ,, George Joseph Podipara
20 ,, P. S. Karthikeyan
21 ,, K. G. Karunakara Menon
22 ,, P. R. Krishnan
23 ,, N. S. Krishna Pillai
24 ,, P. Kumaran
25 ,, K. Kunhambu
26 ,, M. Kunjukrishnan Nadar
27 ,, C. Kunhikrishnan Nair

LIBRARY ARCHIVES Kerala Legislative Assembly

28 Shri N. Kunjuraman
29 Smt. Kusumam
30 „ Leela Damodara Menon
31 Shri P. Madhavan
32 „ V. Madura
33 „ M. M. Mathai
34 „ C. A. Mathew
35 „ K. Narayana Kurup
36 „ M. Narayana Kurup
37 „ E. P. Poulose
38 „ A. A. Rahim
39 Shri R. Raghava Menon
40 „ M. Ravindranath
41 „ R. Sankar
42 Smt. O. T. Sarada Krishnan
43 „ K. R. Saraswathi Amma
44 Shri C. M. Stephen
45 „ K. T. Thomas
46 „ T. A. Thomman
47 „ P. P. Ummer Koya
48 „ K. R. Vijayan
49 „ K. K. Viswanathan

Neutrals—10

1 Shri K. Avukadarkutty Naha
2 „ K. Hassan Gani
3 „ Joseph Chazhikhatt
4 „ O. Koran
5 „ M. Krishnan
6 Shri K. Moideenkutty Haji
7 „ Mohsin Bin Ahamed
8 „ P. Narayanan Thampi
9 „ P. K. Narayanan Nambiar
10 „ B. V. Seethi Thangal

Mr. Speaker : For the amendment 25, against the amendment 49 and neutrals 10. The amendment is lost.

Mr. Speaker : Do you press your amendment, Smt. Gouri ?

Smt. K. R. Gouri: Yes Sir, 1493 and 1495.

Amendment No. 1493, moved by Smt. K. R. Gouri, was put and lost.

Amendment No. 1494, moved by Smt. K. R. Gouri, was, by leave, withdrawn.

Amendment No. 1495, moved by Smt. K. R. Gouri, was put and lost.

Shri N. E. Balaram : Sir, I press my amendment No. 1497.

Amendment No. 1497, moved by Shri N. E. Balaram, was put and lost.

Amendment No. 1482, moved by the hon. Minister was put and carried, namely:—

New Clause after Clause 28

After clause 28, the following clause shall be inserted namely:—

"28*A*. *Preparation of record of rights*.—(1) Any cultivating tenant may, at any time within one year from the commencement of this Act, apply to the Land Tribunal for the preparation of a record of rights in respect of his holding. The Land Tribunal shall admit such application if it is *prima facie* satisfied that the application has been made *bona fide*.

(2) Notwithstanding anything contained in sub-section (1), the Government may *suo motu* direct the Land Tribunal for the preparation of a record of rights in respect of any holding.

LIBRARY ARCHIVES Kerala Legislative Assembly

(3) where an application for the preparation of a record of rights is admitted or when directed by the Government to prepare such record, the Land Tribunal shall direct the Revenue Divisional Officer having jurisdiction over the area in which the holding is situate to prepare a record of rights in respect of the holding.

(4) The record of rights shall be prepared in such manner as may be prescribed, after giving an opportunity to the landlord and all other interested persons to be heard. The record of rights shall contain:—

(a) the description and extent of the holding;

(b) the name and address of the owner;

(c) the nature of the applicant's interest in the holding;

(d) the names and addresses of the intermediaries in respect of the holding and the nature of the interest of each of such intermediaries so far as is known to the applicant; and

(e) such other particulars as may be prescribed.

(5) The Revenue Divisional Officer shall, for the purposes of proceedings under this section, have all the powers of a civil court while trying a suit under the Code of Civil Procedure, 1908, in respect of the following matters, namely:—

(a) summoning and enforcing the attendance of any person and examining him on oath;

(b) requiring the discovery and production of any document;

(c) receiving evidence on affidavit; and

(d) issuing commissions for the examination of witnesses or for local investigation.

(6) The record of rights prepared under this section shall be admissible in evidence before any Court or Tribunal.

(7) When an application for the preparation of a record of rights in respect of a holding is admitted, no application under Section 30 for determination of fair rent in respect of that holding shall be disposed of till the record of rights is prepared under this Section."

The New Clause after clause 28 was added to the Bill.

Clause 29

Mr. Speaker: Amendment Nos. 1075 and 1077 may be moved by the Minister.

Shri P. T. Chacko: I do not move.

Mr. Speaker: The following amendments may be moved.

Amendment No. 623 by Shri P. C. Raghavan Nair;

Amendment Nos. 1210 and 1496 by Smt. K. R. Gouri;

Amendment No. 1477 by Shri C. Achutha Menon; and

LIBRARY ARCHIVES Kerala Legislative Assembly

Amendment No. 1483 by Shri V. R. Krishna Iyer. Shri V. R. Krishna Iyer is not in his seat. So others may move their respective amendments.

Shri P. C. Raghavan Nair: Sir, I move:

623. "In clause 29, add a new proviso as follows:

Provided that the cultivating tenant or his holding shall not be liable for any arrears of rent if he has paid the rent payable to his immediate landlord or the intermediary."

Smt. K. R. Gouri: Sir, I move amendment Nos. 1210 and 1496.

1210. Redraft clause 29 as follows:

"Where in respect of a holding there are intermediaries at the commencement of this Act, the rent payable by the intermediaries to his immediate landlord shall be reduced in proportion to the reduction in the rent payable to him by the tenant immediately under him on account of the determination of rent payable under Sections 27 and 31."

1496. In clause 29 add a new Explanation after the clause:

"*Explanation.*—Where in respect of any holding there is a landowner and the landowner is a kanam tenant liable to pay jenmikaram according to the provisions in the Jenmikudian Act 1071 or the Kanom Tenancy Act, 1955 and the rent that landowner was getting is liable to be reduced by the fixation of fair rent under this Act, that landowner will be considered as an intermediary and jenmikaram he is paying will be proportionately reduced in spite of the provisions in the Jenmikudian Act of 1071 or Kanam Tenancy Act 1955."

Shri C. Achutha Menon: Sir I move:

1477. Rewrite clause 29 as follows;

"Where in respect of a holding there is an intermediary or kanom tenant liable to pay 'jenmikaram' under the Kanom Tenancy Act of 1955 at the commencement of this Act and as a result of the determination of the fair rent there has been a reduction or increase in the rent payable by the cultivating tenant the rent or jenmikaram payable by the intermediary or kanom tenant shall, notwithstanding anything contained in the same proportion as the rent to which he was entitled was reduced or increased"

ശ്രീ. പി. സി. രാഘവൻ നായർ: മദ്ധ്യവർത്തിക്കു് നടപ്പുകുടിയാനിൽ നിന്നു കിട്ടേണ്ടുന്ന പാട്ടം മുഴുവനും കിട്ടിക്കഴിയുകയും, മദ്ധ്യ
9 a. m.] വർത്തി ജന്മിക്കു കൊടുക്കേണ്ടുന്ന പാട്ടം കൊടുക്കാതിരിക്കുകയും ചെയ്യുന്ന സംഗതികളിൽ പാട്ടബാക്കി വരുന്ന സംഖ്യയ്ക്കു നടപ്പുകുടിയാന്റെ അവകാശം ബാദ്ധ്യതപ്പെടാൻ പാടില്ലെന്നാണു് എന്റെ ഭേദഗതി. പാട്ടം കൊടുക്കേണ്ടതായ ബാദ്ധ്യതയെ സംബന്ധിച്ചിടത്തോളം വർദ്ധിച്ചോ കുറഞ്ഞോ വരികയാണെങ്കിൽ അതിന്റെ തോതനുസരിച്ചു് മദ്ധ്യവർത്തിക്കും വർദ്ധിച്ചോ കുറഞ്ഞോ വരുമെന്നു് ഈ വകുപ്പിൽ പറയുന്നു. പക്ഷേ നടപ്പു കുടിയാൻ പാട്ടബാക്കിയൊന്നും കൊടുക്കാനില്ലാത്ത പരിതഃസ്ഥിതിയിൽ മദ്ധ്യവർത്തി ജന്മിക്കു പാട്ടബാക്കി വയ്ക്കുന്നുണ്ടെങ്കിൽ അതിനു് നടപ്പുകുടിയാന്റെ അവകാശം വിററു പോകുന്ന വ്യവസ്ഥ ഇന്നു നിലവിലുണ്ടു്. ഉദാഹരണമായി പറയുകയാണെങ്കിൽ ഒരു ജന്മി 10 രൂപയും 40 പറ നെല്ലും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

പാട്ടം കിട്ടത്തക്കവിധം ഒരു മദ്ധ്യവർത്തിക്കു് ഭൂമി ചാർത്തിക്കൊടുക്കുന്നു. മദ്ധ്യവർത്തിയുടെ കീഴിൽ അതു നാലു കുടിയാന്മാർക്കായി വിഭജിച്ചുകൊടുക്കുന്നു. രണ്ടു കുടിയാൻ നെല്ലു പാട്ടം കൊടുക്കേണ്ടി വരുമെന്നും രണ്ടു കുടിയാൻ പണം പാട്ടം കൊടുക്കേണ്ടിവരുമെന്നും ഇരിക്കട്ടെ. ഈ നാലു കുടിയാന്മാരിൽനിന്നും മദ്ധ്യവർത്തിക്കുകിട്ടേണ്ടതായ പാട്ടംമുഴുവനും തീർത്തു കിട്ടിയിട്ടുണ്ടെന്നുമിരിക്കട്ടെ. മദ്ധ്യവർത്തി അയാളുടെ നേരേ മുകളിലുള്ള ജന്മിക്കു് പാട്ടം മുഴുവനും കൊടുക്കുന്നില്ല. ജന്മിക്കു യഥാർത്ഥത്തിൽ പാട്ടബാക്കി കിട്ടാനുണ്ടു്. അതു് മദ്ധ്യവർത്തിയിൽനിന്നാണു് കിട്ടാനുള്ളതു്. നടപ്പുകുടിയാന്മാർ ആരും പാട്ടബാക്കിയൊന്നും കൊടുക്കാനില്ല. ഈ പരിതഃസ്ഥിതിയിൽ പാട്ടബാക്കിക്കു് ജന്മി കേസു് കൊടുക്കുകയാണെങ്കിൽ ഈ മദ്ധ്യവർത്തിയേയും നാലു നടപ്പുകുടിയാന്മാരേയും കക്ഷി ചേർത്താണു് അന്യായം കൊടുക്കുന്നതു്. അന്യായത്തിൽ അഞ്ചുപേരും സാക്ഷി പറയുന്നു. നടപ്പു കുടിയാന്മാർ പറയുന്നതു് പാട്ടമെല്ലാം മദ്ധ്യവർത്തിക്കു് കൊടുത്തു കഴിഞ്ഞു, ബാക്കിയൊന്നുമില്ലെന്നാണു്. പക്ഷേ അതുകൊണ്ടു് അയാൾക്കു രക്ഷപ്പെടാൻ സാധിക്കുന്നില്ല. മദ്ധ്യവർത്തിയാണെങ്കിൽ അയാൾക്കു കിട്ടാനുള്ള പാട്ടമെല്ലാം കിട്ടിക്കഴിഞ്ഞു, അയാൾ അനങ്ങുന്നതേയില്ല. കോടതിയിൽനിന്നു കേസ്സിനു് വിധി പറയുമ്പോൾ നടപ്പുകുടിയാന്റെ അവകാശങ്ങളെല്ലാം വിററുപോകുന്ന ഒരവസ്ഥയാണു് വന്നുചേരുന്നതു്. ഇത്തരം കേസ്സുകളെ സംബന്ധിച്ചിടത്തോളം നടപ്പുകുടിയാന്മാരായ ആളുകൾ അവരുടെ മദ്ധ്യവർത്തിക്കു് പാട്ടബാക്കി കൊടുത്തു തീർത്തിട്ടുണ്ടെങ്കിൽ അവരുടെ കൈവശാവകാശങ്ങളൊന്നുംതന്നെ ഇതുപോലുള്ള പാട്ടബാക്കികളുടെ പേരിൽ ഒഴിപ്പിക്കാനോ വിൽപ്പിക്കാനോ പാടില്ല. അതിനു് അവർ ബാദ്ധ്യസ്ഥരാകാൻ പാടില്ല. അതനുസരിച്ചുള്ളതാണു് എന്റെ ഭേദഗതി. എത്രയോ നടപ്പുകുടിയാന്മാർ, പാട്ടബാക്കി കൊടുക്കാനില്ലാത്ത കുടിയാന്മാർ, മദ്ധ്യവർത്തികൾ പാട്ടമെല്ലാം വാങ്ങിക്കൊണ്ടു് സുഖമായി ജീവിക്കുകയും, ജന്മികൾക്കു് പാട്ടം കൊടുക്കാതിരിക്കുകയും ചെയ്യുന്ന കേസ്സുകളിൽ നടപ്പുകുടിയാന്മാരുടെ അവകാശം വിററുപോകാൻ ഇടയുണ്ടു്. ആ തരം നടപ്പുകുടിയാന്മാർക്കു് സംരക്ഷണം കിട്ടുന്നതിനുവേണ്ടിയാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. ബഹുമാനപ്പെട്ട മന്ത്രി അതു സ്വീകരിച്ചു് നടപ്പുകുടിയാന്മാരായ ആളുകൾക്കു് സംരക്ഷണം കൊടുക്കുന്നതിനുവേണ്ട വ്യവസ്ഥ ചെയ്യണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ എന്റെ ഭേദഗതി സ്വീകരിക്കണമെന്നു് ആവശ്യപ്പെടുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഈ ഭേദഗതിയെപ്പററി സംസാരിക്കുമ്പോൾ ഞാൻ, അവതരിപ്പിക്കാത്ത ഒരു ഭേദഗതിയെ സംബന്ധിച്ചുകൂടി പറയുന്നതിൽ മന്ത്രി പ്രത്യേകമായി പരിഭവിച്ചിട്ടു കാര്യമില്ല. നിയമസഭയുടെ മുമ്പിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നു് 1075--ാം നമ്പർ ഭേദഗതി ടേബിൾ ചെയ്തിരുന്നു. പക്ഷേ മന്ത്രി അതു മൂവു് ചെയ്തില്ല. അതിൽ പറഞ്ഞിരിക്കുന്നതു്,

'In clause 29, the words 'or increased' in both the places where they occur, shall be omitted.' എന്നാണു്. Clause 29 ഞാൻ വായിക്കാം. 'Where in respect of a holding there is an intermediary at the commencement of this Act and as a result of the determination of the fair rent there has been a reduction or increase in the rent payable by the cultivating tenant, the rent payable by the intermediary to his landlord shall be reduced or increased in the same proporation as the rent to which he was entitled was reduced or increased.' എന്നാണു്.

ഈ വകുപ്പിൽ "increased" എന്നുള്ള വാക്കു് എടുത്തുകളയണമെന്നുള്ളതാണു് മന്ത്രി table ചെയ്ത ഭേദഗതി. ഇവിടെ ആ ഭേദഗതി ടേബിൾ ചെയ്തുവെങ്കിലും അദ്ദേഹം അതു് അവതരിപ്പിച്ചില്ല. ആ പാട്ടം കൂട്ടുന്നതിനുള്ള വ്യവസ്ഥ മുഴുവൻ മാററുന്നതാണു് എന്നു ബഹുമാനപ്പെട്ട മന്ത്രി മുൻപു് ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയ്ക്കു് വാഗ്ദാനം തന്നിരുന്നതിന്റെ അടിസ്ഥാനത്തിൽ Table ചെയ്ത ഭേദഗതിയാണു് ഇതു്. പക്ഷേ ആ വാഗ്ദാനമനുസരിച്ചു് മന്ത്രി പാട്ടം വർദ്ധിപ്പിക്കുന്ന വകുപ്പുകൾ മുഴുവൻ എടുത്തുകളഞ്ഞില്ല. ഇന്നലെ, ചെറുകിടക്കാരന്റെ പേരു പറഞ്ഞായാലും, മലനാട്ടു കൃഷിക്കാരന്റെ പേരു പറഞ്ഞായാലും, റെന്റു് വർദ്ധിപ്പിക്കാനുള്ള ഒരു പ്രൊവിഷൻ ഇവിടെ പാസ്സാക്കിക്കഴിഞ്ഞു. 'Whichever is less' എന്നുള്ളതല്ല പാസാക്കിയതു്. അതിനാലാണു് ഈ ഭേദഗതി അവതരിപ്പിക്കാതിരുന്നതു്. ഈ സഭ അംഗീകരിച്ച fair rent, Malabar Tenancy നിയമപ്രകാരം contract rent നേക്കാൾ കൂടിയ rent ആണെങ്കിൽ അതു് നൽകാമെന്നുള്ള ഒരു പ്രൊവിഷൻ അംഗീകരിച്ചതുകൊണ്ടു് ആ ഭേദഗതി അവതരിപ്പിച്ചിട്ടില്ല. ഒരിക്കൽ പാട്ടം കൂട്ടുന്നതല്ല എന്നു് നിയമസഭയ്ക്കു് ഉറപ്പു തരികയും പിന്നീടു് അതിനിടക്കു് ജന്മികളുടെ ഭാഗത്തുനിന്നു് ഉണ്ടായ സമ്മർദ്ദങ്ങൾക്കു് കീഴ്‌വഴങ്ങി ആ വാഗ്ദാനത്തിൽനിന്നു് പുറകോട്ടു പോരുകയുമാണു് എന്ന ആരോപണം ഞാൻ വയ്ക്കുകയാണു്. നിയമസഭയിൽ റെന്റു് കൂട്ടുന്നതിനു് നിയമം പാസ്സാക്കിക്കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു് എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നില്ല. കാരണം പാട്ടം കൂട്ടുന്ന അവസരത്തിൽ ഇടത്തട്ടുകാരനു് കിട്ടുന്ന പാട്ടം കൂടുകയും, കുറയുന്ന സമയത്തു് കുറയുകയും ചെയ്യും. ആ സ്ഥിതിക്കു് ഈ വകുപ്പു് ഇതുപോലെ തന്നെയിരിക്കേണ്ടതാണു്. contradiction നും ബുദ്ധിമുട്ടും ഇടത്തട്ടുകാരനെ കൂടുതലായി ബാധിക്കാൻ അല്ലെങ്കിൽ ഇടയാവുന്നതാണു്. ഏതായാലും ഇടയ്ക്കൊന്നു പറയുക, പിന്നീടു് പിൻവലിയുക ഇതാണു് ഇവിടെ നടക്കുന്നതു്. ഞാൻ ഇന്നലെ പറഞ്ഞ ഭൂതാവേശം ഉണ്ടായിരുന്നതു് തടയുന്നതിനു് ഏതു മന്ത്രവാദി ശ്രമിച്ചാലും അതു മാറുകയില്ല. ഇവിടെ ഇതെല്ലാം ജന്മിമാരുടെ ഇൻട്രസ്റ്റനുസരിച്ചേ നടക്കുകയുള്ളു. കാർഷികബന്ധബില്ലിനെ കൊല്ലാൻ നിൽക്കുന്ന മാന്ത്രികന്റെ ശരീരത്തിലെ ഭൂതം ശരിയായി മന്ത്രിയുടെ ശരീരത്തിൽ കയറിയിരിക്കുകയാണു്. അതു മാററാൻ ആരു വിചാരിച്ചാലും സാധിക്കുകയില്ല. ഞാൻ കൂടുതലായി അതിനെപ്പററി പറയുന്നില്ല. അതുകൊണ്ടു് ഭേദഗതി ഞാൻ പ്രസ്സു ചെയ്യുന്നില്ല. സംസാരിച്ചു എന്നേയുള്ളു.

സർ, രണ്ടാമത്തെ ഭേദഗതിയെ സംബന്ധിച്ചു പറയുമ്പോൾ ഈ അവസരത്തിൽ കാർഷികപരിഷ്കരണനിയമം പാസ്സാക്കിക്കഴിഞ്ഞിട്ടു് ഇതെങ്കിലും 9-ാം ഷെഡ്യൂളിൽപ്പെടുത്തുമെന്നുള്ള ഒരു ധാരണ ഇന്നു പൊതുജനങ്ങളുടെ മ[illegible]ിലുണ്ടു്. ഒൻപതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയാൽ കാൺസ്റ്റിററ്യൂഷന്റെ വാലിഡിററിയെ ചോദ്യം ചെയ്യുന്നതിൽനിന്നു് ഈ നിയമം രക്ഷപ്പെടും. Constitutional Validity-യുടെ ആഘാതമേററ വേറെയും പല നിയമങ്ങൾ ഇവിടെയുണ്ടു്. ജന്മിക്കരം അബോളിഷൻ നിയമം അതിലൊന്നാണു്. 1071-ലെ ജന്മികുടിയാൻ നിയമം പാസ്സാക്കിക്കഴിഞ്ഞതിനുശേഷം 1108-ലാണു് ജന്മിക്കരം സെററിൽ ചെയ്തതു്. 1957-ൽ ഈ ജന്മിക്കരം നിറുത്തൽ ചെയ്യുന്നതിനുള്ള ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. ആ ബിൽ കാർഷികബന്ധനിയമം പാസ്സാക്കുന്നതിനു മുമ്പുതന്നെ ഇവിടെനിന്നു പാസ്സാക്കി അയച്ചു. അതു കഴിഞ്ഞതിനുശേഷം കാർഷികബന്ധനിയമത്തോടൊപ്പം തന്നെ പ്രസിഡന്റു് ആ നിയമം തിരിയെ അയച്ചു. ദേവസ്വങ്ങളുടേയും പ്രതിഫലസംഖ്യ വർദ്ധിപ്പിച്ചുകൊണ്ടു് അതിനു ഭേദഗതി ആവശ്യമാണെന്നു പ്രസിഡന്റു് ആവശ്യപ്പെട്ടു. ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം ഭേദഗതി നമ്മുടെ നിയമസഭ അംഗീകരിച്ചു. അതു് പാസ്സാക്കിയതും ഈ നിയമസഭയാണു്. കഴിഞ്ഞ നിയമസഭയല്ല. പാസ്സാക്കിക്കഴിഞ്ഞതിനുശേഷം അതു നടപ്പിൽ വന്നപ്പോൾ ആ നിയമം ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. ദേവസ്വങ്ങളെ സംബന്ധിച്ചത്രയും ആ നിയമം ഇന്നു് അസാധുവാണു്. ആ നിയമം ഇന്നു പ്രയോഗിക്കാൻ നിവൃത്തിയില്ലാതെ കിടക്കുകയാണു്. ഗവണ്മെന്റു് ഇന്നോളം അപ്പീൽ കൊടുത്തിട്ടില്ല അപ്പീലിനു് കാലാവധി ഉണ്ടോ എന്നു ചോദിച്ചാൽ വേണമെങ്കിൽ കാലാവധി ഉണ്ടെന്നു പറയും. ഞങ്ങൾക്കു് ആർഡറിന്റേയോ ജഡ്ജ്മെന്റിന്റേയോ കാപ്പി കിട്ടിയില്ലെന്നു പറയും. ആ നിയമം അപ്രായോഗികമായി അസാധുവാണെന്നു പ്രഖ്യാപിച്ചു കഴിഞ്ഞതിനുശേഷം യാതൊരു നടപടിയും എടുത്തിട്ടില്ല. ജന്മിക്കരം അബോളിഷൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

നിയമത്തിലും അതിൽ പറയുന്ന ഭൂമികളെല്ലാം ഭൂമിയല്ല, ദേവസ്വം ഭൂമികളുണ്ടെന്നാണ് പറയുന്നത്. തിരുവിതാംകൂർഭാഗത്തുള്ള ദേവസ്വം ഭൂമികളും ബ്രഹ്മസ്വം ഭൂമികളും മാത്രമാണ് അതിൽ ഉൾപ്പെടുന്നത്. ആ ഭൂമിയിൽ ഏകദേശം 80 ശതമാനം ദേവസ്വം ഭൂമികളാണ്. ആ ദേവസ്വം ഭൂമികളെ, 80 ശതമാനത്തെ, ഇന്ന് ആ നിയമം ബാധിക്കാതെവന്നിരിക്കുകയാണ്. ആ നിയമം അസാധുവാണെന്നു വന്നുകഴിഞ്ഞതിനുശേഷം ആ നിയമത്തിനു സാധുത ഹൈക്കോടതിയിലും മററു കോടതികളിലും ഇനിയും പോകാതിരിക്കാൻവേണ്ടി ആ നിയമത്തിലെ വകുപ്പുകളും വച്ചുകൊണ്ട് ജന്മിക്കരം നിറുത്തൽ ചെയ്യുന്നതിനുള്ള നിയമംകൂടി നമ്മൾ ഈ നിയമത്തിൽ ചേർത്ത് ഒൻപതാംഷെഡ്യൂളിൽ ഉൾപ്പെടുത്തിയാൽ Constitutional protection കിട്ടും. ക്ലാസ് (2) നാം പാസ്സാക്കിക്കഴിഞ്ഞപ്പോൾ, ക്ലാസ് (2)—ൽ ലാൻഡ് ഓണേഴ്സ് ആരാണെന്നുള്ള ഡഫിനിഷൻ അംഗീകരിച്ചതിനുശേഷം ജന്മികുടിയാൻ റഗുലേഷനിൽ പറയുന്ന കാണം ടെനൻറും, 1955-ലെ കൊച്ചിയിൽ ബാധിക്കുന്ന മുഴുവൻ കാണക്കുടിയാന്മാരെയും ഈ നിയമത്തിൽനിന്നു പുറത്തു നിറുത്തി ലാൻഡ് ഓണേഴ്സായി വ്യാഖ്യാനം കൊടുത്തിരിക്കുകയാണ്. അവരെ കുടിയാനായി അംഗീകരിച്ചിട്ടില്ല. ലാൻഡ് ഓണേഴ്സായി അംഗീകരിച്ചിരിക്കുകയാണ്. ഇതു പറയുമ്പോൾ കാർഷികബന്ധനിയമത്തിലും ഇങ്ങനെയാണു ചെയ്തിരുന്നതെന്നു പറയും. കാർഷികബന്ധനിയമം അവതരിപ്പിച്ചപ്പോൾത്തന്നെ ജന്മിക്കരം നിറുത്തലാക്കുന്ന നിയമം പാസ്സായിക്കഴിഞ്ഞിരുന്നു. കൊച്ചിയിലെ കാണം ടെനൻസി ആക്ററിൽ ജന്മിക്കരം സെററിൽ ചെയ്തിട്ടില്ലായിരുന്നു. ആ നിയമത്തെ സംബന്ധിച്ച് ഇന്നോളം ആത്മാർത്ഥതയോടുകൂടി അപ്പീൽ കൊടുക്കുന്നതിനേക്കാൾ പരമപ്രധാനമായിട്ടുള്ളത് ആ നിയമം ഒൻപതാം ഷെഡ്യൂളിൽപ്പെടുത്തുന്നതായിരുന്നു. അല്ലെങ്കിൽ ആ നിയമത്തിൽ വരുന്ന കാണം ടെനൻസികളെ സംബന്ധിച്ച് അവർക്കു കിട്ടേണ്ടതായ പ്രൊട്ടക്ഷൻ ഈ നിയമത്തിൽ ചേർക്കേണ്ടതായിരുന്നു. ഇതു രണ്ടും ചെയ്യാതെ അവരെ ഇവിടെ ലാൻഡ് ഓണറായി അംഗീകരിച്ചിരിക്കുന്നു. ഏതായാലും ഞാൻ ക്ലാസ് (29)—ന് ഒരു എക്സ്പ്ലനേഷനായിട്ടാണ് ഭേദഗതി കൊടുത്തിരിക്കുന്നത്.

'In clause 29 add a new Explanation after the Clause :

"*Explanation* : Where in respect of any holding there is a landowner and that landowner is a kanom tenant liable to pay Jenmikaram according to the provisions in the Jenmikudian Act 1071 or the Kanom Tenancy Act 1955, and the rent that landowner was getting is liable to be reduced by the fixation of the fair rent under this Act, that landowner will be considered as an intermediary and jenmikaram he is paying will be proportionately reduced in spite of the provisions in the Jenmikudian Act of 1071 or Kanom Tenancy Act 1956."

ലാൻഡ് ഓണർ എന്നു ചേർക്കാൻ കാരണം പുറകേ പറയാം.

" 'Owner' means a person entitled to the absolute proprietorship of land and includes—

(b) a kudiyan as defined in the Travancore Jenmi and Kudiyan Act of 1071 and a kanom tenant as defined in the Kanom Tenancy Act, 1955, but does not include a jenmi as defined in the said Acts"

ഞാൻ ഇതിൽ ലാൻറ് ഓണറായിട്ടാണ് പറഞ്ഞിരിക്കുന്നത്. കാരണം ക്ലാസ് 2-ൽ ഓണർ എന്നാണ്. അതും വലിയ ബുദ്ധിമുട്ടാണ്. "owner" means a person entitled to the absolute proprietorship of land includes land owner പാട്ടം increase ചെയ്യുന്നതു പോലെ കൂട്ടാനോ കുറയ്ക്കാനോ ഒക്കുകയില്ല. Intermediary ക്കേ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

"(a) a kudiyan as defined in the Travancore Jenmi and Kudiyan Act of 1071 and a Kanam tenant as defined in the Kanam Tenancy Act, 1955, but does not include a Jenmi as defined in the said Acts" അപ്പോൾ നിങ്ങൾ കൊടുത്തിരിക്കുന്നതായ വ്യാഖ്യാനമനുസരിച്ച് ഈ കാണം ടെനൻറിനെ ലാൻറ് ഓണറായിട്ടാണ് അംഗീകരിച്ചിരിക്കുന്നത്. ഞാൻ അതിന് എക്സ്പ്ലനേഷനായിട്ട് ഈ ക്ലാസിനെ സംബന്ധിച്ച് "proportionate reduction in rent" എന്നു വരുമ്പോൾ ലാൻറ് ഓണറിനെ ഒരു ഇൻറർ മീഡിയറിയായിട്ടംഗീകരിച്ചുകൊണ്ട് കുടിയാനുള്ള അവകാശം മററു രണ്ടു നിയമത്തിൽ എന്തു പറഞ്ഞാലും കിട്ടാൻ അർഹതയുണ്ട് എന്നു ചേർക്കണമെന്നാണ്. ഏതായാലും സെററിൽ ചെയ്ത കരം എവിഡൻസോ ബാക്കിയുള്ളതോ ഒന്നും കൊടുക്കാതെയല്ല സെററിൽ ചെയ്തത്. ജന്മിക്കരം സെററിൽ ചെയ്തതിനു പുറമേ കസ്റ്റമറി ഡ്യൂസ്, ഒപ്പുകാണം, റന്യുവൽഫീസ്, മിച്ചവാരം ഇതൊക്കെ കൂട്ടിച്ചേർത്തിട്ട് അതു കൺസോളിഡേററു ചെയ്യുന്നതാണ് ജന്മിക്കരം. ആ ജന്മിക്കരത്തിന് ഈ മന്ത്രിസഭ വന്നുകഴിഞ്ഞതിനുശേഷം ഒരു റിവിഷൻകൂടെ നടത്തിയിട്ടുണ്ട്. 1071-ാം മാണ്ടിൽ കാണം ടെനൻസി നിയമം നടപ്പിൽ വന്നപ്പോഴും 1108-ൽ ജന്മിക്കരം സെററിൽ ചെയ്ത കാലത്തും നെല്ലിന് അന്നുണ്ടായിരുന്ന വില പറയ്ക്ക് 4 അണയും 4 ചക്രവും ആണ്. 1108-ൽ സെററിൽ ചെയ്തത് ഈ വിധത്തിലായിരുന്നു. അത് 20 കൊല്ലം കഴിയുമ്പോൾ റിവൈസ് ചെയ്യാം, നടപടികളെടുക്കാം എന്നൊരു വകുപ്പ് എഴുതിയിരുന്നു. 1108-നു ശേഷം 1137-വരെ 30 കൊല്ലക്കാലം ആ കരം പിന്നീട് റിവൈസ് ചെയ്തിട്ടില്ല. കാരണം അതു കഴിഞ്ഞതിനുശേഷം അതു റിവൈസ് ചെയ്തിട്ടില്ല. കഴിഞ്ഞകൊല്ലം ഈ മന്ത്രിസഭ വന്നുകഴിഞ്ഞതിനുശേഷം അതു റിവൈസ് ചെയ്തു. നെല്ലിനു വില കൂട്ടി. 4 അണയും 4 ചക്രവുമായി ജന്മി സെററിൽ ചെയ്തിരുന്നത് ഒന്നേകാലുറുപ്പികയും ഒന്നര ഉറുപ്പികയും ആക്കിയിട്ടുണ്ട്. സാധനങ്ങളുടെയെല്ലാം വിലകൂടിയിട്ടുണ്ട്. അങ്ങനെ കാണം ടെനൻറിനു പാട്ടം കൂട്ടി. അതു കഴിഞ്ഞതിനുശേഷം അവർക്കു കിട്ടുന്ന പാട്ടവും കൂടി കുറവു ചെയ്യുകയാണെങ്കിൽ അവരുടെ കൈയ്യിൽനിന്നു ജന്മിക്ക് ജന്മിക്കരം കൊടുക്കേണ്ടിവരും. ആ സ്ഥിതി ഒഴിവാക്കുന്നതിനു വേണ്ടിയാണ് എൻെറ ഭേദഗതി. അതുകൊണ്ടാണ് ഞാനിത്ര ദീർഘമായി സംസാരിച്ച് ഈ വസ്തുത മനസ്സിലാക്കാൻ ശ്രമിച്ചത്. ഏതായാലും ഈ വിഭാഗത്തെ സംബന്ധിച്ച് കിട്ടുന്നതായിട്ടുള്ള ആദായത്തിൽ നിന്ന് പാട്ടം ജന്മിക്കു കൊടുക്കുന്നതിനു തികയാതെ വരുകയാണെങ്കിൽ അവരുടെ കൈയ്യിൽ നിന്ന് പാട്ടം കൊടുക്കേണ്ട ദുരവസ്ഥ ഉണ്ടാകരുത്. കൊച്ചിയിലെ കാണമായാലും ഇതുപോലെ തന്നെയാണ്. അവർക്കും ഈ സ്ഥിതിവരരുത്. കാണ ഭൂമികളെ സംബന്ധിച്ച് ഇന്നലെ ശ്രീ. നാരായണക്കുറുപ്പ് വളരെ ദീർഘമായി സംസാരിച്ചു. ഏതായാലും അല്പ ഭൂമി കൈവശമുള്ള ആൾക്കാർക്ക് അവരുടെ കൈയ്യിൽ നിന്ന് കാശുകൊടുക്കുന്ന ബുദ്ധിമുട്ടൊഴിവാക്കാൻ ഈ ഭേദഗതി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സി. അച്യുതമേനോൻ: സർ, 1477-ാമത്തെ ഭേദഗതി ഞാൻ ഇവിടെ അവതരിപ്പിച്ചുകഴിഞ്ഞു. ഈ 29-ാം വകുപ്പിൽ ഒരു ഭൂമിയിൽ ജന്മിയും ഒന്നോ അതിലധികമോ മദ്ധ്യവർത്തികളും അതിൻെറ കീഴിൽ കൃഷിനടത്തുന്ന കുടിയാനുമുണ്ടെങ്കിൽ പാട്ടം കൊടുക്കുന്നത് എങ്ങനെ വീതിച്ചെടുക്കണം, മദ്ധ്യവർത്തിയും ജന്മിയും തമ്മിൽ ഓരോരുത്തരും അവർക്കു മീതെയുള്ള ജന്മിക്ക് എന്താണ് കൊടുക്കേണ്ടത് എന്നു തിട്ടപ്പെടുത്തുന്നതാണ്. ഇതിൽ ഒരപാകടം 29-ാം വകുപ്പുപ്രകാരം വന്നു ചേരുന്നു എന്നാണ് എൻെറ അഭിപ്രായം. അതാണ് അതു മാററണമെന്നു പറയാൻ കാരണം. 29-ാം വകുപ്പിൽ പറയുന്നത് മര്യാദപ്പാട്ടം നിശ്ചയിക്കുമ്പോൾ യഥാർത്ഥത്തിൽ കൃഷി നടത്തുന്ന കുടിയാൻ ആരാണെന്നു വച്ചാൽ അയാൾ, അയാളുടെ മീതെയുള്ള ജന്മിക്കു കൊടുക്കേണ്ട പാട്ടം നിജപ്പെടുത്തിക്കിട്ടണം. അപ്പോൾ അതിൻെറ ഫലമായിട്ട് മദ്ധ്യവർത്തിക്കു കിട്ടിക്കൊണ്ടിരിക്കുന്ന ആദായം കുറയുമെങ്കിൽ അയാൾക്കു മീതെയുള്ള ജന്മിക്കു കൊടുക്കേണ്ട പാട്ടവും കുറഞ്ഞുകിട്ടണമെന്നുള്ളതാണ് ന്യായം. കാർഷിക ബന്ധപരിഷ്ക്കരണത്തിനു വേണ്ടി നിയമനിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

ചെയ്യുന്ന അവസരത്തിൽ പ്രധാനമായി കൃഷി ആരു ചെയ്യുന്നുവോ അയാൾക്കു കൂടുതൽ അനുകൂലമായിട്ടുള്ള വ്യവസ്ഥകളാണ് ഉണ്ടാക്കേണ്ടതു്. അപ്പോൾ കൃഷി നടത്തുന്ന കുടിയാനെ സംബന്ധിച്ചിടത്തോളം അയാൾ കൊടുക്കേണ്ട പാട്ടം മര്യാദപ്പാട്ടമാണെന്നു നിശ്ചയിച്ചു കഴിഞ്ഞു. പിന്നീടു മദ്ധ്യവർത്തിയും അതിന്റെ മീതെ ജന്മിയുമുണ്ടെങ്കിൽ അവരെ സംബന്ധിച്ചിടത്തോളവും അവർ തമ്മിലുള്ള ബന്ധത്തിനു്, നിയമത്തിൽ ന്യായമായ ക്രമീകരണം വരുത്തേണ്ടതു് ആവശ്യമാണ്. ആ നിലയ്ക്കാണു 29-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു്. പക്ഷേ ഇതു വരുന്ന അവസരത്തിൽ ലാൻറു് ഓണർ (ഭൂഉടമ) എന്നതിന്റെ നിർവ്വചനം വായിച്ചു നോക്കുന്ന അവസരത്തിൽ ഞാൻ എന്റെ ഭേദഗതിയിൽ പറയുന്ന വിധത്തിലുള്ള, 1955—ലെ കാണം ടെനൻസി ആക്ററുപ്രകാരം ജന്മിക്കരം കൊടുക്കുന്ന കാണക്കുടിയാന്മാർക്കു് വാസ്തവത്തിൽ വല്ലാത്ത ബുദ്ധിമുട്ടു് വന്നുചേരാനിടയുണ്ടു്. അതൊഴിവാക്കണമെന്നാണു് ഞാൻ നിർദ്ദേശിക്കുന്നതു്. ലാൻറു് ഓണർ (ഭൂവുടമ) എന്നുള്ളതിന്റെ നിർവ്വചനത്തിൽ സെലക്റ്റ് കമ്മിററിതന്നെ ചില ഭാഗങ്ങൾ എടുത്തുകളയുകയുണ്ടായി. അതെടുത്തുകളയാൻ കാരണമെന്താണെന്നതിനെ സംബന്ധിച്ചു് എനിക്കറിഞ്ഞുകൂടാ. പക്ഷേ അതുകൊണ്ടു പ്രയോജനമുണ്ടായിട്ടില്ല. 2-ാംവകുപ്പു 40—ാം ഉപവകുപ്പിൽ 'ഓണർ' എന്നുള്ളതിന്റെ നിർവചനം "a kudiyan as defined in the Travancore Jenmi and Kudiyan Act of 1071 and a kanam tenant as defined in the Kanam Tenancy Act, 1955 എന്നിവ ഉൾപ്പെടുമെന്നു പറയുന്നു. 1955-ലെ കാണം ടെനൻസി ആക്ററുപ്രകാരം ഉള്ള കാണക്കുടിയാൻ എന്നുള്ളതു് ഉൾപ്പെടുന്നുണ്ടു്, അതുകൊണ്ടു് ലാൻറു് ഓണർ (ഭൂവുടമ) എന്നുള്ളതിന്റെ നിർവ്വചനത്തിൽ ഇത്തരത്തിൽപ്പെട്ടിട്ടുള്ള ആളുകളും ഉൾപ്പെടും. 29-ാം വകുപ്പിൽ പറയുന്നതു് നടപ്പു കുടിയാൻ കൊടുക്കേണ്ട പാട്ടം മര്യാദപ്പാട്ടമായി നിജപ്പെടുത്തുന്നതിന്റെ ഫലമായി മദ്ധ്യവർത്തിക്കു കിട്ടുന്ന പാട്ടം കുറയുകയാണെങ്കിൽ ആ കുറയുന്നതിന്റെ അനുപാതത്തിൽ തന്നെ മദ്ധ്യവർത്തി മേല്പോട്ടുള്ള ജന്മിക്കു കൊടുക്കേണ്ട പാട്ടത്തിലും കുറവുകിട്ടുമെന്നു ആകുന്നു. പക്ഷേ ഈ കുറവിനു് 29—ാംവകുപ്പുപ്രകാരംതന്നെ കാണക്കുടിയാൻ അവകാശിയല്ല. 1955-ലെ കാണക്കുടിയാൻ ആക്ററുപ്രകാരമുള്ള കാണക്കുടിയാൻ അവകാശി അല്ലെന്നു പറയുന്നു. അതിന്റെ ഫലമായിട്ടു് വന്നുചേരുന്നതു് എന്താണെന്നു വച്ചാൽ ആ കാണക്കുടിയാനു് തന്റെ കീഴിലുള്ള കുടിയാനിൽ നിന്നു കിട്ടുന്ന പാട്ടം കുറഞ്ഞുപോകും. പക്ഷേ അയാളുടെ മുകളിലുള്ള ജന്മിക്കു കൊടുക്കേണ്ട പാട്ടത്തിൽ കുറവൊന്നും കിട്ടുകയില്ല. ഇതിന്റെ ഫലമായിട്ടു ഞാൻ മനസ്സിലാക്കുന്നതു് ചില കേസുകളിലെങ്കിലും വാസ്തവത്തിൽ അയാൾക്കു കിട്ടുന്നതിൽ കൂടുതലായിട്ടുള്ള പാട്ടം ജന്മിക്കു കൊടുക്കേണ്ടിവരും എന്നാണു്. അയാളുടെ കുടിയാനിൽ നിന്നു കിട്ടുന്നതു് 100 പറയാണെങ്കിൽ മേലകത്തുള്ള ജന്മിക്കു് കൊടുക്കേണ്ടിവരുന്നതു് ചിലപ്പോൾ 150, 160 പറ നെല്ലു് ആണെങ്കിൽ അതു ന്യായീകരിക്കത്തക്കതാണോ ? 29-ാം വകുപ്പുപ്രകാരം ഇങ്ങനെയാണു വച്ചിരിക്കുന്നതെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഇങ്ങനെ ചിലയിടത്തു നടന്നിട്ടുമുണ്ടു്. അതുകൊണ്ടാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചതു്. അതുകൊണ്ടു് ന്യായമായിട്ടു് ഈ സംഗതിയിൽ ചെയ്യാൻ സാധിക്കുന്നതിനുള്ള ഒരു പുതിയ നിയമനിർമ്മാണം ഗവണ്മെൻറു് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ തീർച്ചയായിട്ടും ഈ നിയമത്തിൽ തന്നെ ചെയ്യാൻ സാധിക്കുന്നതു്, മുമ്പു് മദ്ധ്യവർത്തികൾക്കു കൊടുക്കാൻ കഴിഞ്ഞിട്ടുള്ള ആനുകൂല്യങ്ങളെങ്കിലും ഈ കാണക്കുടിയാന്മാർക്കു നൽകുക എന്നുള്ളതാണു്. അവർ അവരുടെ ജന്മിക്കു കൊടുക്കേണ്ട പാട്ടത്തിൽ ആനുപാതികമായിട്ടുള്ള കുറവു ചെയ്തുകൊടുക്കാൻ ഇതിൽ വ്യവസ്ഥ ചെയ്യണം. ആനുപാതികമായിട്ടുള്ള കുറവു കാണക്കുടിയാന്മാർക്കും കൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്. അതു കൊടുക്കാതെ ഒരു നിയമം പാസ്സാക്കി വച്ചാൽ ആ നിയമം ഭരണഘടനാപരമായിട്ടു തന്നെ നിലനിൽക്കുമോ എന്നു സംശയമാണു്. കാരണം എന്തവകാശമാണെങ്കിലും ആ അവകാശം അവസാനിപ്പിക്കുന്ന അവസരത്തിൽ പ്രതിഫലം കൊടുത്തുകൊണ്ടു് അവസാനിപ്പിക്കണമെന്നുള്ളതു് ഭരണഘടനാപരമായിട്ടുള്ള തത്വമാണു്. കൊടുക്കുന്ന പ്രതിഫലം

LIBRARY ARCHIVES Kerala Legislative Assembly

ന്യായമാണോ, മര്യാദയാണോ, പര്യാപ്തമാണോ എന്നുള്ള സംഗതികളെ സംബന്ധിച്ചിടത്തോളം പരിശോധിക്കാൻ അവകാശം വേണമോ എന്നതു മറെറാരു പ്രശ്നമാണു്. പക്ഷെ അതങ്ങനെ ചെയ്യുകയാണെങ്കിൽ തന്നെയും അതിന്റെ ന്യായമെന്താണു്, നീതിയെന്താണു് എന്നുള്ളതിനെപ്പററി ആലോചിക്കേണ്ടതുണ്ടു്. അപ്പോഠം ഒരു കാണക്കുടിയാനായതുകൊണ്ടുമാത്രം അയാഠംക്കു കിട്ടുന്ന പാട്ടത്തിൽ കൂടുതലായിട്ടു് അയാഠം മേലുള്ള ജന്മിക്കു് പാട്ടം കൊടുക്കണമെന്നു പറയുന്നതു് ആ വിധത്തിലൊരു ശിക്ഷ അനുഭവിക്കണമെന്നു് പറയുന്ന വിധത്തിൽ നിയമം എഴുതിവയ്ക്കുന്നതു് ശരിയല്ല. അതുകൊണ്ടു് ഈ ഭേദഗതി തീർച്ചയായിട്ടും അംഗീകരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. എന്റെ ഭേദഗതിയിൽ ജന്മി കുടിയാൻ ആക്ററുപ്രകാരമുള്ള തിരുവിതാംകൂറിലെ കുടിയാനെപ്പററി പറഞ്ഞിട്ടില്ല. അതു് ജന്മിക്കരം നിർത്തിവയ്ക്കുന്ന ഒരു നിയമം ഇവിടെ ഉണ്ടായിരുന്നതുകൊണ്ടാണു്. അതു് ഇന്നു് സുപ്രീംകോർട്ടിന്റെ വിധിമൂലം അസാധുവായിരിക്കുകയാണു്. ഗവൺമെന്റു് ഇപ്പോഠം അതിനെ സംബന്ധിച്ചു് എന്തു ചെയ്യാൻ പോകുന്നു എന്നതിനെപ്പററി എനിക്കു വിവരമില്ല. അതുകൊണ്ടു് ആ സംഗതികളെ സംബന്ധിച്ചു പറഞ്ഞില്ലെന്നു മാത്രമേയുള്ളു. ഏതായാലും ഈ മാതിരിയുള്ള കേസ്സുകളിൽ മദ്ധ്യവർത്തികഠം എന്നു പറയുന്നവർ കൊടുക്കേണ്ട പാട്ടം അവർക്കു കിട്ടുന്ന പാട്ടത്തിന്റെ തോതനുസരിച്ചുതന്നെ മുകളിൽ ജന്മിക്കു് കൊടുക്കുന്നതിൽ കുറവു കിട്ടണം എന്നാണു് ഞാൻ പറയുന്നതു്.

ഈ നിയമത്തിൽ തന്നെ നികുതി പിരിക്കുന്നതിനെ സംബന്ധിച്ചു് പറയുമ്പോഠം 35-ാംവകുപ്പിൽ **Liability for assessment**:—(2) A tenant making any payment towards land revenue or any tax in respect of the land comprised in the holding payable by the landlord, to the Government or any local authority, shall be entitled to deduct the same from the rent payable by him to the landlord. എന്നു പറയുന്നുണ്ടു്. അതിലെ രണ്ടാം ഉപവകുപ്പിൽ അതിന്റെ പ്രൊവിഷൻ പറയുന്നതു് "Provided that no such deduction shall be made if the rent payable by the tenant to the landlord is equal to or less than the land revenue or other tax so payable" എന്നാണു്. അതായതു് നികുതി കൊടുക്കാനുള്ള ബാദ്ധ്യത ഭൂവുടമസ്ഥന്മാർക്കാണു്. ആ നികുതി കുടിയാൻ കൊടുക്കുകയാണെങ്കിൽ ആ കൊടുത്ത നികുതി ജന്മിക്കു കൊടുക്കേണ്ടതായിട്ടുള്ള പാട്ടത്തിൽ വകവച്ചു കിട്ടാനുള്ള അവകാശം കുടിയാനു് ഉണ്ടായിരിക്കണമെന്നാണു്. അങ്ങനെ കൊടുക്കുന്ന നികുതിയെക്കാഠം കുറവാണു് അയാഠം കൊടുക്കേണ്ട പാട്ടമെങ്കിൽ അങ്ങനെയുള്ള കേസ്സുകളിൽ ഈ കിഴിവു കിട്ടുകയില്ല എന്നു പറയുന്നു. അയാഠം കൊടുക്കുന്നതിൽ കൂടുതലായിട്ടു് ഭൂവുടമസ്ഥൻ കൊടുക്കേണ്ടതായിട്ടു വരും. അതു ശരിയല്ല എന്നുള്ള തത്വം 36-ാം വകുപ്പിൽ അംഗീകരിച്ചിട്ടുണ്ടു്. അതു് 29-ാം വകുപ്പിന്റെ പ്രയോഗത്തിലും പ്രസക്തമാണെന്നാണു് എന്റെ അഭിപ്രായം. ഈ കാരണങ്ങളൊക്കെക്കൊണ്ടു് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണു്.

Minister for Home Affairs (**Shri P. T. Chacko**) : Sir, two main points have been taken up by the opposition. One is that the cultivating tenant shall not be liable for any arrears of rent due from the intermediary to the landlord. To make the position clear, Mr. Raghavan Nair has moved his amendment No. 623. It is not stated in this section that the cultivating tenant will be liable for arrears of rent due from the intermediary to the landlord. Therefore this amendment is not necessary. Whatever is the general law, that would be applicable. I do not therefore accept the amendment.

Shri M. Narayana Kurup: Under Section 14, it is only regarding the rights of tenants.

LIBRARY ARCHIVES Kerala Legislative Assembly

Shri P. T. Chacko : Then secondly, regarding the status of the Kanam tenant under this Bill. As was in the Agrarian Relations Act, kanam tenant is defined as an "owner." Therefore, he is not an intermediary and the Jenmikaram that is paid by a kanam tenant is not rent. Well, if anything is to be done, it is not in this legislation. Smt. Gouri was asking whether in view of the fact that the Jenmikaram Abolition Act is struck down by the High Court, why not make provision for that matter in this Bill and then include it in the Nineth Schedule. Well, Government's view is that the decision taken up by the High Court may not be sustainable and as such Government have taken steps to remove the difficulties. That matter need not be brought into this Bill. Whatever steps should be taken to remove the difficulties will be undertaken by the Government. According to the provisions of the Kanam Tenancy Act also, Kanam tenant is considered to be an owner. Therefore this amendment to make him an intermediary may not be raised. If anything is to be done, probably a legislation may have to be undertaken. That can be done if necessary later. Therefore, I do not accept that amendment too.

Smt. K. R. Gouri : For the purpose of this clause, intermediary ആയി consider ചെയ്യുമ്പോൾ അതിൽ കുഴപ്പമുണ്ട്.

Shri P. T. Chacko : I said that Jenmikaram is not rent payable. Jenmikaram is Jenmikaram. If there is some anomaly, Government will be taking necessary steps.

Shri C. Achutha Menon : I say that it is only Jenmikaram. I have not said that it is rent.

Mr. Speaker : Do you press your amendment, Mr. Raghavan Nair?

Shri P. C. Raghavan Nair : Yes Sir.

Amendment No. 623 moved by Shri P. C. Raghavan Nair was put and lost.

Smt. K. R. Gouri : Sir, I press my amendment.

Amendment No. 1210 moved by Smt. K. R. Gouri was put and lost.

Amendment No. 1496 moved by Smt. K. R. Gouri was put and lost.

Amendment No. 1477 moved by Shri C. Achutha Menon was put and lost.

The question that clause 29 stand part of the Bill was put and carried.

Clause 29 was added to the Bill.

Clause 30

Mr Speaker : Shri T. K. Ramakrishnan may move amendment No. 625, Shri P. C. Raghavan Nair may move amendment No. 634, Smt. K. R. Gouri may move amendment No. 1211. Amendment Nos. 625 to 633 are same as amendment No. 625. Smt. K. R. Gouri may also move amendment No. 1512.

LIBRARY ARCHIVES Kerala Legislative Assembly

Shri T. K. Ramakrishnan : Sir, I move :

625. In clause 30, delete the word "or any landlord"

Shri P. C. Raghavan Nair : Sir, I move :

634. In clause 30 (1), after the word "The cultivating tenant or any landlord" add the words "whose rent is not specifically fixed in the contract"

Smt. K. R. Gouri : Sir, I move amendment Nos. 1211 and 1512.

1211. In clause 30 (2), after (iv) add a new explanation as follows :

"*Explanation* : Where it is necessary to ascertain the value of any commodity for the purpose of determining the fair rent the value of such commodity shall, unless, it has been specified in the document evidencing the contract of tenancy be deemed to be the average of the prices of commodity for a period of six years immediately preceding the date of the application under sub-section (1)."

1512. In clause 30, sub-clause (1), first line, delete the words "any landlord" and substitute "small holder"

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ക്ലാസ് മുപ്പതിൽ ടെനൻറു എന്നതിനു ശേഷം "or any landlord" എന്നുള്ളതു ഡിലീററു ചെയ്യണമെന്നുള്ളതാണ് എൻെറ ഭേദഗതി. പാട്ടം കണക്കാക്കുമ്പോൾ നിലവിലുള്ള പാട്ടമാണ് കുറവെങ്കിൽ, ആ കുറവു അംഗീകരിക്കുവാൻ വ്യവസ്ഥയുള്ള സ്ഥിതിക്കു "any landlord" എന്നതു ആവശ്യമില്ല. നിലവിലുള്ള പാട്ടം കുറയ്ക്കുവാൻ വേണ്ടിയാണ് ലാൻറു ട്രൈബ്യൂണലുകളുടെ അടുക്കൽ പോകുന്നതു്. അതല്ല മര്യാദപ്പാട്ടത്തിൽനിന്നും കുറവാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന പാട്ടമെങ്കിൽ അതു സ്വീകരിക്കത്തക്കവിധം ഞങ്ങൾ ഭേദഗതികൊണ്ടുവന്നിരുന്നു. ബഹുമാനപ്പെട്ട മന്ത്രി അതു അംഗീകരിക്കുന്ന വിധത്തിൽ ഉറപ്പു തന്നിരുന്നു. നിർഭാഗ്യവശാൽ അദ്ദേഹം ഭേദഗതികൊണ്ടുവന്ന സമയത്തു ലാൻറു ലോർഡിനു കൂടുതൽ പാട്ടം കിട്ടുന്ന തരത്തിൽ വ്യവസ്ഥകൊണ്ടുവരികില്ല എന്നുള്ള ഉറപ്പിന്മേൽ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. സ്മാൾ ഹോൾഡേഴ്സിനു ഗുണം കിട്ടത്തക്കവിധത്തിൽ നിലവിലുള്ള പാട്ടം മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിനേക്കാൾ കൂടുതലാണെങ്കിൽ അതു കുറഞ്ഞു കിട്ടും. നേരേമറിച്ച് മര്യാദപ്പാട്ടമാണ് കൂടുതലെങ്കിൽ ഞങ്ങൾ ഇന്നലെ വാദിച്ചതുപോലെ പാട്ടം കൂടുതൽ കൊടുക്കുന്ന വിധത്തിലുള്ള പരിശ്രമം ശരിയല്ല. അതുകൊണ്ടു് "any landlord" എന്ന വാക്കു വിട്ടുകളയണമെന്നു എൻെറ ഭേദഗതി മന്ത്രി സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. പി. സി. രാഘവൻ നായർ : ക്ലാസ് 30-ൽ whose rent is not specifically fixed in the contract എന്നുകൂടി ചേർക്കണമെന്നാണ് എൻെറ ഭേദഗതി. ലാൻറ് ട്രൈബ്യൂണലുകളിൽ ജന്മിക്കു ഹർജികൊടുക്കാൻ അവകാശമുണ്ടാവരുതു്. ഇനി അഥവാ വല്ല സംഗതികളിലും അവകാശമുണ്ടാവണമെങ്കിൽതന്നെ ജന്മിക്കു കിട്ടേണ്ടുന്ന പാട്ടം കൈച്ചീട്ടിൽ വ്യക്തമായും നിർദ്ദേശിച്ചിട്ടില്ലാത്ത കാര്യങ്ങളിൽമാത്രമേ പാടുള്ളു. ചില കൈച്ചീട്ടുകൾ എഴുതുമ്പോൾ പാട്ടം ക്ലിപ്തമായി നിജപ്പെടുത്തിയിരിക്കയില്ല. ഉദാഹരണമായി തെങ്ങിൻതൈ പുതുതായി വെച്ചുപിടിപ്പിച്ച സ്ഥലം ചാർത്തിക്കൊടുക്കുന്നുവെന്നിരിക്കട്ടെ. അപ്പോൾ അതിനു വ്യക്തമായ ഒരു പാട്ടം നിശ്ചയിക്കാൻ കഴിഞ്ഞിരിക്കുകയില്ല. എട്ടോ, പത്തോ കൊല്ലങ്ങൾക്കുശേഷം വസ്തുവിലെ തെങ്ങുകൾ കായ്ച്ചു തുടങ്ങുമ്പോൾ പാട്ടം നിശ്ചയിച്ചുകൊള്ളാമെന്നു കൈച്ചീട്ടുകളിൽ വ്യവസ്ഥ ചെയ്തിരിക്കും. അത്തരം വ്യവസ്ഥ എഴുതിവച്ചിട്ടുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

ററത്രമേ ജന്മികൾ ലാൻറു ട്രൈബൂണലുകളിൽ പാട്ട വർദ്ധനവിനു ഹർജി കൊടുക്കാൻ പാടുള്ളു എന്നു പ്രത്യേകമായി വ്യവസ്ഥചെയ്യണം. അതല്ലാത്ത ഒരു ലാൻറു ലോർഡിനും ട്രൈബൂണലുകളിൽ ഹർജി കൊടുക്കാൻ അനുവാദം കൊടുക്കരുതു്; അതിനുവേണ്ടിയാണു് ഞാൻ മേൽപറഞ്ഞ ഭേദഗതി അവതരിപ്പിക്കുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഞാൻ എന്റെ ഭേദഗതി നമ്പർ 1512–ൽ പറയുന്നതു് "any landlord' എന്നതുമാററി അതിനു പകരം സ്മാൾ ഹോൾഡർ ആക്കണമെന്നാണു്. അതു ചേർക്കാൻ ഇടവന്നതു് സ്മാൾ ഹോൾഡർക്ക Rent കൂട്ടാൻ ഓപ്ഷൻ കൊടുത്തുകൊണ്ടു ഇന്നലെ ഇവിടെ 27-ാം വകുപ്പു പാസ്സാക്കിയതുകൊണ്ടാണു്. കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്നതു് ടെനൻറിനുമാത്രമേ ഫെയർ റെൻറിനുവേണ്ടി അപേക്ഷിക്കാൻ അവകാശമുള്ളു എന്നാണു്. Fair rent whichever is less ആണു്. അതിനു് വ്യത്യസ്തമായിട്ടാണു് 'any landlrod' എന്നുകൂടി ചേർത്തിരിക്കുന്നതു്. ഇതു പറയുമ്പോൾ മന്ത്രി പറയും അതു ആവശ്യമാണു് എന്നു്. ഏതായാലും 'any landlord' എന്നതു് എടുത്തുകളയണം. അതിനു പകരം സ്മാൾ ഹോൾഡർ എന്നുമാത്രം മതി. ഈ വകുപ്പിൽതന്നെ ഫെയർറെൻറു റിവൈസ് ചെയ്യാനുള്ള ഒരു വകുപ്പു കാർഷികബന്ധനിയമത്തിൽനിന്നും അതുപോലെ പകർത്തി എഴുതിയിട്ടുണ്ടു്. അതു റിവൈസ് ചെയ്യുകിട്ടുന്നതിനു എന്തെങ്കിലും അപേക്ഷ കൊടുക്കണമെങ്കിൽ അതും ടെനൻറിനു മാത്രമേ കൊടുക്കാവു. ക്ലാസ്സ് 37 പ്രകാരം Fair rent determined under this Act shall not be liable to alteration or revision except on the application made by the cultivating tenant to the Land Tribunal on the grounds specified in sub-sections (2) and (3). റിവൈസ്ചെയ്തു കിട്ടുന്നതിനു അപേക്ഷ കൊടുക്കേണ്ടതു കൾട്ടിവേററിംഗ് ടെനൻറിനാണു്. ആ നിലയ്ക്കു എല്ലാ ലാൻറുലോർഡിനും ഭൂമിയിൽ പാട്ടത്തിനു അപേക്ഷ കൊടുക്കുന്നതിനു വ്യവസ്ഥ ചെയ്യുകയാണെങ്കിൽ അതൊരു ശല്യമാണു്. ചില ഭൂമികളെസംബന്ധിച്ചു ഇന്നു പാട്ടമൊന്നും ഇല്ല. മാനുഷം കൊടുത്തു വാങ്ങിക്കുന്ന ഭൂമികളാണു്. ആക്ച്വൽ വില കൊടുക്കുകയും, എന്നാൽ തീറാധാരം നടത്താൻ നിയമതടസ്സം ഉള്ളതുകൊണ്ടു പ്രമാണം തീററായിട്ട രജിസ്റ്റർ ചെയ്യാതെ രേഖയില്ലാത്ത ടെനൻറായിട്ടു കഴിഞ്ഞുകൂടുകയാണു്. അങ്ങനെയുള്ള tenants പാട്ടം കൊടുക്കുന്നില്ല. ലാൻഡുലോർഡിനു് fair rent നിശ്ചയിക്കാൻ അപേക്ഷ കൊടുക്കാൻ അവകാശം കൊടുത്താൽ ആ അപേക്ഷ ഷെഡ്യൂൾപ്രകാരമുള്ള ഫെയർ റെൻറു് കോടതി തിട്ടപ്പെടുത്തുകയും അന്യായമായ പാട്ടം കടിയാൻ കൊടുക്കേണ്ടി വരികയും ചെയ്യും. ആ ശല്യം ഒഴിവാക്കുവാൻ വേണ്ടിയാണു് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. വേറൊരിടത്തു 'ആനുവിററി'യെ ബേസ് ചെയ്യുന്ന എന്നു പറയുന്നുണ്ടു്. അതുപ്രകാരവും ബുദ്ധിമുട്ടുവരുന്നുണ്ടു്. ആ നിലയ്ക്കു any landlord may apply എന്നതു എടുത്തുകളയണം. സാധാരണനിലയ്ക്കു മര്യാദപ്പാട്ടം അമിതമായി പോയിട്ടുണ്ടെങ്കിൽ അതുഒഴിപ്പിക്കുവാനുള്ള അപേക്ഷ കൊടുക്കുവാനുള്ള അവകാശം ടെനൻറിനാണു് വേണ്ടതു്. ടെനൻറല്ലാത്ത ആക്കം അവകാശം കൊടുക്കുവാൻ പാടില്ല. സ്മാൾ ഹോൾഡറിനു ഇന്നലെ നിയമസഭയിൽ ഓപ്ഷൻ കൊടുത്തു പാസ്സാക്കിയതുകൊണ്ടു 'എനി ലാൻഡ് ലോർഡ്' എന്ന സ്ഥലത്തു സ്മാൾ ഹോൾഡർ ആയിരിക്കേണ്ടതു ഇന്നലത്തെ ഭേദഗതിപ്രകാരം അത്യാവശ്യമാണു്. അതിനാണു് എന്റെ ആദ്യത്തെ ഭേദഗതി.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ലാൻറുലോഡ് എന്നതിനു പകരം സ്മാൾ ഹോൾഡർ എന്നാക്കിയില്ലെങ്കിൽ ഫലത്തിൽ വലിയ വ്യത്യാസം വരുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ഇന്നലെ സ്ഥാപം ഹോൾഡേഴ്സ് ഓപ്ഷൻ കൊടുത്തുകൊണ്ട് പാസ്സാക്കിയതുകൊണ്ടാണ്. ഇന്നു പത്രത്തിൽ എന്തൊക്കെയോ എഴുതിവച്ചിരിക്കുന്നു. അങ്ങനെയല്ലാതെയാണ് നാം പാസ്സാക്കിയിരിക്കുന്നത്. which ever is less എന്നു പാസ്സാക്കി എന്നു പത്രത്തിൽ വെണ്ടയ്ക്കാ അക്ഷരത്തിൽ കണ്ടു അതു ശരിയല്ല.

ശ്രീ. പി. ടി. ചാക്കോ : അതിനു ഒരു പ്രസ്കാൺഫറൻസ് വച്ചാൽ മതിയല്ലോ ?

ശ്രീമതി കെ. ആർ. ഗൗരി : ഗവണ്മെൻറുചെലവിൽ ഇപ്പോൾ എനിക്കു Press Conference നടത്താനൊക്കുകയില്ല എന്നറിയാമല്ലോ അങ്ങനെ Press Conference എപ്പോഴും വിളിച്ചുകൂട്ടാവുന്ന സംഗതിയല്ലല്ലോ. പോരെങ്കിൽ മന്ത്രിക്കിഷ്ടമല്ലാത്ത സംഗതികൾ സംസാരിച്ചാൽ ഇങ്ങനെ പലതും പറയും. അങ്ങനെ ഓപ്ഷൻ കൊടുത്തു നാം ഇന്നലെ പാസ്സാക്കിയതുകൊണ്ട് സ്ഥാപം ഹോൾഡറിനു ഇന്നത്തെക്കാൾ കൂടുതൽ റെൻറു നിശ്ചയിച്ചു എന്നു വരും. ആ കുഴപ്പം വരാതിരിക്കുവാൻ വേണ്ടിയാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്.

മറെറാരു ഭേദഗതി 1211, അതു ഇവിടെ ആവശ്യമില്ല. ഫെയർ റെൻറു നിശ്ചയിക്കുമ്പോൾ സാധനങ്ങളുടെ വിലയെസംബന്ധിച്ചു ഒരു നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കണമെന്നുള്ളതാണ്. പാട്ടം നിശ്ചയിക്കുമ്പോൾ അതിൽ പറയുന്ന സാധനങ്ങളുടെ വില ഇന്നതാണെന്നു നിശ്ചയിക്കണമെന്നു മാത്രമേ ഇതിൽ പറയുന്നുള്ളു. ഇപ്പോൾ നാലു ചക്രത്തിനു ഇടങ്ങഴി വെളിച്ചെണ്ണ കിട്ടുകയില്ലെന്നു എല്ലാവർക്കുമറിയാം. ഇപ്പോൾ ഇടങ്ങഴി വെളിച്ചെണ്ണയ്ക്കു നാലു രൂപയോ, അഞ്ചു രൂപയോ കൊടുക്കണം. അതുപോലെ ഒരു രൂപ വിലവരുന്നതായിട്ടുള്ള ഒരുകുല പൂവൻപഴം എന്നുപറഞ്ഞാൽ ഇന്ന് ഒരു രൂപയ്ക്കു കിട്ടുകയില്ല. എന്നാൽ Contract of Tenancy യിൽ ഇത്ര രൂപ വിലയ്ക്ക് ഒരു കുല പൂവൻപഴം ഇത്ര അണയ്ക്ക് ഇത്ര ഇടങ്ങഴി വെളിച്ചെണ്ണ എന്നെഴുതും, അങ്ങനെ specific ആയി സാധനങ്ങളുടെ വില പ്രമാണത്തിൽ നിശ്ചയിച്ചാൽ ആ പ്രമാണത്തിലുള്ള വില കുടിയാൻ കൊടുത്താൽ മതിയെന്നാണ് ഞങ്ങളുടെ അഭിപ്രായം. അങ്ങനെ സാധനങ്ങളുടെ വില നിശ്ചയിച്ചിട്ടുള്ള കേസുകളൊഴിച്ച് ബാക്കിയുള്ള കേസുകളിൽമാത്രം സാധനം ഗസററിൽ പ്രസിദ്ധീകരിച്ചു നിശ്ചയിച്ചാൽ മതി എന്നുള്ളതാണ് ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. എന്നല്ലാ അതു ഡിസ്ട്രിക്ററു കളക്ടറുക്കു മാറേറണ്ടതായിട്ടുണ്ടെങ്കിൽ അതു മാററുകയും ചെയ്യാം. പിന്നെ ഇവിടെ പറയുന്നതു ഫെയർറെൻറു ഡിറററ്മിൻ ചെയ്യുമ്പോൾ അതു സ്ററാററിസ്ററിക്സ ഡിപ്പാർട്ടുമെൻറിൻെറ രേഖകൾവച്ചുകൊണ്ടു ചെയ്യണമെന്നാണ്. ഈ സെക്ഷൻ 41—ൽ വച്ചിരിക്കുന്നതു നോക്കുമ്പോൾ സ്ററാററിസ്ററിക്സുകാർ പറഞ്ഞിട്ടുള്ളതിൽ വലിയ അബദ്ധമുണ്ട്. In determining the fair rent under sub-section (2), the land Tribunal may take into account the statistics published under section 42.

ഈ രാജ്യത്തുള്ള സ്ററാററിസ്ററിക്സ മുഴുവൻ കോടതി പരിശോധിക്കണമെന്നാണ്.

Clause 42 ഈ നിയമത്തിൽ ആവശ്യമില്ല. കാരണം ഈ statistics പ്രകാരം ഇവിടെ ഒന്നും തിട്ടപ്പെടുത്തുന്നില്ല. അല്ലെങ്കിൽതന്നെ statistics Department പ്രസിദ്ധപ്പെടുത്തുന്ന വിവരവും, വിളവും ശരിയായിരിക്കണമെന്നില്ല. sample survey base ചെയ്താണ് അവർ വിളവ് നിശ്ചയിക്കുന്നത്. യഥാർത്ഥ കണക്കു നോക്കുകയില്ല. ഇതു കുടിയാനു ദോഷവും ചെയ്യും. കാരണം fair rent നിശ്ചയിക്കാൻ Commission അയയ്ക്കുവാൻ രണ്ടുപ്രാവശ്യം കുടിയാൻ അപേക്ഷിച്ച് ഒടുവിൽ അപേക്ഷ തള്ളിയാൽ കോടതി 42 പ്രകാരമുള്ള statistics എത്ര അബദ്ധമായാലും കണക്കിലെടുത്ത് fair rent ഏർപ്പെടുത്തും. ഇതൊരുകാരണവശാലും ആവശ്യമില്ല. ഈ നിയമവുമായി ബന്ധമില്ലാത്ത വകുപ്പാണ് statistics department-ൻെറ പ്രവർത്തനം കാർഷിക പരിഷ്കരണ നിയമത്തിൽ വകുപ്പായി വരേണ്ട ആവശ്യം എന്താണ്. ഞാൻ എതിർക്കുന്നു.

2/739/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എനിക്കു ബഹുമാനപ്പെട്ട ഗൗരി കൊണ്ടുവന്നിട്ടുള്ള ഭേദഗതിക്കു എതിരായിട്ടു സ്വല്പം സംസാരിക്കാനുണ്ട്. അതോടുകൂടി മററു ചില സംഗതികളും പറയാനുണ്ട്. സർ, ഇവിടെ നാം കാര്യമായിട്ടു വാദപ്രതിവാദം നടത്തുമ്പോൾ അതിനിടയ്ക്കു ഇതു ഹൈക്കോടതിയിൽ പോയാൽ നിലനിൽക്കുമോ, നിയമദൃഷ്ട്യാ ഇതു തെററാണ് എന്നെല്ലാം നാം ഇരുഭാഗത്തുനിന്നും പറയുന്നുണ്ട്. ആ സ്ഥിതിക്കു നമ്മുടെ ഗവണ്മെൻറിനു നിയമോപദേശം നൽകുന്ന അഡ്വക്കേററു ജനറൽ എന്നുള്ള ഒരു മനുഷ്യനുണ്ട്. ആ മനുഷ്യനെക്കൂടി ഇവിടെ വന്നിരിക്കാൻപറയുന്നപക്ഷം അങ്ങനെ ഇരുകൂട്ടർക്കും സംശയം ഉണ്ടാകുന്നപക്ഷം അഡ്വക്കേററു ജനറലിനോടു വിദഗ്ദ്ധോപദേശം ആരായാം എന്നുള്ളതുകൊണ്ടു അഡ്വക്കേററു ജനറൽകൂടി അസംബ്ലിയിൽ ഹാജരാകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഇപ്പോൾ 12 ദിവസത്തോളമായി ഇവിടെ ഇതുസംബന്ധിച്ചുള്ള ഡിസ്കഷൻ തുടങ്ങീട്ട്. 30 വകുപ്പുവരെ കഴിച്ചു എടുത്തിട്ടേയുള്ളു, അപ്പോൾ ശരാശരി ഒരു ദിവസം രണ്ടരവകുപ്പുകളെ തീർന്നിട്ടുള്ളു. ഈ ബില്ലിൽ ആകെ 127 വകുപ്പുകളുണ്ട്. അപ്പോൾ അതിന്റെ ഡിസ്കഷൻ എല്ലാംകഴിഞ്ഞു അതു പാസ്സാക്കുന്നതിനു ഇനി 40 ദിവസം വേണ്ടിവരും. അക്കാര്യം ഒന്നാമതായി ബഹുമാനപ്പെട്ട ഗൗരിയാണ് ശ്രദ്ധിക്കേണ്ടതു്. ഭേദഗതികളാണെങ്കിൽ ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: ഭേദഗതികളുടെ തോതനുസരിച്ചു എത്രയെണ്ണം തീരും, എത്രയെണ്ണം തീരുകയില്ല എന്നു പറയാൻ സാദ്ധ്യമല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഭേദഗതിക്കു ഭേദഗതി വേണമെന്നാണ് ഞാൻ പറയാൻ പോകുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: പഴയ കാലത്തു കാർഷികബന്ധനിയമം ചർച്ചചെയ്യപ്പെട്ടപ്പോൾ രണ്ടാം വകുപ്പിനുമാത്രം 14 ദിവസം എടുത്തു. ഇപ്പോൾ എല്ലാ വകുപ്പുകൾക്കും ഭേദഗതികളില്ല. പണ്ടത്തെ പേമാരിയേയും കൊടുംകാററിനെയുംപററി ഇപ്പോൾ ഒന്നും പറയാനില്ല.

മി. സ്പീക്കർ: വെറുതേ ഇങ്ങനെ സമയം കളഞ്ഞിട്ടു കാര്യമില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഞാൻ വല്ലതും കാര്യമുള്ളതു നിയമസഭയിൽ പറയണമെന്നു വിചാരിച്ചതാണ്. കാര്യം മാത്രമാണ് ഞാൻ പറയുന്നതു്.

"Determination of fair rent by the Land Tribunal"

"The cultivating tenant or any landlord may apply"

എന്നാണ് ഇതിൽ എഴുതിയിരിക്കുന്നതു്. ശ്രീമതി ഗൗരി ആ ലാൻഡു എന്നുള്ളതു മാററിക്കളയണം എന്നാണ് ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. അതു മാററിക്കളയണമെന്നാണ് ഞാൻ പറയാൻ പോകുന്നതു്. ഒരു വസ്തുവിന്റെ ഫെയർ റെൻറു നിശ്ചയിക്കുന്നതിനുവേണ്ടിയാണ് ലാൻഡു ട്രൈബ്യൂണലിൽ പോകാം എന്നു പറയുന്നതു്. അപ്പോൾ ഫെയർറെൻറു നിശ്ചയിക്കുന്നതു ആ കൾട്ടിവേറ്റിംഗ് ടെനൻറും അതായതു്, ഫെയർ റെൻറും കൊടുക്കുന്നയാളും ലാൻഡ്ലോർഡും അതായതു് ഫെയർറെൻറു കിട്ടുന്ന ആളും ലാൻഡ് ട്രൈബ്യൂണലിൽ പോയിട്ടു അതു കുറച്ചു കൂട്ടിക്കിട്ടണം എന്നു പറയും സാധാരണഗതിയിൽ. എന്നാൽ ചിലപ്പോൾ ലാൻഡ് ലാർഡ് ഫെയർറെൻറു കുറച്ചു കൂടിപ്പോയി, അതു കുറച്ചുകൊടുക്കണം എന്നും പറയാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് ലാൻറു ലാർഡിനു ആ അവകാശം കൊടുക്കുന്നതു നല്ലതാണ്. സമയം ദീർഘിച്ചുപോകുന്നതുകൊണ്ടു അതുകൂടി പറയണം എന്നു വിചാരിക്കുന്നു. ഇപ്പോൾ ഈ ബില്ലിന്റെ പുരോഗതി കണ്ടിട്ടു വൈകീട്ടുകൂടി ഇരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഈ കണക്കിനു പോയാൽ 24 മണിക്കൂറും ഇരിക്കാതെ ഇതു തീരുമെന്നു തോന്നുന്നില്ല. ഇപ്പോഴത്തെ കണക്കിനു പോയാൽ ഇനി 40 ദിവസംകൂടി വേണം. അങ്ങനെ അറുപത്തിനാലുദിവസം വേണ്ടിവരുന്നതുകൊണ്ട് ലാൻഡ്ലാർഡ് എന്നു ചേർത്താലുള്ള ദോഷം,

LIBRARY ARCHIVES Kerala Legislative Assembly

"Agreement as to fair rent.—It will be very fair then."

എന്നുള്ള കൂട്ടത്തിൽ ഇങ്ങനെ പറയാറുള്ള പല സംഗതികളും കുറയും എന്നുള്ളതാണ്. ശ്രീമതി ഗൗരിതന്നെയാണ് ലാൻഡ്യു ബിൽ ഗർഭംധരിച്ചതും പ്രസവിച്ചതും. അതിനെ അന്നു മിസ്റ്റർ ചാക്കോ വളരെ എതിർത്തിട്ടുണ്ട്. അദ്ദേഹവും, ശ്രീമതി ഗൗരിയും ഈ ബില്ലിനെപ്പററി വളരെ നല്ലപോലെ പഠിച്ചുകഴിഞ്ഞിരിക്കുകയാണ്. അപ്പോഴാം അവരുടെ ഒരു അറേഞ്ജ്മെൻറാണ് ഇവിടെ നടക്കുന്നതു്. അതുകൊണ്ടു് ഇപ്പോഴത്തെ ഈ പ്രസംഗങ്ങളും ഒന്നു കുറയ്ക്കുകയാണെങ്കിൽ നന്നായിരിക്കും എന്നുപറയാതിരിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. ഈ. പി. ഗോപാലൻ: ലാൻഡ്യു ലാർഡ്യ് മര്യാദപ്പാട്ടം നിശ്ചയിക്കുന്നതു കുടിയാനു കുറെ കുറച്ചു കൊടുക്കുന്ന കാര്യത്തിൽ അതു ഒന്നു ചുരുക്കിക്കൊടുക്കണം എന്നുള്ളതിനുവേണ്ടി ലാൻഡ് ട്രൈബ്യൂണലിനടുത്തു വരെ പോകണമല്ലോ. സാധാരണഗതിയിൽ ലാൻഡ്യ് ലാർഡ്സ് നിലവിലുള്ള പാട്ടം നിശ്ചയിക്കുന്ന പാട്ടമാണോ, മര്യാദപ്പാട്ടമാണോ ഏതാണ് കുറവെങ്കിൽ അതു ആവശ്യപ്പെടാനെ നിവൃത്തിയുള്ളൂ. പാട്ടം കുറച്ചു കൊടുക്കുന്നകാര്യത്തിലാണെങ്കിൽ ലാൻഡ്യു ട്രൈബ്യൂണലിൽപോയി ബുദ്ധിമുട്ടുന്നതിനേക്കാൾ കുടിയാനെ വിളിച്ചുപറഞ്ഞാൽ മതിയല്ലോ.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അതാണ് "it shall be competent for the landlord and the tenant to agree as to what shall be the fair rent...." എന്നു 31-ാം മത്തെവകുപ്പിൽ പറഞ്ഞിട്ടുള്ളതു്.

ശ്രീ. ഈ. പി. ഗോപാലൻ: ക്ലാസ് 30 കഴിഞ്ഞേ 31 വരികയുള്ളു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ടെനൻറും ജന്മിയുമായി ഒരു എഗ്രിമെൻറ് ഉണ്ടാക്കുന്നതിനെപ്പററി സെക്ഷൻ 31-ൽ പറഞ്ഞിട്ടുണ്ട്. അതുകൂടാതെ ട്രൈബ്യൂണൽ മുമ്പാകെ പോയി ഒരു തീരുമാനം ചെയ്യുന്ന അവസരത്തിൽ ലാൻറ് ലാർഡും ടെനൻറും ഒരുമിച്ചുചെല്ലണം. അവിടെവച്ചാണ് അവരുടെ ആവശ്യങ്ങൾ കേട്ടു ഒരു എഗ്രിമെൻറിൽവരാൻ പോകുന്നതു്. ഫെയർറെൻറു എങ്ങനെ വേണമെങ്കിലും നിശ്ചയിക്കാം. അതു ലാൻറ്ലാർഡ് അല്ല ആരു ചെയ്താലും ഫെയർറെൻറായിരിക്കും. ഇതു നിശ്ചയിക്കുന്നതിനായിട്ടു ഈ ബില്ലിലെ 30-ാം വകുപ്പിൽ പറയുന്നതുപോലെ അതിനു ലാൻറ് ലാർഡ് കോൺട്രിവേററിംഗ് ടെനൻറും വേണ്ടതാണ് ഈ ലാൻഡ്യുലാർഡിനു ജീവിക്കണ്ടേ അവരോട് ഇത്ര വലിയ എതിരെന്താണ്. ഈ പറയുന്നവരിൽ പലരും ലാൻറ് ലാർഡ്സ് ആണ്. പിന്നെ ഇവിടെ ഇങ്ങനെ പറയുന്നു എന്നേയുള്ളു പലരും നിങ്ങളുടെ ബന്ധുക്കളുമാകുന്നു. ലാൻഡ്യ് ലാർഡ്സും ഇവിടത്തെ പ്രജകളാണ്. ഇവിടത്തെ സിററിസൺസാണ്. ഫെയർറെൻറു നിശ്ചയിക്കുന്നതിനു രണ്ടുപേരുംകൂടി അവിടെചെന്നു് പറയാനുള്ളതു് ഇരുകൂട്ടരും പറഞ്ഞു തീരുമാനിച്ചാൽ മേലാൽ വഴക്കിനിടയാകുകയില്ലല്ലോ.

ശ്രീ. ഈ. പി. ഗോപാലൻ: ഇവിടെ ലാൻറ് ലാർഡ്സ് മേലേക്കിടയിലുള്ള പൗരന്മാരാണെന്നു കണക്കാക്കിട്ടല്ലേ ഇന്നലെ ഭേദഗതി പാസ്സാക്കിയിട്ടുള്ളതു്. മുമ്പുണ്ടായിരുന്ന ബില്ലിൽ ഇരട്ടിവരെ ആകാം എന്നുണ്ടായിരുന്നതു് നൂറിരട്ടിവരെ പാട്ടം വർദ്ധിപ്പിക്കാം എന്നുവരെയായില്ലെ ഇന്നലെ പാസ്സാക്കിട്ടുള്ള ഭേദഗതിയനുസരിച്ച്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: മേലേക്കിടയിലും ആളുകളുണ്ട്. കീഴേക്കിടയിലും ആളുകളുണ്ട്. അങ്ങനെയുള്ള വ്യത്യാസങ്ങൾ എല്ലാത്തിലും ഉണ്ട്. ശ്രീമാൻ ഗോപാലനും ശ്രീമാൻ അച്യുതമേനോനും തമ്മിൽ അല്പം വ്യത്യാസമുണ്ട്. അതുപോലെ നമ്മുടെ വീട്ടിലാണെങ്കിൽത്തന്നെയും ഇളയതും മൂത്തതും തമ്മിൽ അല്പം വ്യത്യാസം കാണും. പലപ്പോഴും തിരിച്ചറിയാൻ പാടില്ലാത്ത വ്യത്യാസങ്ങളായിരിക്കാം. എങ്കിലും വ്യത്യാസം അല്പസ്വല്പ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

മുണ്ടായിരിക്കും. അതുകൊണ്ട് ടെനൻറ് എന്നു പറഞ്ഞാലും ലാൻഡ് ലാർഡസ് എന്നുപറഞ്ഞാലും അവർ തമ്മിലും വ്യത്യാസമുണ്ട്. ആ വ്യത്യാസം ഇവിടെ ചേർക്കാൻവേണ്ടിയാണ് ഞാൻ പ്രസംഗിക്കാൻ വന്നതു്.

മി: സ്പീക്കർ : ബഹുമാനപ്പെട്ടമെമ്പറുടെ പ്രസംഗം അവസാനിപ്പിക്കണം അല്ലെങ്കിൽ ബില്ലിനെപ്പററി സംസാരിക്കണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, നമ്മുടെ രണ്ടുപേരുടെയും നാളുതമ്മിൽ പൊരുത്തമില്ലെന്നു തോന്നുന്നു. എൻെറ നാൾ തിരുവോണമാണ്. അങ്ങയുടെ നാൾ എന്താണ് ? അതുകൊണ്ട് ലാൻറ് ലാർഡ് എന്നും ടെനൻറ് എന്നുമുള്ള രണ്ടുപദങ്ങളും ഇതിൽചേർക്കേണ്ടതാണ്. അതു മാററാൻ പാടില്ല.

ശ്രീ. എൻ. ഈ. ബലറാം : ഞാൻ 626—ാം നമ്പരായിട്ട ഒരു ഭേദഗതി കൊടുത്തിട്ടുണ്ട്. പക്ഷേ, അതിനു സമാനമായ ഒരു ഭേദഗതി 625 ശ്രീമാൻ ടി. കെ. രാമകൃഷ്ണൻ കൊടുത്തിട്ടുള്ളതു കൊണ്ട് എൻെറ ഭേദഗതി മൂവ് ചെയ്യുന്നില്ല. എനിക്ക് അതിനെക്കുറിച്ചു രണ്ടു വാക്കുപറയുവാനുണ്ട്. സർ, ഈ ബിൽ ആർക്കുവേണ്ടിയാണ് കൊണ്ടുവന്നതു് എന്നുള്ളതിനു് വളരെ സ്പഷ്ടമാകുന്ന ഒരു വകുപ്പാണ് ഇവിടെ ചർച്ചചെയ്യുന്നതു്. അതായതു്, പാട്ടംവർദ്ധിപ്പിക്കാൻ ജന്മിമാർക്കു പരിപൂർണ്ണമായി അവകാശം നൽകുന്ന ഒരു ക്ലാസാണ്. ആ അവകാശംഅവർക്കു കൊടുക്കരുതു് എന്നുള്ളതാണ് എൻെറനില. ഇതേപ്പററി വളരെ അധികം പറഞ്ഞുപോകരുതെന്നാണെങ്കിൽ ഈ ഭേദഗതിയോടെ ഈ ചർച്ച അവസാനിക്കുന്നതാണുനല്ലതു്. കാരണം, ഇതാണ് ഈ ബില്ലിൻെറ തക്‌വിഷയം മുഴവൻ. സമീപനത്തിൻെറ വ്യത്യാസം ഇവിടെയാണുപ്രകടമാകുന്നതു്. ജന്മിക്കു് പാട്ടംകൂട്ടാൻ ഒരുപ്രകാരത്തിലും കാർഷികബന്ധനിയമം അനുവാദം നൽകുന്നില്ല. ഈ ബിൽപ്രകാരം ജന്മിക്കു കണ്ടമാനം പാട്ടംകയററാം ഇതാണ് സമീപനത്തിൻെറ വ്യത്യാസം. അതു ഇന്നലെപോയി. കണ്ണൂർ ജില്ലയെസംബന്ധിച്ചിടത്തോളം പറഞ്ഞാൽ ഭൂരിപക്ഷം കുടിയാന്മാരും ഇതുപോലെതന്നെ എത്രയോ അധികംപേരും കൂടുതൽ പാട്ടംകൊടുക്കേണ്ടിവരുന്നതായ ഒരു സ്ഥിതിയാണ് ഈ ക്ലാസ്മൂലം ഉണ്ടാകുന്നതെന്നു ഞാൻ ഉറപ്പിച്ചു പറയുന്നു. സർ, ആറണ, എട്ടണ, പത്തണ, രണ്ടുപണം, നാലുപണം ഇങ്ങനെ പണക്കണക്കാണു പഴയ കുടിയാന്മാർക്കു പാട്ടമായിനിശ്ചയിച്ചിരുന്നതു്. ഒരു പണം എന്നുപറഞ്ഞാൽ മൂന്നേകാൽ അണയാണ്.

അങ്ങനെ രണ്ടുപണം, നാലുപണം എന്നതരത്തിൽ പാട്ടംകൊടുക്കേണ്ടുന്ന ആയിരക്കണക്കിനുള്ള കുടിയാന്മാർ മുഴവൻ നൂററൻപതും, ഇരുനൂറും രൂപാ പാട്ടംകൊടുക്കേണ്ട സ്ഥിതിയിലേക്കു് എത്തിയിരിക്കുകയാണ്. നിലവിലുള്ള കരാറുപാട്ടമോ മര്യാദപാട്ടമോ ഏതാണു കുറവു് അതുകൊടുത്താൽ മതിയെന്നുള്ള വകുപ്പ് ഈ സമരതുള്ളിയതോടുകൂടി പൂർണ്ണമായല്ല, ഭാഗികമായി ബഹുഃഭൂരിപക്ഷം കുടിയാന്മാർ വർദ്ധിച്ചപാട്ടം കൊടുക്കേണ്ടിവരും. അവർ അതിൻെറ ഫലം അനുഭവിക്കട്ടെ എന്നല്ലാതെ എന്താണൊരു ശരണം. ജന്മിമാർ പാട്ടക്കോടതിയിൽപോയിപാട്ടം വർദ്ധിപ്പിക്കാൻ അനുവദിക്കുന്നതിനെ ഞാൻ സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കുകയാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : നമ്മുടെനാട്ടിൽ പത്തു ഇടങ്ങഴിപാട്ടം വാങ്ങുന്ന ജന്മിമാരുണ്ടെന്ന വസ്തുത ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. എൻ. ഈ. ബലറാം : ഉണ്ടെങ്കിൽ അതുമറിയാം. ഈ ചോദ്യം ചോദിക്കാൻ ബഹുമാനപ്പെട്ട മെമ്പറെ പ്രേരിപ്പിച്ച വസ്തുതയുംഎനിക്കറിയാം. ഇന്നലെയും മിനിഞ്ഞാന്നും ആരായിരുന്നു ഇവിടെവന്നതെന്നും എനിക്കറിയാം. അതും ഇപ്പോൾ ഇവിടെ ചർച്ച ചെയ്യേണ്ട. പാട്ടം വർദ്ധിപ്പിക്കണമെങ്കിൽ അതു് നേരിട്ടുപറയണം. വളഞ്ഞുതിരിഞ്ഞു പറയേണ്ടകാര്യമില്ല. വൻകിട ജന്മിമാർക്കുപോലും പാട്ടം വർദ്ധിപ്പിക്കാൻ അനുവദിക്കണമെങ്കിൽ അതുതുറന്നു പറയണം. കാർഷികബന്ധനിയമത്തിലും ഈ ബില്ലിലുമുള്ള മൗലികമായ വ്യത്യാസം ഇവിടെയാണു കിടക്കുന്നതു്, കാർഷികബന്ധനിയമപ്രകാരം

വൻകിടജന്മിമാർക്ക് പാട്ടം വർദ്ധിപ്പിക്കാനുള്ള യാതൊരു സാഹചര്യവും ഉണ്ടായിട്ടില്ലെന്നു ശ്രീ. ചാക്കോതന്നെ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ വൻകിട ജന്മിമാർക്കും, ചെറുകിട ജന്മിമാർക്കും പാട്ടം വർദ്ധിപ്പിക്കാനുള്ളസൗകര്യം നൽകിയിരിക്കുകയാണ്. എന്നെ അധികം ഭയപ്പെടുത്തിയത് മന്ത്രിയുടെ 1094-ാം നമ്പർ ഭേദഗതിയാണ്. ക്ലാസ് 63 പ്രകാരം ആനുവിററി തീർച്ചപ്പെടുത്താനുള്ളതാണ്. ആ ഭേദഗതി 30-ാം വകുപ്പു പ്രകാരം നിശ്ചയിക്കുന്ന പാട്ടത്തിനനുസരിച്ച ആനുവിററി ആ ഭേദഗതിയിൽ നിശ്ചയിച്ചിരിക്കുന്നു. അങ്ങനെ വരുമ്പോഴുള്ള കഥ രണ്ടാമത്തും ആവർത്തിക്കാൻ ഞാൻ വിചാരിക്കുന്നില്ല. കൊട്ടിയൂരിലുള്ള ഭൂമി മുഴവൻ പാട്ടം കൊടുത്താൽ പതിച്ചുകൊടുക്കാമെന്നു സമ്മതിച്ച ശ്രീ. മന്നത്തുപത്മനാഭന്റെ ആൾക്കാർ കുടിയാന്മാരെ സമീപിച്ചു തങ്ങൾ അങ്ങനെ കൊടുക്കേണ്ട ആവശ്യമില്ലെന്നു വിചാരിച്ചു അന്നതു നിഷേധിക്കുകയാണു കുടിയാന്മാർ ചെയ്തത്. ഇന്ന് ഈ വകുപ്പു പാസ്സാകുകയാണെങ്കിൽ അവർ മന്നത്തുപത്മനാഭനു കൊടുക്കേണ്ട പാട്ടം വളരെവലുതാകും. കമുകിൻ തോട്ടത്തിനു ചുരുങ്ങിയത് ഏക്കറിനു 250 രൂപയാണ് വരിക. അതും ആ കമുക് അവിടെ വച്ചുപിടിപ്പിച്ചതു മലനാട്ടുകർഷകനാണെന്നു കോടതിയെ ബോദ്ധ്യപ്പെടുത്താൻ സാധിച്ചാൽമാത്രം. അല്ലെങ്കിൽ അറുനൂറ് അറുനൂററിഅൻപതു രൂപാവരെ കൊടുക്കേണ്ടിവരും. അതാണു ഈ ബില്ലിലെ പാട്ടത്തോത്. അതുപോലെ കുരുമുളക് തോട്ടത്തിനു ചുരുങ്ങിയതു 100 രൂപയാണ്. അതും ഞാൻ മുൻപു പറഞ്ഞതുപോലെ കുടിയാൻ വച്ചു പിടിപ്പിച്ചതാണെങ്കിൽമാത്രം. കെ. പി. സി. സി. പോലും പറഞ്ഞതു കൊട്ടിയൂർകാർ പത്തു രൂപാ കൊടുത്താൽമതിയെന്നാണ്. ഒരാണ്ടിലെ പാട്ടം രണ്ടു രൂപയായിട്ടാണ് അവരും നിജപ്പെടുത്തിയിട്ടുള്ളത്. മന്നത്തുപത്മനാഭനും നായർസർവ്വീസ് സൊസൈററിയും 2 രൂപാ സമ്മതിച്ചിടത്ത് അഞ്ഞൂറും അറുനൂറും രൂപാ പാട്ടംകൊടുക്കേണ്ടി...........

ശ്രീ. പി. നാരായണൻ തമ്പി : സർ, ഒരു പായിന്റ് ഓഫ് ആർഡർ സമൂഹത്തിനുള്ളിൽ ആദരിക്കുന്നയാളും ഈ സഭയിൽ ഇല്ലാത്തയാളുമായ ശ്രീ. മന്നത്തു പത്മനാഭനും ശ്രീ. ബലറാമുമായി ചില കരാറുകൾ ഉണ്ടെന്നു യാതൊരു തെളിവുകളുമില്ലാതെ, ഒരുപക്ഷേ തെററിദ്ധാരണ വരുത്തത്തക്കവണ്ണം പറയുകയുണ്ടായി. അതിനെപ്പററി ഞങ്ങൾക്കാർക്കും ഒന്നും അറിഞ്ഞുകൂട. ഈ സഭയിൽ പ്രസ്താവിക്കുന്ന കാര്യത്തെപ്പററി പത്രറിപ്പോർട്ടുകൾ വരും. ശ്രീ. ബലറാം പറയുന്നതു ശരിയാണോ അല്ലയോ എന്ന് ആർക്കും അറിഞ്ഞുകൂട. അതിനു മറുപടിപറയാനും ഇവിടെയാരുമില്ല. അങ്ങനെയുള്ള കാര്യങ്ങളെപ്പററി അദ്ദേഹം യാതൊരു അടിസ്ഥാനവുമില്ലാതെ പ്രസ്താവിക്കുന്നത് ആർഡറിലാണോ ? അല്ലെങ്കിൽ അതൊഴിവാക്കി അദ്ദേഹത്തിന് ഈ വകുപ്പിനെപ്പററി പറയേണ്ടതുമാത്രം പറയുകയല്ലേനല്ലത് ?

മിസ്റ്റർ സ്പീക്കർ : ഈ പ്രശ്നത്തെപ്പററി അഭിപ്രായവ്യത്യാസത്തിന് വഴിയില്ല. ഈ സഭയിൽ പറയുന്നകാര്യങ്ങളെ സംബന്ധിച്ചിടത്തോളം വിശദീകരണം നൽകാൻ നിർവാഹമില്ലാത്ത ആളുകളെപ്പററിയുള്ളപ്രതിപാദനം ഒഴിവാക്കണമെന്ന് റൂളിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. എന്നാൽ വാദപ്രതിവാദത്തിനിടയിൽ ചില റഫറൻസ് വന്നേക്കാം. അത് ആരോപണപരമാകാൻ പാടില്ല.

ശ്രീ. എൻ. ഇ. ബലറാം : ഞാൻ പറഞ്ഞത് യാതൊരു അടിസ്ഥാനവുമില്ലാതെയാണെന്ന് ബഹുമാനപ്പെട്ടമെമ്പർ പറഞ്ഞതിൽ എനിക്ക് പ്രതിഷേധമുണ്ട്. ഇങ്ങനെ മെമ്പറന്മാർതമ്മിൽ പറയാൻ തുടങ്ങിയാൽ മര്യാദയുടെ സീമ വിട്ടുപോകുമെന്നാണ് എനിക്കു പറയുവാനുള്ളത്. സഭയിൽ ഇല്ലാത്ത ആരെപ്പററിയും ആരോപണം ഉന്നയിക്കണമെന്ന് എനിക്ക് ആഗ്രഹമില്ല. അങ്ങനെ ചെയ്യുന്നതു ശരിയുമല്ല. ആണ്ടിൽ രണ്ടുരൂപാ വീതം അഞ്ചുകൊല്ലത്തെ പാട്ടമായ 10 രൂപ കൊടുത്താൽ കൊട്ടിയൂരിലുള്ള ഭൂമി മുഴവൻ കുടിയാന്മാർക്ക് പതിച്ചുകൊടുക്കാമെന്ന് നായർസർവ്വീസ് സൊസൈററിയും, കെ. പി. സി. സി. യും, പറഞ്ഞിട്ടുണ്ട്. അതെല്ലാം കഴിഞ്ഞു. കാർഷികബന്ധനിയമം ഉണ്ടായിരുന്നിട്ടുപോലും ഏക്കറിനു രണ്ടും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഇ. ബലറാം]

മൂന്നും രൂപാ പാട്ടം കൊടുത്തുകൊണ്ടിരുന്നവർ എൺപതും നൂറും രൂപാ പാട്ടം കൊടുക്കണമെന്ന് വിധിയുണ്ടായിട്ടുണ്ട്. ആ നിയമമുള്ളപ്പോൾ അങ്ങനെയൊന്നും കുടിയാന്മാരുടെ പാട്ടം വർദ്ധിപ്പിക്കുകയില്ലെന്നുള്ള വിശ്വാസമാണ് എനിക്കുണ്ടായിരുന്നത്, അതൊക്കെകഴിഞ്ഞു. ജന്മിമാർക്കുകൂടി ലാൻറ് ട്രൈബ്യൂണലിനെ സമീപിക്കാൻ അവകാശം നൽകുന്ന നിയമമെന്ന നിലയിൽ ഈ ബിൽ പാസാകുകയാണെങ്കിൽ ആ ഭാഗത്തുള്ള ബഹുഭൂരിപക്ഷം കുടിയാന്മാരുടെ പാട്ടം എത്രയോ ഇരട്ടി വർദ്ധിക്കും.

ശ്രീ. ടി. എ. തൊമ്മൻ: നായർസർവ്വീസ് സൊസൈററിയും മന്നത്തുപത്മനാഭനും സ്ഥാവരഹോൾഡറാണെന്നാണോ പറയുന്നത്. സ്ഥാവരഹോൾഡറാണെങ്കിലേ പാട്ടം വർദ്ധിക്കുകയുള്ളൂ.

ശ്രീ. എൻ. ഇ. ബലറാം: ക്ലാസ് മുപ്പതിൽ എഴുതിയിട്ടുള്ളത് ലാൻഡ് ലാഡ് എന്നാണ്. അതിൽനിന്ന് എക്സ്പ്ഷൻ മന്നത്തുപത്മനാഭനും നായർ സർവ്വീസ്സൊസൈററിക്കും കൊടുത്തിട്ടുണ്ടെന്ന ഞാൻ മനസ്സിലാക്കിയിട്ടില്ല.

ശ്രീ. ടി. എ. തൊമ്മൻ: 27–ലെ 2 കൂടി നോക്കണം.

ശ്രീ. എൻ. ഇ. ബലറാം. അതും നോക്കിയിട്ടാണ പറഞ്ഞത്. കുടിയാന ഒരു സംരക്ഷണവും ഈ കാര്യത്തിലില്ല.

ശ്രീ. ഇ. പി. ഗോപാലൻ: സ്ഥാവര ഹോൾഡർ പാട്ടം വർദ്ധിപ്പിക്കാൻ ഹർജികൊടുക്കേണ്ടതാണെന്ന പ്രകാരാന്തരേണ ശ്രീ തൊമ്മൻ പറഞ്ഞതിൽ നിന്നും അർത്ഥംവരുന്നില്ലേ ?

ശ്രീ. എൻ. ഇ. ബലറാം: അതു ശ്രീ. തൊമ്മനോടുതന്നെ ചോദിക്കുകയാണ നല്ലത്. ശ്രീ. തൊമ്മൻ പിൻവാതിലിൽകൂടി ഓരോന്നിട്ടുകൊടുക്കുകയാണ്. അതിന സമാനമായ വാദങ്ങൾ പറയുന്നുവെന്ന മാത്രമേയുള്ളൂ. 'എനി ലാൻഡ് ലോർഡ്' എന്നുപറഞ്ഞാൽ ഏതു ലാൻഡ്ലോർഡും പെടുമെന്നാണ ഞാൻ മനസ്സിലാക്കുന്നത്. ലാൻഡ്ലോഡിന പാട്ടം വർദ്ധിപ്പിക്കാനല്ലാതെ ട്രൈബൂണലിൽപോകേണ്ട ആവശ്യമില്ല. രണ്ടും നാലും പണം പാട്ടം വാങ്ങി ജീവിക്കുന്നവർ പാട്ടം വർദ്ധിപ്പിക്കാനാണ് സ്വാഭാവികമായി ട്രൈബ്യൂണലിൽ പോകുന്നത്. അങ്ങനെ പാട്ടം വർദ്ധിപ്പിക്കാനുള്ള അവകാശം ഇതുമൂലം ഉണ്ടാകുന്നതുകൊണ്ട് ലാൻഡ്ലോർഡ് എന്നുള്ള ഭാഗം മാററണമെന്നാണ ഞാൻ ആവശ്യപ്പെടുന്നത്. കൊട്ടിയൂർ ഭാഗത്താണ കൂടുതൽ പാട്ടവർദ്ധനവ് ഉണ്ടാകാനിടവരിക. അവിടെ ദേവസ്വം കുടിയാന്മാർക്ക് പാട്ടം വർദ്ധിപ്പിക്കത്തക്കനിലയിലാണ് 63-ാം വകുപ്പായിപ്പതിയൊരു വകുപ്പ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ എഴുതിചേർത്തത്. അതു അവതരിപ്പിച്ചില്ല. പക്ഷേ അദ്ദേഹം അത് അവതരിപ്പിക്കുമെന്ന് തീർച്ചയാണ്. അങ്ങനെ വന്നാൽ ദേവസ്വം കുടിയാന്മാരുടേയും അല്ലാത്തവരുടേയും പാട്ടം ഏറെ വർദ്ധിക്കുന്നതാണ്. ഏതായാലും ഏതു ജന്മിയുടെ എന്ന വാക്ക് ഈ ക്ലോസിൽനിന്നും നീക്കുകതന്നെവേണം.

ശ്രീ. ആർ. കൃഷ്ണൻ: എൻെറ 627–ാം നമ്പർ ഭേദഗതിക്ക് സമാന്തരമായ ഒരു ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതുകൊണ്ടാണ് എൻെറ ഭേദഗതി അവതരിപ്പിക്കാൻ സാധിക്കാതെവന്നത്. മലബാർ

10 a. m.] ടെനൻസി ആക്ടിൽ ആ ആക്ട് നടപ്പിലായതിന ശേഷം, 3 കൊല്ലം കഴിഞ്ഞ് ജന്മിമാർക്ക് പാട്ടക്കോടതിയെ സമീപിക്കാമെന്നേ വ്യവസ്ഥ ഉണ്ടായിരുന്നുള്ളൂ. കാർഷികബന്ധ നിയമത്തിൽ അതും ഇല്ലായിരുന്നു. ഈ ബില്ലിൽ ജന്മിക്കും കുടിയാനും ലാൻഡ് ട്രൈബ്യൂണലിനെ സമീപിക്കാമെന്നാണ പറഞ്ഞിരിക്കുന്നത്. കരാർപാട്ടമോ മര്യാദപ്പാട്ടമോ ഏതാണ് കുറവെന്നുള്ളത് അംഗീകരിക്കുന്നതിൽ ആത്മാർത്ഥതയുണ്ടെങ്കിൽ ഇവിടെ ലാൻഡ് ലോർഡ് എന്നുള്ളത് എടുത്തുകളയുന്നതിൽ യാതൊരു വിരോധവുമില്ല. കരാർപാട്ടമോ മര്യാദ

LIBRARY ARCHIVES Kerala Legislative Assembly

പ്പാട്ടമോ ഏതാണ് കുറവ് അതു കൊടുത്താൽ മതിയെന്നു പറഞ്ഞാലും, രേഖയില്ലാത്ത കുടിയാന്മാരും കുടികിടപ്പുകാരും കുടിയിരുപ്പുകാരും ഉള്ള നമ്മുടെ നാട്ടിൽ കരാർപാട്ടം ഇത്രയാണെന്നുള്ള കുടിയാന്റെ യഥാർത്ഥവാദം ജന്മി സമ്മതിക്കാൻപോകുന്നില്ല. കുടിയിരുപ്പുകാരുടെ പാട്ടം നാലണ മുതൽ ഏറിയാൽ ഒരു രൂപയാണ്. അതിനു മിക്കവാറും രേഖ കാണുകയില്ല. അങ്ങനെയുള്ള കുടിയിരുപ്പുകളിൽ കുടിയിരുപ്പുകാരൻ നാലഞ്ചു തെങ്ങു വച്ചുപിടിപ്പിച്ചിട്ടുണ്ടെങ്കിൽ കരാർപാട്ടവ്യവസ്ഥ വ്യക്തമല്ലാത്തതുകൊണ്ട് ഈ നിയമപ്രകാരമുള്ള വിളവിന്റെ 1/8 മര്യാദപ്പാട്ടം കൊടുക്കേണ്ടിവരും. അങ്ങനെ നോക്കുമ്പോൾ തേങ്ങയുടെ വിലപ്രകാരം 20-ം, 30-ം രൂപ കൊടുക്കേണ്ടിവരും. ഇതുമാതിരി രേഖയില്ലാത്ത അനവധി ആളുകൾ ഉണ്ടെന്നു ഈ സഭയിൽതന്നെ സമർത്ഥിച്ചിട്ടുണ്ട് അതുകൊണ്ടാണല്ലോ ശമ്പളപ്പാട്ടം, ശമ്പളശീട്ട മുതലായതു ടെനൻസിയിൽ പെടുത്തിയതു്. അങ്ങനെയുള്ള കുടിയാന്മാരുടെ പാട്ടം വർദ്ധിപ്പിക്കാൻ ജന്മിമാർ പാട്ടക്കോടതികളെ സമീപിക്കും. അങ്ങനെ വരുമ്പോൾ ഇന്നു് കൊടുത്തുവരുന്നതിനേക്കാൾ കൂടുതൽ പാട്ടം കൊടുക്കാനുള്ള സന്ദർഭം ഉണ്ടാകുകയും ചെയ്യും. അതു് വലിയ ദ്രോഹമായിരിക്കുമെന്നാണ് എനിക്കു് പറയാനുള്ളതു്. 25 പറ നെല്ലു് പാട്ടം ഉണ്ടായിരുന്ന രേഖയില്ലാത്ത ഒരു കുടിയാൻ 100 പറ നെല്ലാണ് പാട്ടമെന്നുപറഞ്ഞു ജന്മി കോടതിയിൽ വാദിച്ചതിന്റെ ഫലമായി 25 ശതമാനം കുറച്ചു 75 പറ നെല്ലു് മര്യാദപ്പാട്ടമായി വിധിച്ചിട്ടുണ്ടു്. ഇങ്ങനെ കുടിയാന്മാർക്കു് ദ്രോഹകരമായ സംഭവം ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് ലാൻറു്ലാഡിനു് ഇങ്ങനെ ഒരു സൗകര്യം കൊടുത്തിരിക്കുന്നതു നീക്കംചെയ്യണമെന്നു പറയുന്നതു്. ഇവിടെ മര്യാദപ്പാട്ടമെന്നുപറയുമ്പോൾ കുടിയാന്റെ പാട്ടം കുറയ്ക്കാനല്ലെന്നു വ്യക്തമായി കഴിഞ്ഞിരിക്കുകയാണ്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ പറയാനുള്ളതു് ഭിക്ഷ കിട്ടിയില്ലെങ്കിലും തരക്കേടില്ല, പട്ടിയെവിട്ടു് കടിപ്പിക്കാതെയിരുന്നാൽ മതിയെന്നാണ്. പാട്ടം കുറഞ്ഞില്ലെങ്കിലും പാട്ടം കൂട്ടാനുള്ള സൗകര്യമെങ്കിലും കൊടുക്കാതിരിക്കാനാണ് ഈ ലാൻറു്ലാഡ് എന്നുള്ള പദം നീക്കം ചെയ്യണമെന്നു പറയുന്നതു്.

<u>ശ്രീ. ഈ. പി. ഗോപാലൻ</u>: സ്മാൾഹോൾഡേഴ്സിന്റെ കീഴിലുള്ള കുടിയാന്മാരെ സംബന്ധിച്ചിടത്തോളം പാട്ടം വർദ്ധിപ്പിക്കാൻ സൗകര്യമുണ്ടു്; അതു ഇരട്ടിയായിട്ടല്ല, എത്ര വേണമെങ്കിലും വർദ്ധിപ്പിക്കാനാണ് ഒരു വകുപ്പു് ഇന്നലെ പാസ്സാക്കി എടുത്തതു്. അങ്ങനെ വർദ്ധിപ്പിക്കുന്നതു് തൽക്കാലം തടയാൻ ഇനി ഒററ മാർഗ്ഗമേയുള്ളു; ലാൻറു്ലാഡിനു് ലാൻറു് ട്രൈബ്യൂണലിനെ സമീപിക്കാൻ അവകാശമില്ല എന്നു് അംഗീകരിക്കണം. ഒരു കീഴ് വഴക്കം എന്ന നിലയിൽ, ശ്രീ. ആർ. കൃഷ്ണൻ മലബാർ ടെനൻസി ആക്ററിലെ ബന്ധപ്പെട്ട വകുപ്പിനെ സംബന്ധിച്ചു് ഇവിടെ സൂചിപ്പിച്ചു. മലബാർ ടെനൻസി ആക്ററിൽ, റെൻറു് കോർട്ടിനെ സമീപിക്കാനുള്ള അവകാശം കുടിയാനു മാത്രമേ ഉണ്ടായിരുന്നുള്ളു. മൂന്നുകൊല്ലം കഴിഞ്ഞിട്ടേ അങ്ങനെയൊരു അവകാശം ജന്മിക്കു കൊടുത്തിരുന്നുള്ളു. ആ കാലമാണെങ്കിൽ, സോഷ്യലിസ്റ്റു് പാറേറണിന്റെ കാലമായിരുന്നില്ല. ജന്മിമാർക്കു് കൂടുതൽ ശക്തിയുള്ള കാലമായിരുന്നു. ആ കാലത്തുപോലും മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിനു് പാട്ടക്കോടതിയെ സമീപിക്കാൻ ജന്മിക്കു് അധികാരം കൊടുത്തിരുന്നില്ല. ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇത്ര വിഷമം ഉണ്ടാകുമായിരുന്നില്ല; മന്ത്രി പുറപ്പെടുവിച്ച പ്രഖ്യാപനങ്ങൾ സത്യസന്ധമായി പാലിച്ചിരുന്നെങ്കിൽ. അതായതു്, മര്യാദപ്പാട്ടം കണക്കാക്കുമ്പോൾ –whichever is less എന്ന തത്വം അംഗീകരിച്ചിരുന്നെങ്കിൽ ചെറുകിടക്കാരുടെ കുടിയാന്മാർക്കു് അതു ബാധകമല്ല എന്നു് വന്നു. പാട്ടം കൂട്ടാം എന്നായി. എത്ര വേണമെങ്കിലും കൂട്ടാം എന്നു വന്നു. ഇരട്ടിയിലധികരിക്കാൻ പാടില്ല എന്ന നിബന്ധന പോവുകയും ചെയ്തു.

ഇക്കാര്യത്തിൽ, അറിഞ്ഞോ അറിയാതെയോ തെററിദ്ധാരണ പരന്നിട്ടുണ്ടു്. നല്ലൊരു വിഭാഗത്തെ സംബന്ധിച്ചിടത്തോളം സംഗതി അറിഞ്ഞുകൊണ്ടുതന്നെ മൗനം ദീക്ഷിക്കുന്നമട്ടുണ്ടു്. മര്യാദപ്പാട്ടത്തെ സംബന്ധിച്ചിടത്തോളം "whichever is less" എന്ന തത്വം പൊതുവിൽ അംഗീകരിച്ചുകഴി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

ഞ്ഞിരിക്കുന്നുവെന്നാണ് ധാരണ. കരാറുപാട്ടമോ, മര്യാദപ്പാട്ടമോ ഏതാണ് കുറവ് അത് ഫെയർ റെൻറായി പരിഗണിക്കുമെന്ന് തീരുമാനിച്ചു എന്നു ധരിച്ചുവശായിരുന്നു. ഭാഗികമായി മാത്രമേ അങ്ങിനെ വരുന്നുള്ളു. ചെറുകിടക്കാരുടെ കുടിയാന്മാർക്ക് ഇതു ബാധകമല്ല. അത്രത്തോളം അതു ശരിയുമല്ല. ചെറുകിടക്കാരുടെ കുടിയാന്മാരെ സംബന്ധിച്ചിടത്തോളം, മന്ത്രി കൊണ്ടു വന്നിട്ടുള്ള ഭേദഗതിയിലടങ്ങിയ ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടിരിക്കുകയാണ്. ഏറിയാൽ കാൺട്രാക്റ്റു റെൻറിന്റെ ഇരട്ടിയേ ഫെയർറെൻറ് വരികയുള്ളു എന്ന നിബന്ധനയും പോയി. ഇനി, Landlord-ന് ലാൻറ് ട്രിബ്യൂണലിൽ ഹർജി കൊടുക്കാം എന്നു വ്യവസ്ഥ ചെയ്താൽ, അങ്ങിനെ നിശ്ചയിക്കപ്പെടുന്ന പാട്ടം എത്രയായാലും കുടിയാൻ കൊടുത്തുകൊള്ളണമെന്നുവരുന്നു. ചെറുകിടക്കാരുടെ പേരുംപറഞ്ഞ്, കുറെ ഭൂഉടമകൾക്ക് പാട്ടം വർദ്ധിപ്പിച്ചുകൊടുക്കുന്നതിൽ സന്തോഷമുള്ളവർ കാണും. ഇന്നു കൊടുക്കുന്ന പാട്ടം കൊടുത്തു കുടിയാനായി തുടരാൻ സമ്മതിച്ചെങ്കിലെത്ര നന്ന്. ഈ ക്ലാസ്സിൽ പറയുന്നതുപോലെ എല്ലാ Landlord-നും ലാൻറ് ട്രൈബ്യൂണലിനെ സമീപിക്കാൻ അവസരം നൽകിയാൽ ചെറുകിടക്കാരുടെ കീഴിലുള്ള കുടിയാന് ഇന്നത്തേക്കാൾ എത്രയോ കൂടുതൽ പാട്ടം കൊടുക്കേണ്ടതായിട്ടുവരും. ചെറുകിടക്കാർക്കു പാട്ടം വർദ്ധിപ്പിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണ് ചെയ്തിരിക്കുന്നത്. ചെറുകിടക്കാരല്ലാത്തവർ മര്യാദപ്പാട്ടം നിശ്ചയിച്ചുകിട്ടാൻ പോകില്ല, കാരണം അവർക്കതുകൊണ്ട് യാതൊരു മെച്ചവും കിട്ടാനില്ല. ചെറുകിടക്കാർക്ക് പാട്ടം കൂട്ടിക്കിട്ടാൻ വഴിവച്ചുകൊടുത്തിരിക്കുന്നു. മറ്റൊന്നും ചെയ്തില്ലെങ്കിലും സ്റ്റാറ്റസ്കോ മെൻറയിൻ ചെയ്യുകയെങ്കിലും വേണം. ചെറുകിട ജന്മിമാർക്ക് ഇന്ന് കിട്ടുന്ന പാട്ടം മതിയാവുകയില്ലെങ്കിൽ, അവരുടെ കുടിയാന്മാരെക്കൊണ്ടു കൂടുതൽ പാട്ടം കൊടുപ്പിക്കാൻ വഴിയുണ്ടാക്കുന്നതിന് പകരം മറ്റെന്തെങ്കിലും മാർഗ്ഗം ഉണ്ടാക്കണം. ചെറുകിടക്കാരുടെ പ്രയാസങ്ങൾ എണ്ണിപ്പറയുന്നവർ അവരുടെ കീഴിലുള്ള കുടിയാന്മാരുടെ കാര്യം സൗകര്യപൂർവ്വം മറന്നുകളയുന്നു. ചെറുകിടക്കാരിൽ പട്ടിണിക്കാരുണ്ട്. കഷ്ടതയുള്ളവരുണ്ട്. അതൊക്കെ തീർക്കാൻ കുടിയാന്റെ ചെലവിൽ, വഴിയുണ്ടാക്കിവയ്ക്കുന്നതു നല്ലതിനല്ല. നിയമനിർമ്മാണംവഴി കുറെ ചെറുകിടക്കാരെ പടച്ചുവിട്ടു, അവരുടെ കുടിയാന്മാരെ നശിപ്പിക്കുന്നതിന് വഴിയൊരുക്കുകയാണ്. ചെറുകിടക്കാരെ രക്ഷിക്കാൻ നിലവിലുള്ള പാട്ടം വർദ്ധിപ്പിക്കുന്നതു ന്യായമാണോ? അല്ലെങ്കിൽ ഈ ഭേദഗതി സ്വീകരിക്കണം. ഒരു നിശ്ചിത കാലത്തേക്കെങ്കിലും ഇതനുവദിച്ചാൽ അത്രയും നന്ന്. മലബാർ ടെനൻസി ആക്റ്റിൽ വ്യവസ്ഥയുണ്ടായിരുന്ന അത്ര കാലത്തേക്കെങ്കിലും സ്മാൾഹോൾഡേഴ്സിനു പാട്ടം വർദ്ധിപ്പിക്കാൻ സൗകര്യം കൊടുക്കരുത്. ശ്രീമതി കെ. ആർ. ഗൗരിയുടെ ഒരു ഭേദഗതിയും ഇവിടെ കാണുന്നുണ്ട്. സ്മാൾഹോൾഡേഴ്സ് പാട്ടം കൂട്ടിക്കിട്ടാൻ ലാൻഡ് ട്രൈബ്യൂണലിൽ ഹർജി കൊടുക്കുമെന്ന കാര്യത്തിൽ സംശയംവേണ്ട. നിബന്ധനകളുടെ നിലനിൽപ്പ് അങ്ങനെയാണ്. ശ്രീമതി കെ. ആർ. ഗൗരിയുടെ ഭേദഗതി ഇക്കാര്യത്തിൽ എത്രകണ്ട് പ്രസക്തമാണെന്ന് മനസ്സിലാകുന്നില്ല. ഇവിടെ വിഷയം എന്താണെന്നുവച്ചാൽ, സ്മാൾഹോൾഡേഴ്സ് മര്യാദപ്പാട്ടം നിജപ്പെടുത്തിക്കിട്ടാൻ ഹർജികൊടുക്കും. കരാർപാട്ടത്തേക്കാൾ മര്യാദപ്പാട്ടം വർദ്ധിപ്പിച്ചുകിട്ടും. ഈ അവകാശം അവർക്കു കൊടുക്കണമോ? കൊടുക്കാൻ പാടില്ല. സ്ഥിരാവകാശംകിട്ടിക്കഴിഞ്ഞ കൊച്ചിയിലേയും, മലബാറിലേയും ചെറുകിട ഭൂഉടമകളുടെ കീഴിലുള്ള കുടിയാന്മാർ കൂടുതൽ പാട്ടം കൊടുക്കേണ്ടിവരും. ഇവരുടെ സംഖ്യ സാമാന്യം വലിയൊരു സംഖ്യയാണ്. മലബാറിലും, കൊച്ചിയിലും സ്ഥിരാവകാശം കിട്ടിക്കഴിഞ്ഞ കുടിയാന്മാർ ചെറുകിടക്കാരന്റെ കുടിയാനായി, പാട്ടം കൂടുതൽ കൊടുക്കണമെന്നാണ് വന്നിട്ടുള്ളത്. നിലവിലുള്ള പാട്ടത്തിന്റെ ഇരട്ടിയിലധികമാകാൻ പാടില്ല മര്യാദപ്പാട്ടം എന്ന വ്യവസ്ഥയും പോയി. ഇതിൽപരം അന്യായം ഉണ്ടോ? 1960-ൽ അനുവദിച്ചുകൊടുത്ത മര്യാദപ്പാട്ടത്തേക്കാൾ, ജന്മിക്കു പാട്ടം വർദ്ധിപ്പിച്ചുകൊടുക്കുന്ന മര്യാദയാണ്, 1963-ലെ കാൺഗ്രസ്സിന്റെ മര്യാദ. ഇന്നുള്ള പാട്ടം കൂട്ടുന്നതാണത്രെ മര്യാദപ്പാട്ടം. അതു നടക്കുന്ന കാര്യം സംശയത്തിലാണ്. ചെറുകിടക്കാരനെ അതിനനുവദിച്ചുകൂട എന്നുള്ളതിനാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, നാഷണൽ ഇൻറഗ്രേഷനെപ്പററി സ്ഥാനത്തും അസ്ഥാനത്തും ഉൽഘോഷങ്ങളുണ്ടാകുന്നുണ്ടു്. വാസ്തവത്തിൽ കേരളത്തിൽ അതു നടപ്പിലാകുന്നമട്ടെങ്ങിനെയാണെന്നോ ! മലബാറിലേയും കൊച്ചിയിലെയും ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളെക്കൊണ്ടു പറയിക്കാൻപോവുകയാണു്, ഒരു സംസ്ഥാനമായതു് തെററിപ്പോയി എന്നു്. 'വരവും വേണ്ടാ, വരപ്രസാദവും വേണ്ട, കൊതിക്കാതിരുന്നാൽമതി' എന്നു പറയുന്ന മട്ടിലാണു് കൊച്ചിയിലേയും മലബാറിലെയും കർഷകരുടെ സ്ഥിതി. ഏകീകരണമല്ല, ശിഥിലീകരണമാണു് നടക്കുന്നതു്. ആമ്പലും വെള്ളവും ഒപ്പമായി. ഈ നിയമത്തിൽ, കുടിയാന്മാരെ ദ്രോഹിക്കുന്ന വകുപ്പുകൾ ഉടനീളം കാണാം. വളരെക്കാലമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന പല ആനുകൂല്യങ്ങളും കുടിയാന്മാരുടെ കയ്യിൽനിന്നു് തട്ടിയെടുക്കുന്നു. ചെറുകിടക്കാരനു് ലാൻഡു് ട്രൈബ്യൂണലിനെ സമീപിക്കാൻ അവകാശം കൊടുക്കുന്നതു കുടിയാനു് ദോഷംചെയ്യും. സെലക്റ്റു് കമ്മിററി റിപ്പോർട്ടിൻെറ ചർച്ചാവേളയിൽ മന്ത്രി പറഞ്ഞു, ഇപ്പോൾ കൊടുക്കുന്ന പാട്ടത്തിലും കൂടുതൽ പാട്ടം കുടിയാൻ കൊടുക്കേണ്ടി വരില്ല എന്നു്. ചെറുകിടക്കാരുടെ കുടിയാന്മാരെ സംബന്ധിച്ചിടത്തോളം പാട്ടം കൂട്ടാൻ ഇടവരുന്ന കാര്യം ഗൌരവപൂർവ്വം പര്യാലോചിക്കേണ്ടതായിരുന്നു. ഇന്നലെ പാസ്സാക്കിയ വകുപ്പനുസരിച്ചു് പാട്ടം കൂടും. ചെറുകിടക്കാർക്കു് ലാൻഡു് ട്രൈബ്യൂണലിൽ പോകാൻ അധികാരവുംകൂടി കിട്ടിക്കഴിഞ്ഞാൽ തികഞ്ഞു, പാട്ടവർദ്ധനവിൻെറ ഫ്ളഡ് ഗയിററു് തുറന്നുവിടുകയായി. പാട്ടം കൂട്ടാനുള്ള വ്യവസ്ഥ കൊണ്ടുവരാൻ ധൈര്യപ്പെട്ടുവല്ലോ. ലാൻഡു് ലാർഡിനു് ലാൻഡു് ട്രൈബ്യൂണലിനു് ഹർജികൊടുക്കാൻ അധികാരം ഉണ്ടാകരുതു്. മററൊന്നും ചെയ്തില്ലെങ്കിലും നിലവിലുള്ള പാട്ടം വർദ്ധിപ്പിക്കാൻ വഴിവെച്ചുകൊടുക്കരുതു്. മലബാറിലെയും കൊച്ചിയിലെയും കുടിയാന്മാരെ സംബന്ധിച്ചിടത്തോളം, പ്രാദേശികപരിഗണനയോടുകൂടി സ്ഥിരാവകാശം നൽകിയിട്ടുണ്ടു്. അതു അപകടമായി എന്നു് വരത്തക്കവിധത്തിലാണു്, അത്തരം കുടിയാന്മാരിൽനിന്നു് കൂടുതൽ പാട്ടം ഈടാക്കാൻ പോകുന്നതു്. ഇതിനെ എല്ലാവിധത്തിലും എതിർത്തു തോൽപ്പിക്കുകതന്നെ ചെയ്യും. ചെറുകിട ജന്മിമാരെ സഹായിക്കുന്നതിനായി, അവരുടെ കീഴിൽ സ്ഥിരാവകാശം ലഭിച്ച കുടിയാന്മാരിൽനിന്നു് കൂടുതൽ പാട്ടം ഈടാക്കുന്നതിനു്...........

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : കുടിയാനും, ലാൻഡു് ലാർഡും ലാൻഡു് ട്രൈബ്യൂണലിൽ പോയി മര്യാദപ്പാട്ടം നിശ്ചയിക്കുന്നതല്ലേ നല്ലതു്?

ശ്രീ. ഇ. പി. ഗോപാലൻ : മി. ചാഴിക്കാടനു് ഇനിയും സംഗതി തിരിഞ്ഞിട്ടില്ല എന്നു തോന്നുന്നു. മലബാറിലേയും കൊച്ചിയിലേയും ചെറുകിട ജന്മിമാരുടെ കുടിയാന്മാർക്കു് ഉടനെ പാട്ടവർദ്ധനവു് കൂടാതെ കഴിക്കാൻവേണ്ടിയാണു് ഈ ഭേദഗതി കൊണ്ടുവന്നതു്. നിലവിലുള്ള പാട്ടം തുടർന്നുകൊടുക്കാം. അതിലപ്പുറം പോകുന്നതു് ഉചിതമല്ല. ഫെയർറെൻറു് ഫിക്സു് ചെയ്യുന്നതിനു് ലാൻഡു് ട്രൈബ്യൂണലിനെ സമീപിക്കാൻ ചെറുകിടക്കാരനെ അനുവദിക്കും പക്ഷേ, ഇന്നു് നിലവിലുള്ള പാട്ടത്തേക്കാൾ കൂടിയതോതിലുള്ള പാട്ടം കുടിയാൻ കൊടുക്കേണ്ടിവരും എന്നുള്ളതുകൊണ്ടാണു്, ഇക്കാര്യത്തിൽ ഇത്രയും നിഷ്കർഷിക്കുന്നതു്. ചെറുകിട ജന്മിയുടെ കാര്യത്തിൽ കണ്ണീർ വീഴ്ത്തുന്നവർ, അവരുടെ കീഴിലുള്ള കുടിയാന്മാരുടെ കാര്യം പരിഗണിക്കുന്നതേ ഇല്ല എന്നതു് അത്ഭുതകരമാണു്. ജന്മിപക്ഷപാതംകൊണ്ടു് കണ്ണുകാണാതായാൽ ഇങ്ങനെ സംഭവിക്കും. കുടിയാൻെറ കഷ്ടത വിസ്മരിക്കുന്ന ഈ നിലപാടിനെ ശക്തിയുക്തം എതിർക്കും. ഇതുവരെ "which ever is less" എന്ന തത്വം ഭാഗികമായി വിട്ടുകളഞ്ഞതുകൊണ്ടു വന്നുചേർന്ന വിനയാണിതു്. ഇന്നലെ പാസ്സാക്കിയ വകുപ്പനുസരിച്ചു് പാട്ടം ഇരട്ടിയല്ല അതിലും കൂടുതലായി വർദ്ധിക്കാൻ പോകുകയാണു്. തൽക്കാലത്തേക്കെങ്കിലും അതൊന്നു തടഞ്ഞുവെക്കാൻ ഈ ഭേദഗതിയെങ്കിലും സ്വീകരിച്ചു് കുടിയാനെ ഉപദ്രവിക്കാതിരുന്നുകൂടെ ? മൂന്നു കൊല്ലത്തേക്കെങ്കിലും അനുവദിക്കാതിരിക്കുക. മലബാർ കുടിയായ്മ നിയമത്തിലെ ബന്ധപ്പെട്ട വ്യവസ്ഥയെങ്കിലും അംഗീകരിച്ചുകൂടെ ? നേരെ ചൊവ്വേ ഇന്നു പാട്ടം കൊടുത്തുകൊണ്ടിരിക്കുന്ന ആളുകളെ ലാൻഡു് ട്രൈബ്യൂണലിൻെറ മുൻപിലേക്കു ഡ്രാഗുചെയ്തു ഇപ്പോൾ കൊടുക്കുന്ന പാട്ടത്തേക്കാൾ

2/739/V.

[ശ്രീ. ഈ. പി. ഗോപാലൻ]

കൂടുതൽ പാട്ടം കൊടുക്കാൻ നിർബന്ധിക്കുന്നതു് കഷ്ടമാണു്. മലബാറിനെ സംബന്ധിച്ചിടത്തോളം Landlord-നു് ലാൻഡു് ട്രൈബൂണലിനെ സമീപിക്കാനുള്ള അവകാശം ഇല്ലാതിരുന്നതു് ഇപ്പോൾ അംഗീകരിച്ചുകൊടുക്കുന്നതു് നന്നല്ല. അതു ചെയ്യരുതു്, പാട്ടം വർദ്ധിപ്പിക്കാനിടയാക്കരുതു്, ഇന്നത്തെ രീതി തുടരാൻ അനുവദിക്കണമെന്നാണു് ഈ അവസരത്തിൽ പ്രത്യേകം ഓർമ്മിപ്പിക്കാൻ ഉള്ളതു്. മറിച്ചു് പാസ്സാക്കിയെടുത്താലും ഇതു നടപ്പാക്കാൻ സാധിക്കുമോ എന്നു കണ്ടുതന്നെ അറിയണം. ഏതായാലും ഇന്നത്തേക്കാൾ കൂടുതൽ പാട്ടം കൊടുക്കേണ്ടിവരുമ്പോൾ കുടിയാന്മാർ മിണ്ടാതിരിക്കയില്ല. കേരളസംസ്ഥാനം ആയതിനുശേഷം, മലബാറിലെയും കൊച്ചിയിലെയും കുടിയാന്മാർക്കു കിട്ടിയിരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കാൻ ഇടയാവുന്നതു ശരിയല്ല. ശ്രീ. ടി. കെ. രാമകൃഷ്ണന്റെ 625-ാമത്തെ ഭേദഗതി അനുസരിച്ചു് തൽക്കാലത്തേക്കെങ്കിലും പാട്ടം കൂട്ടാൻ വഴിവെക്കാതിരിക്കുക. അല്ലെങ്കിൽ, status quo മെൻറയിൻ ചെയ്യാൻ സാധിക്കാതെവരും. ലാൻഡു് ലാർഡിനു പാട്ടക്കോടതിയിൽ ഹർജികൊടുക്കാൻ അവസരം നൽകിയാലുണ്ടാകുന്ന ആപത്തിന്റെ ഗൌരവം വേണ്ടതിൻവണ്ണം മനസ്സിലാക്കാനാണു് ഇത്രയും പറഞ്ഞതു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: സർ, ഞാൻ ഇതിനു് ഒരു ഭേദഗതി കൊടുത്തിട്ടുണ്ടു്. ഇവിടെ പല ഭേദഗതികൾ അവതരിപ്പിക്കുകയും അതിനെക്കുറിച്ചെല്ലാം സംസാരിക്കുകയും ചെയ്താലും ആ ഭേദഗതികൾ ഒന്നുംതന്നെ അംഗീകരിക്കാതെ ഓരോ വകുപ്പും പാസ്സാക്കിക്കൊണ്ടിരിക്കുകയാണു് ചെയ്യുന്നതു്. ഈ ബില്ലിൽ 27-ാമത്തെ വകുപ്പിനെക്കുറിച്ചും പല ഭേദഗതികൾ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അതിനെക്കുറിച്ചു് പല വിധത്തിലുള്ള അഭിപ്രായങ്ങൾ ഇവിടെ പലരും പ്രകടിപ്പിക്കുകയുണ്ടായി. എന്നാൽ അതിലൊരു ഭേദഗതിയും അംഗീകരിക്കാതെ ആ വകുപ്പും പാസ്സാക്കിയിരിക്കുകയാണു്. അങ്ങനെ 27-ാമത്തെ വകുപ്പു് പാസ്സാക്കിയിരിക്കുന്ന സ്ഥിതിക്കു് സ്മാൾഹോൾഡർക്കു് അയാളുടെ കീഴിലുള്ള കുടിയാന്മാരിൽനിന്നും ഫെയർറെന്റു ഈടാക്കുന്നതു് കുറച്ചുകൂടി വർദ്ധിപ്പിക്കാനുള്ള അധികാരം കൊടുത്തിരിക്കുകയാണു്. അതിനെത്തുടർന്നാണു് ക്ലാസു് 30-നു ചർച്ച ഇവിടെ ആരംഭിച്ചിരിക്കുന്നതു്. ക്ലാസു് 30-ൽ പറഞ്ഞിരിക്കുന്ന

> 'The cultivating tenant or any landlord may apply, in such form as may be prescribed, to the Land Tribunal..........'

എന്നുള്ളതിൽനിന്നും 'ഓർ എനി ലാൻഡു് ലോർഡു്' എന്നുള്ളതു് എടുത്തുകളയണമെന്നാണു് ഞങ്ങൾക്കു പറയുവാനുള്ളതു്. സ്മാൾ ഹോൾഡർക്കുള്ള ഡെഫിനിഷൻ ഇന്നലെ അംഗീകരിച്ചു പാസ്സാക്കിയിരിക്കുകയാണു്. അതിന്റെ അടിസ്ഥാനത്തിൽ നിലനിത്തി കിട്ടിയിട്ടുള്ള പാട്ടം വർദ്ധിപ്പിക്കാതിരിക്കാൻ പാട്ടകോടതിയെ സമീപിക്കാനുള്ള അധികാരം ടെനൻറിനു് കൊടുത്തിരിക്കുന്ന സ്ഥിതിക്കു്, ഈ വകുപ്പുപ്രകാരം അതിനുള്ള അധികാരം ലാൻഡു്ലോർഡിനുകൂടി കൊടുക്കുന്നതു് എന്തിനാണെന്നാണു് ഞാൻ ചോദിക്കുന്നതു്. അങ്ങനെ ഗവണ്മെൻറു ചെയ്തുകൊടുക്കുന്ന ആനുകൂല്യം വേറൊരു വശത്തുകൂടി എടുത്തുകളയുന്ന ഒരു പ്രവണതയാണു് കാണുന്നതു്. കമ്മ്യൂണിസ്റ്റുകാരും പി. എസ്. പിക്കാരും തമ്മിൽ തമ്മിൽ ആലോചിച്ചുകൊണ്ടല്ല ഈ ഭേദഗതികളൊന്നും കൊടുത്തിട്ടുള്ളതു്. എന്നിരുന്നാലും ഞങ്ങളുടെ ഭേദഗതികളെല്ലാംതന്നെ ഈ കാര്യത്തിൽ ഐകരൂപ്യം ഉള്ളവയാണു്. ഞാൻ ഇവിടെ ഭേദഗതി കൊടുത്തതു് മലബാറിലെ സ്ഥിതിമാത്രം നോക്കികൊണ്ടാണു്. എനിക്കു് തിരു:കൊച്ചിയിലെ സ്ഥിതി അറിയാൻ പാടില്ല. മലബാർ ടെനൻസി ആക്റ്റുപ്രകാരം അവിടെയുള്ള കുടിയാന്മാർക്കു് പല ആനുകൂല്യങ്ങളും അനുവദിച്ചു കൊടുത്തിട്ടുണ്ടു്. അങ്ങനെയുള്ള ഒരു സ്ഥിതിയിൽ അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾക്കു് വിപരീതമായ രീതിയിൽ ഇത്തരത്തിലുള്ള അധികാരം ലാൻഡു്ലോർഡിനു്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിരിക്കുന്നതു് ശരിയല്ല. ലാൻഡ്ലോർഡിനു് ലാൻഡ്ട്രൈബ്യൂണലിനെ സമീപിച്ചു് പാട്ടം വർദ്ധിപ്പിച്ചുകിട്ടാനുള്ള അവകാശം കൊടുക്കുന്നതു് ഒരിക്കലും ശരിയല്ല. ഇന്നു് കുടിയാൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ കൂട്ടികൊടുക്കുകയല്ലാതെ അതിൽ ഒട്ടും കുറവു ചെയ്യാൻ പാടില്ലാത്തതാണു്. ഏതായാലും എനിക്കു് ഇതിനെപ്പററി പറയുവാനുള്ളതു് ഇവിടെ കൊണ്ടുവരുന്ന ഭേദഗതികളൊന്നും അംഗീകരിക്കാതെ ഈ ബിൽ അസംബ്ലിയിൽ പാസ്സാക്കാൻ സാധിക്കും, എന്നാൽ അങ്ങനെ പാസ്സാക്കിയെടുത്തിട്ടു് വീണ്ടും കൊണ്ടുവരാനുള്ള ഇടവരുത്തരുതെന്നാണു്. അതുകൊണ്ടു് ശ്രീമതി ഗൗരി ഇതിനൊരു ഭേദഗതി കൊടുത്തിട്ടുള്ളതുപോലെ ലാൻഡ്ലോർഡു് എന്നുള്ളതു് എടുത്തുകളഞ്ഞിട്ടു് അതിനു പകരം സ്മാൾ ഹോൾഡർ എന്നുള്ള പദം ചേർത്താലും തരക്കേടില്ല. സ്മാൾഹോൾഡർക്കുള്ള ഡെഫിനിഷൻ ഇന്നലെ ഇവിടെ പാസ്സാക്കിയതാണു്. അതുകൊണ്ടു് അവർക്കുകൂടി ലാൻഡ്ട്രിബ്യൂണലിനെ സമീപിക്കുന്നതിനുള്ള അവസരം കൊടുക്കുന്നതു് നല്ലതാണു്. നാം പല കാര്യങ്ങളിലും മുന്നോട്ടു പോയിട്ടുണ്ടു്. പണ്ടുപണ്ടേ പുലർത്തിപോന്നിരുന്ന ആചാരങ്ങളും സംപ്രദായങ്ങളുമെല്ലാം നാം മാററികൊണ്ടിരിക്കുകയാണു്. ഭൂഉടമാസംപ്രദായവും നാം മാററികൊണ്ടിരിക്കുകയാണു്. ജനാധിപത്യ സോഷ്യലിസ്ററു വ്യവസ്ഥിതിയിൽ നാം ഉറച്ചു നിൽക്കുകയാണെങ്കിൽ പരമ്പരാഗതമായി കുടിയാന്മാർക്കു് കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ തുടർന്നുകൊടുക്കുകയും അവർക്കു് ഇന്നുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്താതിരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ എടുക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. എനിക്കു് ഇക്കാര്യത്തെക്കുറിച്ചു് അധികം സംസാരിച്ചു് സമയം കളയണമെന്നും അങ്ങനെ ഈ രാജ്യത്തെ ജനങ്ങൾ മുഴവൻ അനുഭവിക്കേണ്ട പണം അനാവശ്യമായി ചെലവഴിക്കണമെന്നും വിചാരമില്ല. അതുകൊണ്ടു് എനിക്കു് പ്രധാനമായി പറയുവാനുള്ളതു് ഇതിനെ സംബന്ധിച്ചു് വളരെ ഗൗരവമായി ചിന്തിച്ചു് 'landlord' എന്നുള്ളതു് എടുത്തുകളഞ്ഞിട്ടു് 'small holder' എന്നുള്ള പദം സ്വീകരിക്കണമെന്നാണു്.

<u>ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി</u> : സർ, ക്ലാസ്സു് 30-ൽ ഒരു തക്ക്മുള്ളതു് ലാൻഡ്ലോർഡ് എന്നുള്ള വാക്കു് മാററിയിട്ടു് അതിനുപകരം സ്മാൾ ഹോൾഡർ എന്നു ചേർക്കണമെന്നാണു്. ഇതിനു് പലരും ഭേദഗതി കൊടുത്തിട്ടുണ്ടു്. ലാൻഡ്ലോർഡു് ഏതെങ്കിലും പൗരാണിക കുടുംബത്തിൽ ജനിച്ചതുകൊണ്ടു് അവരെല്ലാം പട്ടിണി കിടക്കണമെന്നുള്ള ഒരു ഗതികേടു് നമ്മുടെ നാട്ടിൽ വന്നിരിക്കുകയാണു്. ഇവിടെയുള്ള വിവാദ വിഷയം ഫെയർ റെൻറു ഫിക്സു ചെയ്യാനുള്ള അധികാരത്തിനു കോടതിയെ സമീപിക്കുന്നതിനുള്ള അവകാശം കൾട്ടിവേററിംഗ് ടെനൻറിനും ലാൻഡ്ലോർഡിനും വേണമെന്നുള്ളതാണു്. മലബാർ ടെനൻസി ആക്ററിൽ ടെനൻറിനു മാത്രമേ കോടതിയെ സമീപിക്കുന്നതിനുള്ള അധികാരം ഉണ്ടായിരുന്നുള്ളു. മലബാർ ടെനൻസി ആക്ററിൽ കൾട്ടിവേററിംഗ് ടെനൻറു് എന്നു പറയുന്നതു് നേരിട്ടു് കൃഷി ചെയ്യുന്ന കൃഷിക്കാരെ സംബന്ധിച്ചായിരുന്നു.

എനിക്കു് പറയുവാനുള്ളതു് പാട്ടം നിശ്ചയിക്കുന്നതിനു് പാട്ടക്കോടതിയെസമീപിക്കുന്നതിനുള്ള അധികാരം ലാൻഡ്ലോർഡിനുകൂടി കൊടുക്കണമെന്നാണു്. കാരണം ലാൻഡ്ലോർഡു എന്നുള്ള പേരല്ലാതെ അവരിൽ പലരും ജീവിക്കുന്നതിനുപോലും വകയില്ലാത്തവരായിട്ടുണ്ടു്. ഉദാഹരണത്തിനു് തലശ്ശേരിയിൽ 1500 ഏക്കർ സ്ഥലം ഒരാളിനു് 60 കൊല്ലത്തേക്കു് കൊടുത്തിട്ടുണ്ടു്. അതിനു് ആണ്ടുതോറും ആ കുടിയാൻ 150 രൂപയാണു് ജന്മിക്കു് കൊടുക്കുന്നതു്. അങ്ങനെ അറുപതു് കൊല്ലത്തേക്കു് എഴുതി കൊടുക്കുകയും കുടിയാൻ 150 രൂപ ആണ്ടുതോറും കൊടുക്കുകയും ചെയ്യുന്നു. ഇപ്പോൾ ആ കുടുംബത്തിലെ ജന്മി ഒരു സാധുസ്ത്രീയാണു്. അവർക്കു് ജീവിക്കുന്നതിനു് വേറെ വകയൊന്നുംതന്നെയില്ല. അവരുടെ സ്വത്തുക്കളെല്ലാം കടംകൊണ്ടു് അന്യാധീനപ്പെട്ടു പോയിരിക്കുകയാണു്. ഇന്നു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി]

ജീവിക്കുന്നതിന് 1500 ഏക്കറിൽനിന്നും അതിലെ കുടിയാൻ കൊടുക്കുന്ന 150 രൂപ മാത്രമേയുള്ളൂ. അതിലെ കുടിയാൻ അതിൽനിന്നും മൂന്നുലക്ഷം ഉറുപ്പികയ്ക്ക് പകുതി ഭൂമിയോളം വിററുകഴിഞ്ഞു. അങ്ങനെയുള്ള ഒരു കുടിയാന് 1500 ഏക്കർ സ്ഥലത്തിന്റെ പകുതി സ്ഥലം കൊടുക്കുന്നതിന് പാവപ്പെട്ട കുടിയാന്മാരുടെ കൂട്ടത്തിൽ ഈ കുടിയാനെയും കണക്കാക്കുന്നത് അന്യായമല്ലേ ?

ശ്രീമതി കെ. ആർ. ഗൗരി : ആ ഭൂമി 1957-നു മുമ്പും അതു് കഴിഞ്ഞതിനുശേഷവും ഗവണ്മെന്റിലേക്കു് ഒരു കരവും കൊടുക്കാതെ വെറും തരിശായിട്ടു കിടന്നപ്പോഴല്ലേ ആണ്ടുതോറും 150 രൂപ വീതം കുടിയാൻ കൊടുത്തുകൊണ്ടിരുന്നതു് ?

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : വെറും തരിശായിട്ടു് കിടന്ന ഭൂമിയല്ല അതു്. അതു് ഒരു ഫോറസ്റ്റ് ഏരിയായായിരുന്നു. അവിടെനിന്നും ആ കുടിയാൻ ലക്ഷക്കണക്കിനു് ഉറുപ്പികയ്ക്കു വൃക്ഷങ്ങൾ വെട്ടി വിററിട്ടുണ്ടു്. ആ ഭൂമി ഇന്നു് പ്ലാന്റേഷൻ ഏരിയായിൽ ഉൾപ്പെടുത്തിയിരിക്കുകയാണു്. അന്നു് എഴുതികൊടുത്ത കാലത്തു് 60 കൊല്ലത്തെ കാലാവധി വെച്ചിട്ടുണ്ടെന്ന കാരണത്താൽ ആ ഭൂമി ജന്മിയുടെ സ്വന്തം ആവശ്യത്തിനുപോലും കിട്ടാതെ കിടക്കുകയാണു്. അങ്ങനെയുള്ള ജന്മിമാർക്കു് കോടതിയിൽ പോകാൻ സാദ്ധ്യമല്ലയെന്നു് പറയുന്നതു് തെററല്ലേ ? അതുകൊണ്ടു് പാവപ്പെട്ടവരായ ജന്മിമാർക്കു് ആനുകൂല്യം കിട്ടുന്ന കാര്യത്തിൽ തടസപ്പെടുത്തരുതെന്നാണു് എനിക്കു് പറയുവാനുള്ളതു്. നമ്മുടെ നാട്ടിൽ നാമമാത്രമായ ലാൻഡ്ലോർഡുകളുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : ലാൻഡ്‌ലോർഡിനു് പാട്ടം നിശ്ചയിക്കുന്നതിൽ കോടതിയിൽ പോകാനുള്ള അവകാശം കൊടുക്കണമെന്നാണു് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്. എന്നാൽ ഒരു ഉദാഹരണമെന്നുള്ള നിലയ്ക്കു് പറയാം. അതായതു് ഇന്നു് 30 പറ നെല്ലു് പാട്ടംകൊടുത്തുകൊണ്ടിരിക്കുന്ന കുടിയാൻ, അയാളുടെ ജന്മി ലാൻഡ് ട്രൈബ്യൂണലിനെ സമീപിച്ചു് ആ മുപ്പതു് പറയെന്നുള്ളതു് അൻപതോ അറുപതോ പറയായി വർദ്ധിപ്പിച്ചാൽ അതു് കുടിയാൻ കൊടുക്കേണ്ടേ ? അങ്ങനെ വരുന്ന സന്ദർഭത്തിൽ കുടിയാനു് അതു് ദോഷമായിട്ടല്ലേ വരുന്നതു് ? അങ്ങനെ വരാനും സാദ്ധ്യതയുണ്ടെന്നു് ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഫെയർ റെന്റു നിശ്ചയിക്കുന്നതും കാൺട്രാക്ററു് റെന്റു് നിശ്ചയിക്കുന്നതും എന്തടിസ്ഥാനത്തിലാണെന്നു് ഇവിടെ വേറെ ക്ലാസുകളിൽ പറഞ്ഞിട്ടുണ്ടു്. രണ്ടു കൂട്ടർക്കും പാട്ടം നിശ്ചയിക്കുന്നതിനു് ലാൻഡ് ട്രൈബ്യൂണലിനെ സമീപിക്കുന്നതിനു് അവകാശം കൊടുക്കുകയാണെങ്കിൽ അവിടെവച്ചു് ന്യായം ഏതാണെന്നും അന്യായം ഏതാണെന്നും ഉള്ളതു് കോടതി നിശ്ചയിച്ചുകൊള്ളും. അതുകൊണ്ടു്, പാവപ്പെട്ട ജന്മിമാർക്കു് പാട്ടം കിട്ടാതിരിക്കാനുള്ള പരിതഃസ്ഥിതി ഉണ്ടാക്കരുതെന്നാണു് എനിക്കു് പറയുവാനുള്ളതു്. കുടിയാനും ജന്മിക്കും പാട്ടം നിശ്ചയിക്കുന്നതിനു് ലാൻഡ്‌ട്രൈബ്യൂണലിനെ സമീപിക്കുന്നതിനുള്ള അവകാശം സ്വാഭാവികമാണു്, ന്യായമാണു് എന്നുള്ള അഭിപ്രായമാണു് ഞങ്ങളുടെ ഭാഗത്തുള്ളവർക്കുള്ളതു്. അതുകൊണ്ടു് ഇതിൽ യാതൊരു മാററവും വരുത്തരുതെന്നു് മാത്രമാണു് എനിക്കു പറയുവാനുള്ളതു്.

Minister for Home Affairs (**Shri P. T. Chacko**) : I do not know why such an uproar has come up over this clause. According to me the points raised by most of the hon. Members were raised yesterday at the time of consideration of clause 27, and the Assembly gave a decision. Now, it is in vain to argue against a decision that was taken by the Assembly yesterday. When we took a decision on clause 27,

LIBRARY ARCHIVES Kerala Legislative Assembly

these points were also considered. The decision was that in the case of a small holder he will be entitled to get either fair rent fixed under this Act or 75 per cent of the contract rent whichever is greater. Now this provision was included, as I said yesterday, to give an advantage to the small holder in the Malabar and other places where there was fixity of tenure before 1961, because the small holders in such areas are not allowed to resume any land. Regarding other landlords, the rent that is defined as fair rent is the rent payable and fair rent is fair rent fixed under this Act or contract rent whichever is less. So, ordinarily even if a landlord applies and fixes the fair rent after spending some money, if the fair rent is more than the contract rent, he would not get the fair rent fixed under this Act. He can get only the contract rent. So, that is why Smt. Gouri has moved her amendment that instead of the word 'landlord' the word smallholder' should be substituted. But I cannot accept that because of one reason. I do not know whether the hon. Members have considered that matter. Now, there are extensive areas in Malabar where people who have occupied the areas and who were in possession of the areas for two years consecutively before 1957 are deemed to be tenants under this Act. They are not paying any rent or the position is that they have never paid any rent. The Government are undertaking to pay an annuity to the Devaswoms. These lands mostly belong to the Devaswoms and the Government pay an annuity to the Devaswoms. Devaswoms should get some compensation regarding the lands which are in the possession of certain people on whom we have now conferred the right of tenancy.

So, if the Government should pay some annuity to the Devaswoms as compensation for the rent of the lands in the possession of such tenants, fair rent will have to be fixed. Now an amendment is tabled in my name which states that 4½ % of 16 times such rent should be given as annuity. Then again another case will arise. Devaswoms may not choose the annuity. Devaswoms are free to choose the annuity or not. These Devaswoms are getting rent from tenants, who were tenants prior to the commencement of this Act. Now, in those days these Devaswoms could file suits against persons who were unauthorisedly occupying lands. They could either get damage or evict them. Now, we are conferring the right of tenancy on those people and the Devaswoms cannot evict them. The Devaswoms cannot do anything except the Tribunal to get the fair rent fixed. In many cases, there will be some understanding regarding the rent. If there is no understanding, and if the tenant who was holding the land of the Devaswoms for two years prior to 1957 was paying no rent, such a person believing himself to be a tenant and occupying the land becomes a tenant now under Section 7. It is the idea of my hon. friends in the opposition that he should not hereafter pay anything. Is it the idea that because he trespassed on the lands of the Devaswoms and because now we have conferred the right of tenancy to him and because he lived on that land believing himself to be a tenant, he should not pay anything to the Devaswoms hereafter also. That cannot be allowed. Now, under this section only in cases where no rent is fixed a landlord can apply for the fixation of fair rent. And such cases are rare. According to me such cases are only regarding tenants who are becoming tenants now under Section 7. Then in other cases it is only

LIBRARY ARCHIVES Kerala Legislative Assembly

[Shri P. T. Chacko]

the smallholder who can take advantage of this. If any other landlord goes and files a petition and fixes the fair rent and if the fair rent is more than the contract rent he will get only the contract rent. Why should he invite all the troubles ? No change is necessary here.

ശ്രീമതി കെ. ആർ. ഗൗരി : ഞങ്ങൾക്ക് വോട്ടു ചെയ്യണമല്ലോ അതു കൊണ്ട് ചോദിക്കുകയാണ്. ദേവസ്വങ്ങൾക്ക് annuity കൊടുക്കേണ്ടിവരും എന്നൊരു പ്രൊവിഷൻ എഴുതിവച്ചതുകൊണ്ട് റെൻറ് കൂട്ടാനല്ലേ ഉദ്ദേശിക്കുന്നത്. ഇന്ന് ദേവസ്വങ്ങൾക്ക് എന്താണു കിട്ടുന്നത്. അത് ആനുവിററിയായിട്ട് കൊടുക്കണമെന്ന് ഇവിടെ എഴുതിവച്ചത് ഗവൺമെൻറിനു ലാഭമുണ്ടാക്കാനല്ലേ ?

ശ്രീ. പി. ടി. ചാക്കോ : അങ്ങനെയുള്ള പ്രചരണമൊക്കെ നടത്താൻ സാധിക്കും. ദേവസ്വങ്ങൾക്ക് പാട്ടം കൊടുക്കാത്ത ഹോൾഡിംഗ്സിനെ സംബന്ധിച്ചിടത്തോളം ഫെയർ റെൻറ് നിശ്ചയിച്ച് അത് ക്യാപ്പിററലൈസ് ചെയ്യുന്നതിന് ഉള്ള വ്യവസ്ഥയ്ക്ക് ഭേദഗതി കൊടുത്തിട്ടുണ്ട്.

Shri E. P. Gopalan : Sir, one question.

Shri P. T. Chacko: I am not answering any other question, Sir.

Shri T. K. Ramakrishnan : Sir, I press my amendment.

Amendment No. 625, moved by Shri T. K. Ramakrishnan was put and lost.

Shri E. P. Gopalan : Sir, I demand a poll.

A poll was taken when the House divided as follows :

Ayes—28

1 Shri C. Achutha Menon
2 ,, P. C. Adichan
3 ,, K. Anirudhan
4 ,, P. Balachandra Menon
5 ,, C. K. Balakrishnan
6 ,, N. E. Balaram
7 ,, K. Bhargavan
8 ,, E. P. Gopalan
9 ,, N. Gopala Kurup
10 Smt. K. R. Gouri
11 Shri K. Krishnan
12 ,, R. Krishnan
13 ,, K. Krishna Pillai
14 ,, S. Kumaran
15 ,, P. K. Kunjachan
16 ,, P. V. Kunhunni Nayar
17 Shri T. C. Narayanan Nambiar
18 ,, K. V. Narayanan
19 ,, N. Neelakantaru Pandarathil
20 ,, P. C. Raghavan Nair
21 ,, A. K. Ramankutty
22 ,, T. K. Ramakrishnan
23 ,, P. Ravindran
24 ,, E. M. Sankaran Namboodiripad
25 ,, P. S. Srinivasan
26 ,, R. Sugathan
27 ,, M. M. Sundaram
28 ,, M. V. Vasu

Noes—62

1 Shri P. K. Abdulkadir
2 ,, K. C. Abraham
3 ,, M. C. Abraham
4 ,, K. T. Achuthan
5 ,, K. Avukadarkutty Naha
6 ,, P. C. Balakrishnan Nambiar
7 ,, R. Balakrishna Pillai
8 Shri T. O. Bava
9 ,, N. Bhaskaran Nair
10 Dr. K. M. Chacko
11 Shri P. Chacko
12 ,, P. T. Chacko
13 ,, G. Chandrasekhara Pillai
14 ,, P. C. Cherian

LIBRARY ARCHIVES Kerala Legislative Assembly

15 Shri T. A. Dharmaraja Iyer
16 ,, P. R. Francis
17 ,, P. Gopalan
18 ,, M. Gopalankutty Nair
19 ,, Malethu Gopinatha Pillai
20 ,, M. P. Govindan Nair
21 ,, Hamid Ali Shemnad
22 ,, K. Hassan Gani
23 ,, Vayala Idicula
24 ,, C. G. Janardhanan
25 ,, Thomas John
26 ,, George Joseph Podippara
27 ,, P. S. Karthikeyan
28 ,, K. G. Karunakara Menon
29 ,, T. Krishnan
30 ,, P. R. Krishnan
31 ,, N. S. Krishna Pillai
32 ,, P. Kumaran
33 ,, K. Kunhambu
34 ,, Kunjukrishnan Nadar
35 ,, C. Kunhikrishnan Nair
36 ,, M. Kunhikannan Nambiar
37 Smt. Kusumam
38 ,, Leela Damodara Menon
39 Shri P. Madhavan
40 ,, V. Madura
41 ,, M. M. Mathai
42 ,, C. A. Mathew
43 ,, K. Moideenkutty Ha j
44 ,, C. M. Kutty
45 ,, T. Murugesan
46 Smt. A. Nafeesath Beevi
47 Shri K. Narayana Kurup
48 ,, M. Narayana Kurup
49 ,, Kuroor Neelakantan Namboodiripad
50 ,, E. P. Poulose
51 ,, A. A. Rahim
52 ,, R. Raghava Menon
53 ,, M. Ravindranath
54 ,, R. Sankar
55 Smt. O. T. Sarada Krishnan
56 ,, K. R. Saraswathi Amma
57 Shri B. V. Seethi Thangal
58 ,, Shamsuddin
59 ,, K. T. Thomas
60 ,, T. A. Thomman
61 ,, P. P. Ummer Koya
62 ,, K. K. Viswanathan

Neutrals—7

(1) Shri P. Narayanan Thampy,
(2) ,, O. Koran,
(3) ,, D. Damodaran Potti,
(4) ,, M. Krishnan,
(5) ,, P. M. Kunhiraman Nambiar,
(9) ,, P. K. Narayanan Nambiar,
(7) ,, P. Viswambaran.

Mr. Speaker : For the Motion : 28

Against the Motion : 62

Neutrals : 7

The amendment is lost.

Mr. Speaker: Mr. Raghavan Nair, do you press your amendment?

Shri P. C. Raghavan Nair . Yes, Sir.

Amendment No. 634 moved by Shri P. C. Raghavan Nair was put and lost.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker. Amendment No. 1211 by Smt. K. R. Gouri will be taken up when clause 34 is taken into consideration.

The House signified its approval.

Smt. K. R. Gouri: Sir, I press amendment No. 1512.

Amendment No. 1512 moved by Smt. K. R. Gouri was put and lost.

Shri P. Kunhiraman Nambiar: Sir, I demand a poll.

A poll was taken when the House divided as follows:—

Ayes—7

1 Shri D. Damodaran Potti
2 ,, O. Koran
3 ,, M. Krishnan
4 ,, P. M. Kunhiraman Nambiar
5 Shri P. K. Narayanan Nambiar
6 ,, P. Narayanan Thampi
7 ,, P. Viswambharan

Noes—64

1 Shri P. K. Abdulkadir
2 ,, K. C. Abraham
3 ,, M. C. Abraham
4 ,, K. T. Achuthan
5 ,, K. Avukadarkutty Naha
6 ,, P. C. Balakrishnan Nambiar
7 ,, R. Balakrishna Pillai
8 ,, T. O. Bava
9 ,, N. Bhaskaran Nair
10 Dr. K. M. Chacko
11 Shri P. Chacko
12 ,, P. T. Chacko
13 ,, G. Chandrasekhara Pillai
14 ,, P. C. Cherian
15 ,, K. A. Damodara Menon
16 ,, T. A. Dharmaraja Iyer
17 ,, P. R. Francis
18 ,, P. Gopalan
19 ,, M. Gopalankutty Nair
20 ,, Malethu Gopinatha Pillai
21 ,, M. P. Govindan Nair
22 ,, Hamid Ali Shemnad
23 ,, K. Hassan Gani
24 ,, Vayala Idicula
25 ,, C. G. Janardhanan
26 ,, Thomas John
27 ,, George Joseph Podipara
28 ,, P. S. Karthikeyan
29 ,, K. G. Karunakara Menon
30 ,, T. Krishnan
31 ,, P. R. Krishnan
32 ,, N. S. Krishna Pillai
33 Shri P. Kumaran
34 ,, K. Kunhambu
35 ,, M. Kunjukrishnan Nadar
36 ,, C. Kunhikrishnan Nair
37 ,, M. Kunhikannan Nambiar
38 Smt. Kusumam
39 ,, Leela Damodara Menon
40 Shri P. Madhavan
41 ,, V. Madura
42 ,, M. M. Mathai
43 ,, C. A. Mathew
44 ,, K. Moideenkutty Hajee
45 ,, C. M. Kutty
46 ,, Muhasin Bin Ahmed
47 ,, T. Murugesan
48 Smt. A. Nafeesath Beevi
49 Shri K. Narayana Kurup
50 ,, M. Narayana Kurup
51 ,, Kuroor Neelakantan Nambudiripad
52 ,, E. P. Poulose
53 ,, A. A. Rahim
54 ,, R. Raghava Menon
55 ,, M. Ravindranath
56 ,, R. Sankar
57 Smt. O. T. Sarada Krishnan
58 ,, K. R. Saraswathi Amma
59 Shri B. V. Seethi Thangal
60 ,, Shamsuddin
61 ,, K. T. Thomas
62 ,, T. A. Thomman
63 ,, P. P. Ummer Koya
64 ,, K. K. Viswanathan

Neutrals—28

1 Shri C. Achutha Menon
2 „ P. C. Adichan
3 „ K. Anirudhan
4 „ P. Balachandra Menon
5 „ C. K. Balakrishnan
6 „ N. E. Balaram
7 „ K. Bhargavan
8 „ E. P. Gopalan
9 „ N Gopala Kurup
10 Smt. K. R. Gouri
11 Shri K. Krishnan
12 „ R. Krishnan
13 „ K. Krishna Pillai
14 „ S. Kumaran
15 „ P. K. Kunjachan
16 „ P. V. Kunhunni Nayar
17 Shri T. C. Narayanan Nambiar
18 „ K. V. Narayanan
19 „ N. Neelakantaru Pandarathil
20 „ P. C. Raghavan Nair
21 „ A. K. Ramankutty
22 „ T. K. Ramakrishnan
23 „ P. Ravindran
24 „ E. M. Sankaran Namboodiripad
25 „ P. S. Srinivasan
26 „ R. Sugathan
27 „ M. M. Sundaram
28 „ M. V. Vasu

Mr. Speaker : For the motion : 7
Against : 64
Neutrals : 28

The amendment is lost.

Shri P. Narayanan Thampi : Sir, a point of order. Smt. Gouri moved and pressed the amendment No. 1512. Then a division was demanded. The point I wish to raise here is that when a Member presses an amendment and when a poll is demanded, can that Member remain neutral?

ശ്രീമതി. കെ. ആർ. ഗൗരി: അവരവരുടെ ഇഷ്ടംപോലെയാണു് ചെയ്യുന്നതു്.

ശ്രീ. പി. നാരായണൻതമ്പി: ശ്രീമതി ഗൗരി ഒരു അമെൻറുമെൻറു കൊണ്ടുവന്നു് അതു പ്രസുചെയ്തു. അതു് ആവശ്യമാണെന്നു തോന്നിയതു കൊണ്ടു് ശ്രീ. കുഞ്ഞുരാമൻ നമ്പ്യാർ വോട്ടു് വേണമെന്നു് ആവശ്യപ്പെട്ടു. വോട്ടു വേണമെന്നു് ആവശ്യപ്പെടുന്നതു് ഒരു രേഖയ്ക്കു വേണ്ടിയാണു്. എന്നാൽ ഒരു മെമ്പർ അമെൻറുമെൻറു് കൊണ്ടുവരികയും പ്രസ് ചെയ്യുകയും ചെയ്ത ശേഷം അതിനു് ഒരു രേഖ വരുത്തുന്നതിനു ശ്രമിക്കുന്ന അവസരത്തിൽ അദ്ദേഹം ന്യൂട്രലായിട്ടു നിൽക്കുന്നതു് ഓർഡറിലാണോ എന്നറിയുന്നതിനു വേണ്ടിയാണു് ചോദിക്കുന്നതു്.

Shri P. T. Chacko : Sir, just a word. A Member can change her mind at any moment.

ശ്രീ. ഈ. പി. ഗോപാലൻ: ഞങ്ങൾ ഒരു ക്ലാസ് ഡിലീററു ചെയ്യണമെന്നു പറഞ്ഞതു് സ്വീകരിക്കാത്തതുകൊണ്ടു് വോട്ടിനിട്ടു. അതു കഴിഞ്ഞതിനു ശേഷം ഗവണ്മെൻറു് എന്തു ചെയ്യാനാണു പോകുന്നതെന്നു വ്യക്തമായി. ഒരു ക്ലാസ് തോററുപോയതുകൊണ്ടു് സാധാരണ നിഷ്പക്ഷത പാലിക്കാറില്ല. എന്നാൽ നിങ്ങൾ നിഷ്പക്ഷത പാലിച്ച അവസരത്തിൽ ഞങ്ങളുടെ ക്ലാസ് തോററു. അതേ അവസരത്തിൽതന്നെ ഗവണ്മെൻറു സ്വീകരിക്കുന്ന നിലപാടു് എന്താണെന്നു വ്യക്തമായി തെളിഞ്ഞിരിക്കുന്നു. അതുകൊണ്ടാണു് ശ്രീ. കുഞ്ഞിരാമൻ നമ്പ്യാർ പോൾ വേണമെന്നാവശ്യപ്പെട്ടപ്പോൾ ഞങ്ങൾ പങ്കെടുക്കാതിരുന്നതു്. ഞങ്ങൾ തോററുപോയതിനു് ശ്രീ. തമ്പിയും കൂടി ഉത്തരവാദിയാണെന്നു് ഞങ്ങളുടെ ഉള്ളിലുണ്ടു്. അതൊക്കെ ഉള്ളിൽവച്ചുകൊണ്ടുതന്നെ ഞങ്ങൾ നിഷ്പക്ഷത പാലിച്ചതാണു്.

The question that clause 30 stand part of the Bill was put and lost Clause 30 was added to the Bill.

2/739/V

LIBRARY ARCHIVES Kerala Legislative Assembly

New Clause after Clause 30

Mr. Speaker : Amendment No. 635 may be moved by the hon. Minister for Home Affairs. Shri M. Narayana Kurup may move amendment Nos. 1124, 1125 and 1126.

Shri P. T. Chacko : Sir, I move :

No. 635 After Clause 30, the following clause shall be inserted, namely:—

"30 A. *Bar of suits for eviction, etc., pending application for determination of fair rent:*—During the pendency of an application for determination of fair rent before a Land Tribunal, no court shall entertain any suit for eviction of the applicant from the holding to which the application relates, or pass any order of injunction prohibiting him from entering the holding or pass any order staying the proceedings before the Land Tribunal."

Shri M. Narayana Kurup : Sir, I move :

1124. In amendment No. 635 (proposed new clause 30 A) after the word 'entertain' in line five add "or proceed with."

1125. In amendment No. 635 (proposed new clause 30 A) for the word 'entertain' in line five substitute "proceed with".

1126. In amendment No. 635, (proposed new clause 30 A) after the word 'suit' in line five delete the portion "for eviction of the applicant from the holding" and add 'or try any claim relating to arrears of rent for the period."

ഇതു് 'entertain' എന്നുള്ളതു് പുതുതായിട്ടു് കൊടുക്കുന്നതിനെ എങ്ങനെ ബാധിക്കുന്നു എന്നുള്ളതു് വ്യക്തമാക്കാൻ വേണ്ടിയാണു് പ്രൊസീഡ് എന്നു ചേർത്തതു്. അതു തന്നെയാണു് 1125-ം. മററുള്ളതു് എല്ലാ ഒഴിപ്പിക്കൽ നടപടികളും നിറുത്തൽ ചെയ്യണമെന്നാണു്. അതു യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിച്ചിട്ടുണ്ടോ എന്നു് എനിക്കറിഞ്ഞുകൂട. എന്നാൽ ഈ ഫെയർ റെൻറു് ഫിക്സേഷനു് വേണ്ടിയുള്ള നടപടികളോ, അല്ലെങ്കിൽ അതിനുവേണ്ടിയുള്ള ഒഴിപ്പിക്കലുകളോ അല്ലാതെ ഒരു ഹർജി കൊടുത്താൽ—നമ്മൾ ഇപ്പോൾ 14, 15, 16, 17 വകുപ്പുകൾപ്രകാരം ഒഴിപ്പിക്കൽ അവകാശം കൊടുത്തിട്ടുണ്ടു് — അങ്ങനെയുള്ള എല്ലാ ഒഴിപ്പിക്കൽ നടപടികളും നിറുത്തിവയ്ക്കണമെന്നാണു് ഉദ്ദേശമെങ്കിൽ എൻെറ ഭേദഗതി പ്രസക്തമല്ല, അതായിരുന്നുവോ എന്നുള്ള ആശങ്കകൊണ്ടാണു് ഞാൻ ഈ സംഗതി വ്യക്തമാക്കിയതു്. അതല്ലെങ്കിൽ ഏതെങ്കിലും ഒരു ഹർജി കൊടുത്താൽ നമ്മളുടെ നിയമപ്രകാരം ഉണ്ടാവുന്ന യാതൊരു നടപടികൾക്കും മുന്നോട്ടുപോകാൻ സാധിക്കാതെവരും. അങ്ങനെ ഇതിൻെറ പ്രായോഗികമായ നടത്തിപ്പു് ലക്ഷ്യം നീണ്ടുപോകാൻ ഇടയുണ്ടെന്നുള്ള സംശയമാണു് ഞാൻ ഈ ഭേദഗതിമൂലം ഉന്നയിച്ചിട്ടുള്ളതു്.

[Deputy Speaker in the Chair]

Minister for Home Affairs (**Shri P. T. Chacko**): Madam, there is no reason for that doubt, because powers have been given to the Tribunal to decide questions of resumption. Here what is barred is only suit for eviction in another work. The intention is that only when these questions are decided by the Tribunal, the applicants should not be evicted from the holding.

Deputy Speaker: Are you pressing your amendments, Mr. Narayana Kurup?

Shri M. Narayana Kurup: No.

Amendment Nos. 1124, 1125 and 1126 moved by Shri M. Narayana Kurup were by leave withdrawn.

The following amendment moved by the Minister was put and carried viz.,

LIBRARY ARCHIVES Kerala Legislative Assembly

After Clause 30, the following clause shall be inserted.

"30 A. *Bar of suits for eviction, etc., pending application for determination of fair rent*:—During the pendency of an application for determination of fair rent before a Land Tribunal, no court shall entertain any suit for eviction of the applicant from the holding to which the application relates, or pass any order of injunction prohibiting him from entering the holding or pass any order staying the proceedings before the Land Tribunal."

Clause 31

Deputy Speaker: Shri M. Narayana Kurup may move amendment Nos. 636 and 637. Shri K. Hassan Gani may move amendment No. 639. Amendment No. 638 by Shri R. Krishnan, No. 1078 by Shri E. P. Gopalan, No. 1212 by Smt. K. R. Gouri are only for correcting printing mistakes.

Shri M. Narayana Kurup: Madam, I am not moving my amendments.

Shri K. Hassan Gani: 639:—In clause 31, omit the first and second proviso and substitute a new proviso as follows:

"Provided that before passing such an order the Land Tribunal may take into consideration the provisions under section 29 after issuing notices to the parties likely to be affected by such an order on the agreement."

സർ, ക്ലാസ്സ് 31-ലെ ആദ്യത്തെയും രണ്ടാമത്തെയും പ്രൊവൈസോ എടുത്തു കളഞ്ഞിട്ടു എന്റെ ഭേദഗതി ഒരു പ്രൊവൈസോ ആയിട്ടു ചേർക്കണമെന്നാണ് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. ടെനൻറും ലാൻറുലാഡും കൂടി ഒരു എഗ്രിമെൻറു ഫെയർ റെൻറിനെ സംബന്ധിച്ചുണ്ടായാൽ ആ ഫെയർ റെൻറു സെക്ഷൻ 28 പ്രകാരമുള്ള ഫെയർ റെൻറിനേക്കാൾ കൂടാൻ പാടില്ല എന്നും അതുപോലെ ഹോൾഡിംഗിൽ ലാൻഡ്ലോർഡിനോ അല്ലെങ്കിൽ ഇൻറർ മീഡിയറീസായിട്ടുള്ള മററു ആളുകൾക്കോ ഇൻററസ്ററുണ്ടെങ്കിൽ അവരെല്ലാം ഈ എഗ്രിമെൻറിൽ പാർട്ടീസായിരിക്കണമെന്നുമാണ് ഇതിൽ വ്യവസ്ഥചെയ്തിരിക്കുന്നത്. അതു ഡിലീററു ചെയ്യണമെന്നാണ് എന്റെ ഭേദഗതികൊണ്ടു ഉദ്ദേശിച്ചിട്ടുള്ളത്. പാട്ടം കണക്കാക്കുമ്പോൾ എഗ്രിമെൻറു പാസ്സാക്കുന്നതിനുമുമ്പ് ലാൻറു ട്രൈബ്യൂണലുകൾ ഇൻറർമീഡിയറീസുമായിട്ടു ആലോചിച്ചുകൊണ്ടായിരുന്നാൽ വളരെയേറെ സമയം സേവു ചെയ്യാൻ കഴിയും. ഇന്നത്തെ ബോധവാന്മാരായ ടെനൻറും ലാൻറുലാർഡും കൂടി ഇന്നത്തെക്കാൾ കൂടുതലായിട്ടുള്ള ഫെയർറെൻറിനു എഗ്രിമെൻറ് എഴുതുവാൻ പോകുമെന്നു തോന്നുന്നില്ല. സെക്ഷൻ 30 പ്രകാരം ഓർഡർ കൊടുക്കുന്നതിനുമുമ്പ് അഫക്ററു ചെയ്യണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്.

Minister for Home Affairs (**Shri P. T. Chacko**): Madam, I do not think that the amendment should be accepted because the proviso under the section has provided what is essential in such matters. Of course the other amendments are only for correcting printing mistakes.

Shri K. Hassan Gani: I don't press my amendment.

Amendment No. 639 moved by Shri K. Hassan Gani was, by leave, withdrawn.

The question that clause 31 stand part of the Bill was put and carried.

Clause 31 was added to the Bill.

Clause 32

Shri P. T. Chacko: I don't move amendment No. 1079.

Shri T. A. Thomman: I move amendment No. 641.

LIBRARY ARCHIVES Kerala Legislative Assembly

"In clause 32, delete "to the landlord" after 'in excess of the rent so determined' and insert "to the landlord" after 'any amount paid by the tenant'.

It is a verbal amendment.

Deputy Speaker : Amendment No. 642. The Member is not in his seat.

Shri R. Krishnan : I move amendment No. 643.

In clause 32, after the clause add the following proviso :

"Provided that where the fair rent has been determined in respect of a holding, the order determining the fair rent shall take effect from the date on which the tenant filed the application for such determination and any amount in excess of such fair rent, paid by the tenant to the landlord till the date of determination of the fair rent shall be adjusted towards the payment of future fair rent or purchase price".

എന്റെ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിച്ചിട്ടുള്ളത് ഫെയർ റെന്റ് ഹോൾഡിംഗിനെ സംബന്ധിച്ച നിജപ്പെടുത്തുവാൻ ലാന്റ് ട്രൈബ്യൂണലുകളിൽ ഹർജി കൊടുത്തുകഴിഞ്ഞാൽ ഹർജി കൊടുത്ത തീയതി മുതൽ അതു ബാധകമാക്കുകയും, അതുവരെ കൂടുതൽ തുക കൊടുത്തിട്ടുണ്ടെങ്കിൽ അതു ഭാവിയിലെ ഫെയർ റെന്റിലേക്ക് അഡ്ജസ്റ്റ് ചെയ്യുകയും ചെയ്യണമെന്നാണ്. ഇതു മുൻ നിയമത്തിൽ ഉണ്ടായിരുന്ന ഒരു വ്യവസ്ഥയാണ്. ട്രൈബ്യൂണലുകളിൽ ഹർജി കൊടുത്തുകഴിഞ്ഞാൽ തീരുമാനമെടുക്കുന്നതിലേക്ക് ചിലപ്പോൾ ഒന്നും രണ്ടും കൊല്ലം കാലതാമസം വരുന്നുണ്ട്. ഈ കാലമത്രയും കുടിയാൻ കൊടുക്കുന്ന തുക ഫെയർ റെന്റിനെക്കാൾ വർദ്ധിച്ചതായിരിക്കും. അങ്ങനെ കൂടുതൽ കൊടുത്തിട്ടുള്ള തുക വരുന്ന കൊല്ലങ്ങളിൽ കൊടുക്കേണ്ട ഫെയർറെന്റിലേക്ക് അഡ്ജസ്റ്റ് ചെയ്യുക എന്നുള്ളത് വെറും ന്യായം മാത്രമാണ്. അതു അംഗീകരിക്കുന്നതുകൊണ്ട് യാതൊരു ദോഷവും വരാനില്ല.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. തൊമ്മന്റെ ഭേദഗതിയെപ്പററിയാണ് എനിക്കു പറയുവാനുള്ളത്. ജന്മിയുടെ കയ്യിൽത്തന്നെ ടെനന്റ് പാട്ടം കൊണ്ടു കൊടുക്കണമെന്നാണോ പറയുന്നത്. അല്ലെങ്കിലുള്ള തരക്കേടെന്താണ്? വഴിക്കുവച്ചു വല്ലവരും പിടിച്ചു വാങ്ങിച്ചുകൊണ്ടുപോകുമോ? ജന്മിയുടെ കയ്യിൽതന്നെ കൊണ്ടുക്കൊടുക്കണമെന്നു മി. തൊമ്മനു നിർബന്ധമുള്ളതുപോലെ തോന്നുന്നു ഈ ഭേദഗതി കണ്ടപ്പോൾ. നമ്മുടെ നാട്ടിൽ കാര്യസ്ഥന്മാരുടെ കയ്യിലുംമററും പാട്ടം കൊടുക്കുന്നതു ഒരു പതിവാണ്. അതുകൊണ്ടു തകരാറൊന്നുമില്ല. പിന്നെ ഇപ്പോൾ അനാവശ്യമായിട്ടു ഇത്തരം ഭേദഗതികൾ കൊണ്ടുവരുന്നത് അംഗീകരിക്കത്തക്കതല്ല. ഞാൻ ഇതിനെ എതിർക്കുകയാണ്.

ശ്രീ. ടി. എ. തൊമ്മൻ : "paid by the tenant to the landlord" എന്നു മാത്രമേയുള്ളു. ശ്രീമതി ഗൗരിയെപ്പോലെ തഴക്കവും പഴക്കവുമുള്ള മെമ്പറന്മാർ ഇങ്ങനെ പറയുന്നത് വളരെ കഷ്ടമാണ്. ഇതിൽ വ്യത്യാസമൊന്നും വരുത്തിയിട്ടില്ല.

Shri P. T. Chacko : There is no harm even if the amendment of Mr. Thomman is accepted. On account of the suspicion expressed by the honourable Member Smt. K. R. Gouri I don't accept that amendment.

Shri T. A. Thomman : I don't press my amendment.

The amendment No. 641 moved by Shri T. A. Thomman was, by leave, withdrawn.

Shri R. Krishnan : Sir, I press my amendment.

Amendment No. 643 moved by Shri R. Krishnan was put and lost.

The question that clause 32 stand part of the Bill was put and carried.

The clause was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 33.

Shri M. Narayana Kurup: I move. :

In clause 33, in line six after the word 'pay', add "subject to provisions of Section 32".

Shri K. V. Narayanan : I move 645 :

In clause 33, add at the end of the para "or seventy five percent of the contract rent".

Shri P. K. Kunjachan : I move 1489 :

In clause 33, in line six after the word 'pay' delete the word "the" and insert 'seventy-five percent of the contract'.

Dy. Speaker : Amendment No. 1213 may not be necessary. It relates to nilam only........

Smt. K. R. Gouri : The amendment is quite necessary. I shall clarify the position.

ശ്രീ. സി. അച്യുതമേനോൻ : ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഭേദഗതിയുടെ ഉദ്ദേശം മനസ്സിലാക്കാതെയാണ് പറയുന്നതു്. 'paddy produce' എന്നതു മാററി പാഡി എന്നാക്കേണ്ടതു വളരെ ആവശ്യമാണ്. വിശദീകരണം വരുമ്പോൾ അതു മനസ്സിലാകും.

Shri T. A. Thomman : It comes under the definition of varam. 'Varam' means an arrangement for the cultivation of nilam with paddy and sharing the produce made between the owner or other person in lawful possession of the nilam and the person who undertakes cultivation under such arrangement..."

ശ്രീ. സി. അച്യുതമേനോൻ : പ്രൊഡ്യൂസ് എന്നു പറഞ്ഞാൽ വൈക്കോലും ഉൾപ്പെടും. അതു പെടുത്തുവാൻ പാടില്ല. അതാണ് ഭേദഗതികൊണ്ടു ഉദ്ദേശിക്കുന്നതു്.

Shri N. E. Balaram : I had tabled an amendment No. 1080. I don't know why it is not allowed.

Dy. Speaker : It is not relevant to this clause. Hence it is not in order.

ശ്രീ. സി. അച്യുതമേനോൻ : ഭേദഗതിയുടെ ഉദ്ദേശം മനസ്സിലാക്കാതെ മുൻകൂട്ടി ഒരു തീരുമാനം എടുക്കുന്നതു ശരിയല്ല. വേണമോ വേണ്ടയോ എന്നുള്ളതു സഭ തീരുമാനിക്കട്ടെ.

ഡെപ്യൂട്ടി സ്പീക്കർ : വിശദീകരണം ആവശ്യമുണ്ടെങ്കിൽ ഭേദഗതികൾ മൂവ് ചെയ്യാം.

Shri N. E. Balaram : I move :

Delete clause 33 and substitute the following :

"Application for the fixation of fair rent under clause 30 shall be disposed of by the Land Tribunal within six months from the date the application is made :

Provided that the Land Tribunal may, for reasons expressly stated extend the time which in no case shall exceed further period of six months".

ശ്രീ. എം. നാരായണക്കുറുപ്പ്: സർ, മുപ്പത്തിരണ്ടും മുപ്പത്തിമൂന്നും വകുപ്പുകൾ തമ്മിൽ ഒരു പൊരുത്തക്കേട് ഉണ്ടെന്നു എനിക്കു തോന്നിയതുകൊണ്ടാണ് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചതു്. 33-ാം വകുപ്പിൽ പറയുന്നതു് മര്യാദപ്പാട്ടം നിശ്ചയിക്കുന്നതുവരെ മുമ്പുള്ള പാട്ടം കൊടുക്കുവാൻ കുടിയാന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പ്] :

ബാധ്യതയും കിട്ടാൻ ഉടമസ്ഥന അവകാശവും ഉണ്ടെന്നാണ്. 33-ൽ പറയുന്നതു് മര്യാദപ്പാട്ടം അനുവദിച്ചുകിട്ടാൻ ലാൻഡ് ട്രൈബൂണലുകളിൽ ഹർജി കൊടുത്ത തീയതിമുതൽ ഒന്നോ രണ്ടോ കൊല്ലം കഴിഞ്ഞാണ് നിർണ്ണയിക്കപ്പെടുന്നതെങ്കിലും ഈ ഹർജി കൊടുത്ത സാമ്പത്തികവർഷംമുതൽ കണക്കാക്കുന്നതാണെന്നും പറയുന്നു. അപ്പോൾ ഒരു പൂർവ്വകാല പ്രാബല്യം കൊടുത്തുകൊണ്ട് തീരുമാനിക്കപ്പെടുന്നു എന്നാണ് അർത്ഥം. 33 നോക്കിയാൽ ഇതു വ്യക്തമായിട്ടില്ലാത്തതുകൊണ്ട് ഇതു ഇവിടെ പറഞ്ഞു എന്നേയുള്ളു. കൊടുക്കുവാനും വാങ്ങാനും ബാധകമാകുന്നതു് 32-ാം വകുപ്പു നിർണ്ണയിക്കുന്നതിനു അനുസൃതമായിരിക്കും. 32-ാം വകുപ്പിൻപ്രകാരം കൊടുത്താൽ മതിയെന്നുള്ളതിന്റെ വിശദീകരണമാണ് എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതു്.

<u>ശ്രീ. കെ. വി. നാരായണൻ :</u> എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു് ഫെയർറെന്റു എത്രയാണെന്നു തീരുമാനിക്കാതിരിക്കുന്ന കേസുകളിൽ കുടിയാൻ കാൺട്രാക്റ്റു റെൻറിന്റെ 75 ശതമാനംമാത്രം പാട്ടം ലാൻഡ് ലാർഡിനു കൊടുത്താൽ മതി എന്നുള്ളതാണ്. ഞാൻ മുമ്പു പറഞ്ഞതുപോലെ പാട്ടം കൊടുക്കുന്നതുതന്നെ വളരെ വിഷമമാണെന്നുള്ളതുകൊണ്ട് ഗവണ്മെന്റു ഈക്കാര്യം വളരെ അനുഭാവപൂർവ്വം പരിഗണിക്കേണ്ടതാണ്. 1957-നു ശേഷം ഇതേവരെയുള്ള കാലത്തു പാട്ടക്കുടിശിക വന്നിട്ടുണ്ടെങ്കിൽ അതു കൊടുത്തു തീർക്കേണ്ടതു ഏതാണ്ടു പാട്ടത്തിന്റെ 75 ശതമാനം കൊടുത്താൽ മതി എന്നു ടെനൻറസ് പ്രൊട്ടക്ഷൻ ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ചു കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇവിടെയും അതു അംഗീകരിക്കണമെന്നു ഞാൻ പറയുകയാണ്.

<u>ശ്രീ. പി. കെ. കുഞ്ഞച്ചൻ :</u> ഈ ബിൽ പാസ്സായിക്കഴിയുമ്പോൾ ഫെയർ റെൻറു ഫിക്സു ചെയ്യാൻ കൃഷിക്കാർക്കു അവകാശപ്പെടാൻ സാധിക്കും. ഫെയർ റെൻറു ഫിക്സു ചെയ്യാൻ അപേക്ഷ സമർപ്പിച്ചുകഴിഞ്ഞാൽ അതിനു ഇത്ര സമയത്തിനകം തീരുമാനം ചെയ്യണമെന്നു് ഇതിൽ എഴുതീട്ടില്ല. ഇങ്ങനെ ധാരാളം അപേക്ഷകൾ വന്നാൽ ചിലപ്പോൾ അവ തീരുമാനിക്കുന്നതിനു കാലതാമസം വരാം. ചില കേസുകളിൽ ഫെയർറെൻറു നിശ്ചയിക്കുമ്പോൾ നിലവിലുള്ള പാട്ടത്തേക്കാൾ വർദ്ധനവു് ഉണ്ടാകും. എന്നാൽ മററു ചില കേസുകളിൽ നിലവിലുള്ള പാട്ടത്തേക്കാൾ അതു കുറഞ്ഞുകിട്ടാൻ സാദ്ധ്യതയുണ്ട്. അങ്ങനെ കുറഞ്ഞുകിട്ടാൻ സാദ്ധ്യതയുള്ള കൃഷിക്കാർപോലും ഈ കാലമത്രയും പഴയതുപോലെ പാട്ടം കൊടുത്തുകൊണ്ടിരിക്കണം എന്നു പറയുന്നതു ശരിയല്ല. അതുകൊണ്ട് അതുവരെ കാൺട്രാക്റ്റു റെൻറിന്റെ എഴുപത്തിഅഞ്ചു ശതമാനം കൊടുക്കാൻ അവകാശമുണ്ടായിരിക്കണം. ന്യായമായി പാട്ടമായി കൊടുക്കേണ്ടിവരുന്നതിനേക്കാൾ കൂടുതലായി ഒരു തുക, നേരത്തേക്കൂട്ടി ജന്മിയുടെ പക്കൽ ഏല്പിക്കണമെന്നു് റവന്യൂമന്ത്രി നിർബ്ബന്ധം പിടിക്കരുതു്. അതുകൊണ്ട് എന്റെ ഭേദഗതി അംഗീകരിക്കണം.

<u>ശ്രീമതി കെ. ആർ. ഗൗരി :</u> സർ, എന്റെ ഭേദഗതി,

'In clause 33 Explanation, in line 5, after 'landlord in the' add 'paddy' before the word 'produce' ഇതാണ്.

The Explanation given in the Bill is :

Explanation : For the purpose of this section, the rent that was payable immediately before the commencement of this Act, in the case of a Varamdar shall mean the average of the value of a share of the landlord in the produce for the three years immediately preceding such commencement, or, where the varamdar was not cultivating continuously for the said period of three years, the share of the landlord for the year in which the Varamdar cultivated the land last immediately before such commencement.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇതിൽ ജന്മിക്കു പ്രൊഡ്യൂസ് ആയിട്ടു വരുന്നതിന്റെ ഷെയർ അവർക്കു കൊടുക്കേണ്ടതായിട്ടുണ്ട് എന്നാണ് പറഞ്ഞിരിക്കുന്നത്. സർ, ഇതിൽ പാഡി പ്രോഡ്യൂസ് എന്നു വ്യക്തമായിട്ടു എഴുതിയില്ലെങ്കിൽ അതിൽ പാട്ടം കൊടുക്കുമ്പോഴം നിലത്തിലുള്ള മററു produce-ന്റേയും പാട്ടം കൊടുക്കേണ്ടിവരും. അങ്ങനെ വരികയില്ലെന്നു വിചാരിക്കേണ്ട. ഞങ്ങളുടെ നാട്ടിൽ മീൻ പാട്ടം കൊടുക്കേണ്ടിവരും. അവിടെയുള്ള കരിനിലങ്ങളിൽ ധാരാളം പായലുണ്ട്. ആ പായൽ വാരി വിൽക്കുന്നതിനു വില കിട്ടും. അതുപോലെ കന്നിനെ ഇറക്കുന്നതിനും, അതുപോലെ താറാവിനെ ഇറക്കുന്നതിനുമെല്ലാം ആദായമുണ്ടാകും. അതിന്റെ എല്ലാം ഷെയർകൂടി ജന്മിക്കു കൊടുക്കേണ്ടിവരും. അതുകൊണ്ടാണ് വ്യക്തമായി പാഡി പ്രോഡ്യൂസ് എന്നു എഴുതണമെന്നു പറയുന്നത്. ഈ വിധത്തിൽ പറഞ്ഞാൽ നെല്ലിന്റെ വിലയുടെ ഭാഗമെന്ന് വ്യക്തമായി പറയുകയാണ്. അങ്ങനെ ചേർക്കുന്നതു കൊണ്ടു ഒരു ആപത്തുമില്ല. ഒന്നുകൂടി സുരക്ഷിതമാക്കുകയാണ്. ഈ സംശയം ഉണ്ടായതു, ഈ നാട്ടിലെ നടപ്പനുസരിച്ചു അങ്ങനെയെല്ലാം സംഭവിക്കാം എന്നുള്ളതുകൊണ്ടാണ്. അതുകൊണ്ട് ഈവക പാട്ടംകൂടി പിരിക്കാനുള്ള അവകാശം അവർക്കു കിട്ടുമെന്നുള്ളതുകൊണ്ട് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. എൻ. ഇ. ബലറാം : ഞാനുദ്ദേശിക്കുന്നതു്, കോടതിയിൽ ഹർജി കൊടുത്തുകഴിഞ്ഞാൽ വളരെ വേഗത്തിൽ തീരുമാനമുണ്ടാക്കാൻ സാധിക്കുന്ന തരത്തിൽ ഒരു മെഷീനറി ഉണ്ടാകണം, കണ്ടമാനം ഇതു നീട്ടിക്കൊണ്ടുപോകാതെയിരിക്കണം എന്നാണ്. ഒരു കൊല്ലത്തിനുള്ളിൽ ഫെയർ റെൻറുഫിക്സ് ചെയ്യാൻ തക്ക രീതിയിൽ ഒരു തീരുമാനമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു്. അല്ലെങ്കിൽ ട്രൈബൂണലിലെ തർക്കങ്ങൾ തീർന്നുപോയേക്കാനിടയുണ്ട്. പരിഷ്ക്കരണനിയമങ്ങൾ എല്ലാം കഴിയുംവേഗം നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.

Minister for Home Affairs (**Shri P. T. Chacko**): Madam, I cannot accept any of the amendments. Amendment No. 644 by Shri M. Narayana Kurup is not necessary. Even without that the matter is very clear. As regards the amendment moved by Smt. Gouri I cannot accept that because the contract between the parties might include an alternate crop also. If there is anything else like that until the fair rent is fixed, I don't want to take away the right of one party. Shri N. E. Balaram's amendment also cannot be accepted because the matter may not be disposed of by the Tribunal within six months. Madam, the amendment moved by Shri P. K. Kunjachan is not also acceptable to me.

Shri M. Narayana Kurup : Sir, I don't press my amendment.

Amendment No. 644 moved by Shri M. Narayana Kurup was by leave withdrawn.

Shri K. V. Narayanan : Sir, I press my amendment.

Amendment No. 645 moved by Shri K. V. Narayanan was put and lost.

Dy. Speaker : Do you press your amendment Mr. Kunjachan?

Shri P. K. Kunjachan : Yes Sir.

Amendment No. 1489 moved by Shri P. K. Kunjachan was put and lost.

Dy. Speaker : Smt. Gouri, do you press amendment No. 1213.

Smt. K. R. Gouri : Yes, Sir.

Amendment No. 1213 moved by Smt. K. R. Gouri was put and lost.

Dy. Speaker : Do you press your amendment?

LIBRARY ARCHIVES Kerala Legislative Assembly

Shri N. E. Balaram : I do not press.

Amendment No. 1080 moved by Shri N. E. Balaram was by leave, withdrawn.

The question that Clause 33 stand part of the Bill was put and carried.

Clause 33 was added to the Bill.

Clause 34

Deputy Speaker : The following amendments may be moved :

No. 649 by Shri C. Achutha Menon, amendment No. 654 by Shri P. Gopalan, amendment No. 660 by Shri K. K. Viswanathan, and amendment No. 1214 by Smt. K. R. Gouri.

ശ്രീമതി കെ. ആർ. ഗൗരി : എന്റെ അമെന്റുമെന്റു 1211 ക്ലാസ്സ് 30 വന്നപ്പോഴം ഡിസ്കഷൻ കഴിഞ്ഞു. എന്നാൽ അതു് വോട്ടിനിടാതിരിക്കുകയാണ്. അതു ഇവിടെ എടുക്കണം.

Deputy Speaker : Amendment No. 1490 by Shri M. Narayana Kurup may also be moved.

Amendment Nos. 647 by Shri P. C Raghavan Nair, 648 by Shri E. P. Gopalan, 650 by Shri T. K. Ramakrishnan, 652 by Shri P. K. Narayanan Nambiar, 653 by Shri P. M. Kuuhiraman Nambiar, 655 by Shri N. E. Balaram, 1215 by Smt. K. R. Gouri, and 1216 by Shri T. C. Narayanan Nambiar are either the same or covered by amendment No. 649 by Shri C. Achutha Menon. They need not be moved.

Amendment No. 656 to 659 and amendment No. 1081 are the same as amendment No. 654. They also need not be moved.

Shri C. Achutha Menon : I move amendment No. 649 :

649. In clause 34 (2), in line 2, between the words 'shall' and 'be' insert the following :

> "in cases where the money value of the commodity is not specified in the document evidencing the contract of tenancy".

Deputy Speaker : Amendment No. 654 is by Shri P. Gopalan. The hon. Member is not in his seat.

Amendment No. 660 is by Shri K. K. Viswanathan. The hon. Member is not seen in his seat.

Shri M. Narayana Kurup : Madam, I am not moving my amendment No. 1490.

ശ്രീ. സി. അച്യുതമേനോൻ : സർ. ഈ 34-ാം വകുപ്പിൽ പ്രതിപാദിക്കുന്നതു് പാട്ടം കൊടുക്കുന്നതു പണമായിട്ടല്ല ഒരു രേഖയിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്, നേരെ മറിച്ചു എന്തെങ്കിലും സാധനങ്ങളുടെ രൂപത്തിലാണെങ്കിൽ അതു എങ്ങനെ കൊടുക്കണമെന്നുള്ളതാണ്, അതിൽ ഇവിടെ പറയുന്നതു് ഇപ്രകാരമാണ്. ഗവണ്മെന്റു ഗസററിൽ ഈ സാധനങ്ങളുടെയെല്ലാം വില പരസ്യം ചെയ്യും, അപ്പോഴം ആ പരസ്യം ചെയ്ത വില അനുസരിച്ചു പാട്ടം കണക്കാക്കി കൊടുക്കണം. പാട്ടം കൊടുക്കാനുള്ള തീയതിക്കു സാധനങ്ങളുടെ വില പരസ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ വിലതോതു വച്ചു കണക്കാക്കി കൊടുക്കണം. ഇതുകൊണ്ടു കുടിയാനു ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യം നഷ്ടപ്പെടാനിടയുണ്ടു്. സാധനങ്ങളുടെ വില തിട്ടപ്പെടുത്തിക്കൊണ്ടു ആധാരം എഴുതീട്ടുള്ളതാണെങ്കിൽ ഇന്നു് ആ വില മാത്രം കൊടുത്താൽ മതി. അതായു

LIBRARY ARCHIVES Kerala Legislative Assembly

കാലത്തെ മാക്കററു വില കൊടുക്കേണ്ട ആവശ്യമില്ല. പലപ്പോഴും കുടിയാനു അനുകൂലമായ നിലയിലാണ് പഴയ ആധാരങ്ങളിൽ വില വ്യവസ്ഥ ചെയ്തിട്ടുള്ളതു്. ഇന്നു് 34—ാം വകുപ്പുപ്രകാരം ആ വിലത്തോതു കൊടുത്താൽ പോരാ. ഇന്നു ഗവണ്മെൻറു നിശ്ചയിക്കുന്ന വിലത്തോതു അനുസരിച്ചു കൊടുക്കേണ്ടിവരും. അതു തടയുന്നതിനു വേണ്ടിയാണു് എൻെറ ഭേദഗതി. ഇതു കുടിയാൻ കുടികിടപ്പുകാരുടെ ഒഴിപ്പിക്കൽ നിരോധിക്കുന്നതായ ഒരു താൽക്കാലിക നിയമം പാസ്സാക്കിയ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി തന്നെ ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു വ്യവസ്ഥയായിരുന്നു. അന്നു കൊണ്ടുവന്നിട്ടുള്ള ആ വ്യവസ്ഥ ഇപ്പോൾ എടുത്തുകളഞ്ഞിട്ടുണ്ടു്. അതെങ്കിലും നിലനിറുത്തിക്കിട്ടണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. അതു വളരെ വ്യക്തമായ ഭേദഗതിയാണു്. ഇതു സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: എനിക്കു ഒന്നു ചൂണ്ടിക്കാണിക്കാനുണ്ടു്. എൻെറ പേരിൽ 1081—ാം നമ്പർ ഭേദഗതി അവതരിപ്പിക്കാൻ പററാത്തതിൻെറ കാരണം, അതുപോലെ ഒരു ഭേദഗതി ശ്രീമാൻ പി. ഗോപാലൻെറ പേരിൽ നിൽക്കുന്നുഎന്നുള്ളതാണു്. അദ്ദേഹത്തെ വിളിച്ചു അദ്ദേഹം സഭയിൽ ഹാജരില്ല. നേരത്തെ തന്നെ ഇന്നയിന്ന കാരണങ്ങളാൽ ഇന്നയിന്ന ഭേദഗതികൾ അവതരിപ്പിക്കുന്നില്ല എന്നു പറഞ്ഞു.

ഡെപ്യൂട്ടി സ്പീക്കർ: അതെല്ലാം ഇവിടെ വായിച്ചു.

ശ്രീ. ഇ. പി. ഗോപാലൻ: അതു പറയുകയായിരുന്നു എങ്കിൽ ഇന്ന ആൾ ഇല്ലാത്തതുകൊണ്ടു ഇന്ന ആൾക്കു അതു അവതരിപ്പിക്കാം എന്നു കൂടി പറയാം.

ഡെപ്യൂട്ടി സ്പീക്കർ: ഏതായാലും കാര്യം നടന്നാൽ മതിയല്ലോ.

ശ്രീ. ഇ. പി. ഗോപാലൻ: ഞാൻ ഭേദഗതി അവതരിപ്പിച്ചില്ല.

Deputy Speaker: You are allowed to move that amendment.

Shri E. P. Gopalan: I move amendment No. 1081. In clause 34, add the following as another proviso:

> "Provided further that in case where the money value of any commodity is stated in the document evidencing the contract of tenancy itself, only such price is payable."

ശ്രീമതി കെ. ആർ. ഗൗരി: സർ, എൻെറ ഭേദഗതി നമ്പർ 1215-നു് ശ്രീ. അച്യുതമേനോൻ കൊടുത്തിട്ടുള്ളതായ ഭേദഗതിയുടെ അർത്ഥമേയുള്ളു. അതിൽ പ്രധാനമായിട്ടുള്ളതു, ഇപ്പോൾ തന്നെ ഈ റെൻറു എത്രത്തോളം കൂട്ടാമെന്നുവച്ചാൽ അത്രയും കൂട്ടീട്ടുണ്ടു്. മുമ്പു പാട്ടം സംബന്ധിച്ചു അതു കൂട്ടുന്നതിനു കരാർ ഉണ്ടായിട്ടുണ്ടായിരുന്നതിനേക്കാൾ ഇപ്പോൾ കൂട്ടീട്ടുണ്ടു്, ഏതായാലും കഴിഞ്ഞ പ്രാവശ്യത്തെ അമെൻറുമെൻറിൽ പറഞ്ഞിട്ടുള്ള പാഡിപ്രോഡിയൂസ് എന്നുള്ളതു പാട്ടത്തിൻെറ കാര്യത്തിൽ ചേക്കണം എന്നു ഞാൻ ആവശ്യപ്പെട്ടിരുന്നതു ചേക്കാതെ മുഴുവനായി പാട്ടം വാങ്ങിച്ചുകൊടുക്കാൻ അവകാശം കൊടുത്തു. ഈ കന്നിനേയും എരുമയേയും ഇറക്കുന്നതിനും പായൽ വാരുന്നതിനും ഉള്ള പാട്ടങ്ങൾ എല്ലാം കൂടി ഇപ്പോൾ അതിൽ കൂട്ടിച്ചേർത്തു. മററു വിധത്തിലുള്ള പാട്ടം കൊടുക്കേണ്ട എന്നു അർത്ഥം വരത്തക്കവണ്ണമുള്ള വ്യവസ്ഥ അവിടെ നിൽക്കുന്നുണ്ടോ. അതുമില്ല. ഇനി കാൺട്രാക്ററു ആഫ് ടെനൻസിയിൽ സാധനവില നിശ്ചയിച്ചിട്ടുണ്ടെങ്കിൽ സാധനങ്ങളുടെ വില ആ കണക്കിനു കൊടുത്താൽ മതി അല്ലാതെ Market Ra e കൊടുക്കണ്ട എന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്. കാർഷികബന്ധ നിയമത്തിൽ ഇതുപോലൊരു വകുപ്പുണ്ടായിരുന്നു. ചില വകുപ്പുകൾ കാർഷികബന്ധനിയമത്തിലുണ്ടായിരുന്നതു് ജന്മിക്കനുകൂലമാണെങ്കിൽ അതു ചേക്കാനുള്ള പ്രവണത കൂടുതലും, കുടിയാനു അനുകൂലമാണെങ്കിൽ അതു ചേക്കാതിരിക്കുകയും ചെയ്യുക എന്നുള്ളതും ഒരു പരമാർത്ഥമായ കാര്യമാണു്. ഇതെല്ലാമായാൽ ഒരു കാര്യമെങ്കിലും ചെയ്യു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ആർ. ഗൗരി]:

തന്നുകൂടേ ? കരാറിൽ സാധനത്തിനു ഇന്ന വില കൊടുത്താൽ മതിയെന്നുണ്ടെങ്കിൽ അതു് അനുവദിച്ചുകൊടുത്തുകൂടേ? എന്തെങ്കിലും ഒരു കാര്യം ചെയ്യുമെന്നു കൃഷിക്കാരോടു പറയണമല്ലോ? നേരംവെളുക്കുമ്പോൾ മുതൽ വൈകുന്നേരം വരെ പ്രസംഗിച്ചാൽ ഒരു കാര്യമെങ്കിലും അനുവദിച്ചുതരണ്ടേ? ഇങ്ങനെയെല്ലാമായിട്ടും പറയുന്നതു് ഞങ്ങൾ നല്ല ബിൽ കൊണ്ടുവന്നിരിക്കുന്നുവെന്നാണു്. ഇനി കുടിയാൻ കൃഷി ഇറക്കാൻ വരമ്പിൽപോയി നിൽക്കുന്നതിനും ഒരു റെൻറു് എഴുതിച്ചേർക്കുമോ എന്നു അറിഞ്ഞുകൂടാ. ഷെഡ്യൂളിൽ ഇനി ഇങ്ങനെയുള്ള മാററം വരുത്തുമോ എന്നറിഞ്ഞുകൂടാ. റെൻറു് കൂട്ടി കൂട്ടി ഇപ്പോൾ ഭൂമി വേണ്ടെന്നു കുടിയാനെക്കൊണ്ടു പറയിപ്പിക്കുമെന്നാണു തോന്നുന്നതു്. ശ്രീ. ബാലറാം പറയുകയുണ്ടായി മലബാറിലെ കൃഷിക്കാരെ ഈ നിയമത്തിൽ നിന്നു രക്ഷിക്കണമെന്നു്. തിരുവിതാംകൂറിൽ സ്റ്റേ ആഫ് എവിക്ഷൻ ആക്ററു് ഉണ്ടായിരുന്നതുകൊണ്ടു് പാട്ടം കൂട്ടിയില്ല. പണ്ടുണ്ടായിരുന്ന പാട്ടമാണു് അമിതമായിട്ടുള്ളതാണെങ്കിലും കൊടുത്തുകൊണ്ടിരിക്കുന്നതു്. ഇപ്പോൾ പായൽ വാരുന്നതിനും, താറാവിനെ ഇറക്കുന്നതിനും എല്ലാററിനും പാട്ടം വച്ചു. ഇനി കൺട്രാക്ററിൽ പറയുന്നതിനേക്കാൾ സാധനവില കൂട്ടിക്കൊടുക്കണമെന്നാണു പറയുന്നതു്. കാൺട്രാക്ററിൽ ഉള്ളതെങ്കിലും ഒന്നനുവദിച്ചുതരണമെന്നാണു് എനിക്കു അഭ്യർത്ഥിക്കുവാനുള്ളതു്. മന്ത്രി അവിടെ ഇല്ലെങ്കിലും ശ്രീ. തൊമ്മൻ ഇരിക്കുന്നതുകൊണ്ടാണു് ഞാനിതു പറയുന്നതു്.

ശ്രീ. ഈ. പി. ഗോപാലൻ: ഞാൻ അവതരിപ്പിച്ചിട്ടുള്ള ഭേദഗതി ഇതാണു്.

In clause 34, add the following as another proviso:

"Provided further that in case where the money value of any commodity is stated in the document evidencing the contract of tenancy it self, only such price is payable."

ഈ ഭേദഗതി തന്നെ 645-ാം നമ്പരായി ശ്രീ. പി. ഗോപാലനും കൊടുത്തിരുന്നു. എനിക്കു് സന്തോഷം; അദ്ദേഹത്തിന്റെ ഭേദഗതിയെ അനുകൂലിക്കാനായിരുന്നു. പക്ഷേ ഭാഗ്യക്കേടുകൊണ്ടു് ആ ഭേദഗതി ഇവിടെ അവതരിപ്പിക്കപ്പെട്ടില്ല. ഈ ഭേദഗതി ആവശ്യമായിവന്നതു് കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്ന ഒരു വകുപ്പു് വിട്ടുകളഞ്ഞതിന്റെ ഫലമായിട്ടാണു്. അതു് ഓർമ്മപ്പിശകുകൊണ്ടു് വിട്ടുകളഞ്ഞതാണെങ്കിൽ ഓർമ്മപ്പെടുത്തുന്നു. കല്പിച്ചുകൂട്ടി വിട്ടുകളഞ്ഞതാണെങ്കിൽ അതു കുടിയാനെ ദ്രോഹിക്കാനാണെന്നു കുററപ്പെടുത്തുന്നു. രേഖകളിൽ സാധനങ്ങളുടെ വില നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആ വിലയോ, അല്ലെങ്കിൽ സാധനങ്ങളോ കുടിയാനു് ഇഷ്ടമുള്ളതു് കൊടുത്താൽ മതിയെന്നുള്ളതാണു്, 1960-ലെ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വകുപ്പു്. അത്ര മോശമായിട്ടുള്ള ഒരു വകുപ്പല്ലെന്നുള്ളതിനു തെളിവു് ഈ സഭതന്നെ കുറച്ചു മാസങ്ങൾക്കു മുൻപു പാസ്സാക്കിയ കുടിയാൻ കുടികിടപ്പു സംരക്ഷണ നിയമത്തിൽ അതെടുത്തു ചേർത്തിരുന്നു എന്നുള്ളതാണു്. മാത്രമല്ല, ആ വകുപ്പിനെ പിടിച്ചു് കോടതികളിൽ ഒട്ടുവളരെ വിവാദങ്ങൾ വന്നിട്ടുണ്ടു്. അവസാനം ഹൈക്കോടതി അതിനെ അനുകൂലിച്ചുകൊണ്ടുള്ള വിധി പ്രസ്താവിച്ചിട്ടുണ്ടെന്നാണു ഞാൻ അറിയുന്നതു്. അങ്ങനെ സംസ്ഥാനത്തെ ഉയർന്നനീതിന്യായാസനത്തിന്റെ അംഗീകാരവും ഈ വകുപ്പിനു് കിട്ടിയിട്ടുണ്ടു്. ഇതിന്റെ ഭരണഘടനാപരമായ സാധുതയെ വല്ല കോടതിയും ചോദ്യം ചെയ്തിട്ടുണ്ടോ എന്നു് ഞാൻ ചോദിക്കുന്നു? രേഖയിൽ നിശ്ചയിച്ചിട്ടുള്ളതു് പണമാണു്. അതു് കുടിയാനു് അനുകൂലമാണു്. അതു കൊടുക്കുന്നതിനു കുടിയാനു് സൗകര്യം ചെയ്തുകൊടുത്താൽ ഏതേതു് മൗലികാവകാശങ്ങളെയാണു അതു് ബാധിക്കുക എന്നു് നിയമജ്ഞന്മാരൊന്നു പറഞ്ഞുതന്നാൽകൊള്ളാം. കേരള ഹൈക്കോടതിയിൽ കാർഷികബന്ധനിയമത്തിൽ 19 (2) ആയി ഉൾക്കൊള്ളിച്ചിരുന്ന ആ ഉപവകുപ്പു് നീതീകരിക്കപ്പെട്ടിട്ടുണ്ടു്. അങ്ങനെ നിയമപരമായ

LIBRARY ARCHIVES Kerala Legislative Assembly

സാധുതയും പ്രവർത്തനക്ഷമതയും വന്നുകഴിഞ്ഞിട്ടുള്ള ഒരു ഭാഗം ഇവിടെ വിട്ടുകളയാനുള്ള കാരണമെന്താണെന്നു ഞാൻ അന്വേഷിക്കുകയാണു്. കാർഷിക ബന്ധനിയമത്തിൽ 19 (2) ആയി നിന്നിരുന്ന ഈ കാര്യം ഒരു വാചകത്തിന്റെ മദ്ധ്യത്തിൽ നിന്നു ഊരിയെടുത്തുകൊണ്ടു് ഈ ബില്ലിൽ സംഗതി സാധിച്ചിരിക്കുകയാണു്. 19 (2) നിൽക്കുന്നതു് ഇങ്ങനെയാണു്.

> "The money value of the rent payable in kind unless it is specified in the document evidencing the contract of tenancy."
> അതിൽ "Unless it is specified in the document evidencing the contract of tenancy."

എന്നുള്ളതു് ഊരിയെടുത്തിരിക്കുകയാണു്. ഒററനോട്ടത്തിനതു് കണ്ടെന്നുവരികയില്ല. ഒരു ഒത്തവരി പല്ലു് ഇരിക്കുന്നതിൽ നിന്നു മുൻവശത്തെ ഒരു പല്ലു് എടുത്തു മാററിയതുമാതിരിയാണിതുചെയ്യുന്നതു്. ഉദ്ദേശം തികച്ചും വ്യക്തമാണു്. ഇതു് ആദ്യത്തെ സംഭവമല്ല. ഇതുവരെ ഈ ബില്ലിൽ സ്വീകരിച്ചു കഴിഞ്ഞിട്ടുള്ള നിലപാടു് ഒട്ടൊക്കെ ഒരു ഘട്ടത്തിലെത്തി നിൽക്കുന്നതിന്റെ—എന്നുവച്ചാൽ, കർഷകനു് ദോഷംചെയ്യുന്നതിന്റെ—ഒരു പതനത്തിലാണു്, കുടിയാന്മാരെ സംബന്ധിച്ചിടത്തോളം അവരനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു ഗുണം എടുത്തുകളയാൻ, നിലവിലുള്ള കാർഷികനിയമത്തിലെ ഒരു വകുപ്പിലെ ഒരു വാചകം ഊരികളഞ്ഞിട്ടുള്ളതു്. നിശ്ചയമായും കാർഷികബന്ധനിയമത്തിലെ 19 (2) കുടിയാന്മാർക്കു് വളരെ അനുകൂലമായിട്ടുള്ളതാണു്. പൊതുവിൽ കുടിയാന്മാർക്കു് അനുകൂലമായി ഉണ്ടാക്കിയ ഒരു നിയമത്തിൽ കുടിയാന്മാർക്കു് അനുകൂലമായിട്ടുള്ള വകുപ്പുകൾ കയറിപ്പററുകയെന്നുള്ളതു് സ്വാഭാവികമാണു്. പക്ഷെ, ചിലർ ഒത്തുകിട്ടുന്ന അവസരത്തിൽ അതു് തട്ടിക്കളയുക എന്നുള്ളതു് വ്യക്തമായും അനീതിയാണു്. അനുവദനീയമല്ല. ഇതിങ്ങനെ സാമർത്ഥ്യമായി എടുത്തുകളഞ്ഞതോ ഗീബൽസിന്റെ സിദ്ധാന്തം, എടുത്തുകളഞ്ഞുവെന്നു ചൂണ്ടിക്കാണിച്ചതോ? ഇത്രയും പരസ്യമായിട്ടു് കുടിയാന്മാരെ ഉപദ്രവിക്കാൻ ഏർപ്പാടു ചെയ്യുന്ന ദുഃഖസത്യം തുറന്നു പറയുന്നതു പ്രചരണത്തിനുള്ള ഏർപ്പാടാണോ? ഒരു പ്രത്യേക താൽപര്യത്തെ സംരക്ഷിക്കാൻ തുടങ്ങുന്നതിനെ എതിർക്കാൻ പുറപ്പെട്ടാൽ അവർക്കെതിരായി ഇന്നതേ പറഞ്ഞുകൂടുവെന്നില്ല. ഞാൻ യാതൊരു പ്രചരണത്തിന്റെയും കാര്യത്തിനു പറയുകയല്ല.

Shri P. T. Chacko : Is it dogmatism ?

ശ്രീ. ഈ. പി. ഗോപാലൻ : ഒരുതരം തലതിരിഞ്ഞ ഇസം കയ്യിൽ വച്ചുകയാണു ഭേദം. അതിനു മറുപടി പറയാൻ ഞാൻ നിൽക്കുന്നില്ല. ഉത്തരം മുട്ടുമ്പോൾ കൊഞ്ഞണം കാണിക്കുന്ന മട്ടുണ്ടു്. ഇതിനും ഇതിനപ്പുറത്തുമുള്ള ഇസത്തിനു മറുപടി പറയാൻ കഴിയും. അതിനുള്ള സന്ദർഭം ഇതല്ല. ഞാൻ അതിനു മറുപടി പറയുന്നില്ല. മററു ചില സന്ദർഭങ്ങളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ഇവിടെയും കൃഷിക്കാർ അനുഭവിച്ചുകൊണ്ടിരുന്ന ഒരു അവകാശത്തെ പരസ്യമായി, നഗ്നമായി, നികൃഷ്ടമായി തട്ടിപ്പറിച്ചെടുത്തിരിക്കുകയാണു്.

ശ്രീ. എൻ. ഈ. ബലറാം: മന്ത്രിയുടെ ചോദ്യത്തിനു മറുപടി പറഞ്ഞില്ല. ഡാഗ്മാററിക്കായിട്ടുള്ള അപ്രോച്ചാണോ എന്നായിരുന്നു ചോദ്യം. അതായതു് എ. ഐ. സി. സി. യിൽ മൊറാർജി പറഞ്ഞു........

ഡെപ്യൂട്ടി സ്പീക്കർ : ആർഡർ, ആർഡർ.

ശ്രീ. എൻ. ഈ ബലറാം : മെമ്പർ ഈൽഡ് ചെയ്തു. അതുകൊണ്ടാണു് ഞാൻ സംസാരിക്കുന്നതു്.

Shri P. T. Chacko : I have asked a question to Mr. E. P Gopalan and he did not answer.

ശ്രീ. എൻ. ഈ. ബലറാം : സോഷ്യലിസത്തിന്റെ നേരെ ഡാഗ്മാററിക്കു് അപ്രോച്ചു പാടില്ലെന്നു മൊറാർജി മാളവ്യജിയോടു് പറഞ്ഞു. ഇതാണു കാര്യം. ഇതിനു് ഉത്തരം ഉണ്ടെങ്കിൽ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ : അങ്ങനെ താത്വികമായ ഒരു കാര്യമാണ് ചോദിച്ചതെങ്കിൽ, 1960—ലെ നിയമത്തിലുണ്ടായിരുന്നതു് ഈ മന്ത്രി കൊണ്ടുവന്ന ബില്ലിൽ എടുത്തു ചേർക്കണമെന്നു പറയുമ്പോൾ അതു് ഡോഗ്മാററിക്ക് അപ്രോച്ചാണോ എന്നു സംശയിക്കുന്നവരുടെ വിവരത്തെപ്പററി എന്താണ് പറയേണ്ടതു്. ഇന്ന് നിലവിലുള്ള ആക്ററിൽ നിന്നും വിട്ടുകളഞ്ഞിട്ടുള്ള വകുപ്പു മന്ത്രിതന്നെ ഒരിക്കൽ, സെലക്ററുകമ്മിററി സ്റ്റേജിലാണെന്നു തോന്നുന്നു കുടിയാൻ കുടികിടപ്പു സംരക്ഷണ ബില്ലിൽ, സ്വീകരിച്ചതാണ്. അന്നു ഞാൻ സഭയിൽ ഉണ്ടായിരുന്നില്ല.

ശ്രീ. പി. ടി. ചാക്കോ: സഭയിൽവച്ചു ആ ഭേദഗതി സ്വീകരിച്ചതാണ് ഇപ്പോൾ അതു് തെററെന്നു തോന്നി.

ശ്രീ. ഈ. പി. ഗോപാലൻ : ഏതായാലും മന്ത്രിതന്നെ സമ്മതിച്ചുണ്ടാക്കിയ ഭേദഗതിയായിരുന്നു എന്നു വന്നുവല്ലോ. അന്നതു് എങ്ങിനെ അംഗീകരിച്ചു. ഇപ്പോൾ എന്തിനു അതു് ഉപേക്ഷിച്ചു? ആരെ സഹായിക്കാനാണു ആ കാര്യം പിന്നെ വേണ്ടന്ന് വച്ചതു്? ഒരു ചെറിയ വിഭാഗത്തെ സഹായിക്കാൻ ചെയ്ത പണിയാണിതെന്നു തീച്ച്.

Shri P. T. Chacko : That is because I am not dogmatic.

ശ്രീ. ഈ. പി. ഗോപാലൻ : മന്ത്രിയെ സംബന്ധിച്ചിടത്തോളം ഡോക്മാററിസം എന്താണെന്നു മനസ്സിലായി. ഭൂവുടമസ്ഥന്മാർക്കും, ജന്മിമാർക്കും, തോട്ടക്കാർക്കും അല്പം അസുഖകരമായിത്തീരുന്നതും നിലവിലുള്ള നിയമത്തിൽ ഉൾപ്പെടുത്തിയതുമായ ഏതാനും വകുപ്പുകൾ മാററി കളയുകയാണെന്നു മനസ്സിലായി. ഏതായാലും മന്ത്രി അതിപ്പോൾ സമ്മതിച്ചുകഴിഞ്ഞതു നന്നായി. മന്ത്രിക്കു് എളുപ്പത്തിൽ കാലുമാറാം. മററുള്ളവരും അങ്ങിനെ ചെയ്യണമെന്നില്ലല്ലോ.

നിലവിലുള്ള നിയമത്തിൽ ഉൾപ്പെടുത്തിയിരുന്ന വകുപ്പുകൾ തഞ്ചത്തിന് മാററുന്ന പ്രവണത ഈ ബില്ലിനു അടിമുതൽ മുടിവരെ വിലസുന്നതു് കാണാം. മാററം വരുത്തുന്നതിൽ, എപ്പോഴും ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. കുടിയാനു പാട്ടം വർദ്ധിപ്പിക്കാൻ, കുടിയാന് മുൻപു് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ഇല്ലാതാക്കാൻ, കുടിയാന്റെ സംരക്ഷണത്തിന് എന്തെല്ലാം വകുപ്പുകൾ ഉണ്ടോ അതു ഇല്ലായ്മ ചെയ്യാൻ ബോധപൂർവ്വം പ്രത്യേകം മനസ്സിരുത്തിക്കാണുന്നുണ്ടു്; ഈ ബില്ലിൽ ഉടനീളമുണ്ടതു്. അതിനെതിരായ ഒന്നാണ് ഈ ഭേദഗതി എന്നു് പ്രത്യേകം പറയേണ്ടതുണ്ടു്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : ഇപ്പോഴത്തെ നെല്ലിന്റെ വിലയും, ഒരു ഇരുപതുകൊല്ലം മുൻപുള്ള നെല്ലിന്റെ വിലയും തമ്മിൽ വ്യത്യാസമില്ലേ?

ശ്രീ. ഈ. പി. ഗോപാലൻ : ഇരുപതുകൊല്ലം മുൻപുണ്ടായിരുന്ന നെല്ലുവിലയേക്കാൾ ഇന്നു വില വർദ്ധിച്ചിട്ടുണ്ടെങ്കിൽ, എത്ര രൂപാവരെ ജന്മിക്കു കൂടുതൽ അനുവദിച്ചുകൊടുക്കാമെന്നുള്ള കരാറിലാണ ശ്രീ. ബാലകൃഷ്ണൻനമ്പ്യാർ പോന്നിട്ടുള്ളതു്? ഇനി ഒരു അഞ്ചുകൊല്ലം കഴിഞ്ഞിട്ടു് നെല്ലിനു വില കൂടുതലാകുമെന്നുള്ള ഒരു നിഗമനത്തിൽ കുറേക്കൂടി വല്ലതും കൂട്ടിക്കൊടുക്കണമെന്നു തോന്നുന്നുണ്ടോ? കഴിഞ്ഞ കാലത്തേക്കാൾ വർദ്ധിച്ചതും, ഇനി വർദ്ധിക്കാനിരിക്കുന്നതും എല്ലാം കണക്കാക്കി ജന്മിമാർക്കു കൂടുതൽ എന്തെങ്കിലും കൊടുക്കാൻ പറ്റുന്ന കാര്യം സംശയമാണ്. എങ്ങനെയും കഴിവുള്ളിടത്തോളം ജന്മിക്കനുകൂലമായ വകുപ്പുകൾ ഇതിൽ ഉൾപ്പെടുത്തുകയും, അപൂർവ്വം അവസരങ്ങളിൽ കുടിയാനു് ഗുണകരമായിത്തീരുമെന്നു കാണുന്ന വകുപ്പുകൾ കടന്നുപിടിച്ചു് അവയെ തള്ളിക്കളയാൻ നിഷ്കർഷിക്കുകയും ചെയ്യുന്ന പണിയിലാണല്ലോ ശ്രീ. ബാലകൃഷ്ണൻ നമ്പ്യാരും കൂട്ടരും ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നതു്. ഏതായാലും ജന്മിത്വത്തിനു കീ ജെയ് വിളിച്ചു നടക്കാൻ ഞങ്ങളില്ല. അത്തരം ഡോഗ്മാററിസം അവിടെത്തന്നെയിരിക്കട്ടെ. ശ്രീ. ബാലകൃഷ്ണൻ നമ്പ്യാർ ഒന്നുചെയ്യാൽ കൊള്ളാം; അടുത്തു മുൻപിലിരിക്കുന്ന ശ്രീ. പി. ഗോപാലൻ, 654—ാം നമ്പരായിട്ടു് ഒരു ഭേദഗതിക്കു് നോട്ടീസ് കൊടുത്തതു് എന്തിനാണ് എന്നു് ചോദിക്കണം.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : വായിച്ചുനോക്കിയതാണ്; അതുകൊണ്ടു ചോദ്യം ചോദിച്ചുകൂടേ?

ശ്രീ. ഇ. പി. ഗോപാലൻ: ചോദിക്കാൻ എല്ലാവർക്കും അവകാശമുണ്ട്; പക്ഷേ, ചോദിക്കുന്നതെന്താണെന്നു അറിഞ്ഞിരിക്കേണ്ടതു് വളരെ ആവശ്യമാണ്. വാസ്തവത്തിൽ, ശ്രീ. പി. ഗോപാലൻ അടുത്തുണ്ടായിരുന്നെങ്കിൽ, ഇപ്പോൾ അദ്ദേഹത്തെ സീററിൽ കാണുന്നില്ല—ഈ ചോദ്യം ചോദിക്കേണ്ടിവരികയില്ലായിരുന്നു. അദ്ദേഹം ഇങ്ങനെയൊരു ഭേദഗതി അവതരിപ്പിക്കാൻ നോട്ടീസു കൊടുക്കാൻ കാരണമെന്താണെന്നു അദ്ദേഹത്തോടു ചോദിച്ചു മനസ്സിലാക്കാമായിരുന്നു. സർ, അതുപോലുള്ള ഭേദഗതികൾ, ആ ഭാഗത്തുള്ള പല മെമ്പറന്മാരും കൊടുത്തിട്ടുള്ളതായി കാണുന്നു. അതു സ്വാഭാവികമാണ്, ന്യായമാണ്. കർഷകർ അനുഭവിച്ചുവന്നിരുന്ന അവകാശം ഈ നിയമത്തിൽ അനുവദിക്കേണ്ടതാണെന്നു ഭേദഗതി അവതരിപ്പിക്കുന്നതു സ്വാഭാവികം മാത്രമാണ്. പക്ഷേ, ഭേദഗതി അവതരിപ്പിച്ചിട്ടുള്ള സുഹൃത്തുക്കൾ ഇതുപോലുള്ള പല കാര്യങ്ങളും തക്കസമയത്തു മനസ്സിലാക്കുന്നില്ലെന്നുള്ളതു പരമകഷ്ടമാണ്. ഈ വകുപ്പുകൊണ്ടു, കൃഷിക്കാർക്കു കിട്ടിക്കൊണ്ടിരുന്ന ഒരു ആനുകൂല്യം നിഷേധിക്കപ്പെടുകയാണെന്നു ഈ ഭേദഗതികൾതന്നെ വ്യക്തമാക്കുന്നു. ഇവിടെ ഇന്നലെ പാസ്സാക്കിയ ചില വകുപ്പുകളുടെ ഫലമായി ഒരു വിഭാഗം കുടിയാന്മാർക്കു വിഷമം നേരിടുമെന്നു ആശങ്കയുണ്ടു്. വീണ്ടും അവർക്കു ബുദ്ധിമുട്ടുകൂട്ടുന്നുള്ള വകുപ്പാണ് കൊണ്ടുവന്നിരിക്കുന്നതു്. അതു ചൂണ്ടിക്കാണിക്കാതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. അതിന്റെ ന്യായതയെ ആദരിച്ചാണ് അപ്പുറത്തിരിക്കുന്ന പല സ്നേഹിതന്മാരും അതു സംബന്ധിച്ച ഭേദഗതികൾ അവതരിപ്പിച്ചിട്ടുള്ളതു്. ശ്രീ. സി. ജി. ജനാർദ്ദനൻ ഭേദഗതി അവതരിപ്പിച്ചിട്ടില്ലെങ്കിലും, അദ്ദേഹവും ഇത്തരം ഭേദഗതികളെ അനുകൂലിക്കുമെന്നാണു ഞാൻ വിശ്വസിക്കുന്നതു്. കാരണം, ഇതിൽ ന്യായമുണ്ടു്. കഴിഞ്ഞ കാലത്തു് വല്ല രേഖയിലും, നെല്ലു് തുടങ്ങിയ സാധനങ്ങൾക്കു് വില നിശ്ചയിച്ചു ചേർത്തിട്ടുണ്ടെങ്കിൽ, ഇപ്പോൾ ജന്മിമാർക്കു് നഷ്ടം വരുന്നുവെന്നാണാക്ഷേപം. മുമ്പു് നിശ്ചയിച്ച വില മാത്രം കിട്ടിയാൽ, പലപ്പോഴും നഷ്ടം വന്നേക്കാം. എന്നാൽ സാധനങ്ങളുടെ വില കയറുന്ന തോതനുസരിച്ചു്, ജന്മിമാർക്കു് സഹായകമായി, കൂടുതൽ കൂടുതൽ സംഖ്യ കൊടുപ്പിക്കാൻ പാടുപെടുന്നതു് ശരിയല്ല.

ശ്രീ. കെ. ഭാർഗ്ഗവൻ : കൊയ്ത്തുകാലത്തു നെല്ലിനു വില കുറവായിരിക്കും, പാട്ടത്തിനുവേണ്ടി കുറഞ്ഞവിലയ്ക്കു കുടിയാനു നെല്ലു വിൽക്കേണ്ടിവരും അങ്ങനെ വിഷമം നേരിടുന്നില്ലേ?

ശ്രീ. ഇ. പി. ഗോപാലൻ : ഈ വിഷമം നിശ്ചയമായും വരുന്നുണ്ടു്. കൊയ്ത്തു കാലത്തു് നെല്ലിന്റെ വില കുറയും. മാർക്കററുവില പലപ്പോഴും കൂടിയിരിക്കാനാണ് വഴിയുള്ളതു്. കന്നി—മകരം കാലങ്ങളിൽ കുറഞ്ഞ വിലയ്ക്കു് നെല്ലു വിററു കൂടുതൽ സംഖ്യ ജന്മിക്കു് പാട്ടമായി കൊടുക്കേണ്ടിവന്ന കേസ്സുകൾ ധാരാളം കാണും. പാട്ടച്ചീട്ടുകളിലും, മററു രേഖകളിലും ചില കരാറുകൾ എഴുതിവച്ചിട്ടുണ്ടു്. വളരെ പഴയ ആധാരങ്ങൾ പരിശോധിച്ചാൽ, അതു കാണാം. വെളിച്ചെണ്ണ, നല്ലെണ്ണ, നേന്ത്രക്കായ്, തേങ്ങ എന്നിങ്ങനെ കുടിയാൻ കൊടുക്കേണ്ട സാധനങ്ങളുടെ വിലയും അതിൽത്തന്നെ കാണിച്ചിരിക്കും. കുടിയാൻ ജന്മിക്കു കൊടുക്കാൻ നിശ്ചയിച്ചിട്ടുള്ള സാധനങ്ങളുടെ വില ചിലപ്പോൾ വളരെ തുച്ഛമായിരിക്കും. ആറണ വിലയുള്ള ഒരു കുല നേന്ത്രക്കായു്, എട്ടണ വിലയ്ക്കുള്ള ഒരു കുടം തൈരു് എന്നിങ്ങനെ കരാറു് എഴുതി വച്ചിരിക്കും. ഒരു കുടം തൈരിനു് എട്ടണവില ഇല്ലാതിരുന്ന കാലത്തു് ജന്മി കുടിയാനോടു് എട്ടണ വാങ്ങിക്കും. കാരണം ആധാരത്തിൽ എട്ടണ വിലയ്ക്കുള്ള ഒരു കുടം തൈരു് എന്നാണ് എഴുതിവച്ചിട്ടുള്ളതു്. എന്നാൽ, ഇന്നു ഒരു കുടം തൈരിനു് നാലു രൂപയോ, അഞ്ചു രൂപയോ വിലയുണ്ടെങ്കിലും കുടിയാൻ എട്ടണ മാത്രം കൊടുത്താൽ മതി, അതെല്ലാം കസ്റ്റമറി ഡ്യൂസായി കണക്കാക്കി, കുടിയാൻ കൊടുക്കാതിരിക്കുന്നതിനു് വ്യവസ്ഥചെയ്തിട്ടുണ്ടെന്നു പറയും. അതു് എത്രകണ്ടു് ഫലപ്പെടും എന്നതിനുറപ്പില്ല. ഈ ഭാഗത്തു നിന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ]

വളരെ ശക്തിയായി ഭേദഗതി അവതരിപ്പിച്ചു വാദിച്ചെങ്കിലും അക്കാര്യം ഇപ്പോഴും അവ്യക്തമായിത്തന്നെ നിൽക്കുകയാണ്. കുടിയാൻ ജന്മിക്കു കൊടുക്കേണ്ട നെല്ല്, നാളികേരം, നേന്ത്രക്കായ്, ചേന തുടങ്ങിയ സാധനങ്ങളുടെയെല്ലാം വില പാട്ടമായി കണക്കാക്കി കുടിയാൻ ജന്മിക്കു കൊടുക്കേണ്ടിവരും എന്ന സ്ഥിതിയിൽ, ഈ ഭേദഗതിക്ക് പ്രത്യേകം പ്രാധാന്യമുണ്ട്. നെല്ലിനെ സംബന്ധിച്ചിടത്തോളം പിന്നീട് പിന്നീട് ഉണ്ടാകുന്ന രേഖകളിൽ കൂടുതൽ വില നിശ്ചയിച്ചിരിക്കുന്നതു കാണാം. അതുകൊണ്ടു വലിയ നഷ്ടം ജന്മിമാർക്കു വരാനില്ല. ഈ ഭാഗത്തു നിന്നു അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി സ്വീകരിച്ചാൽ ഒരു സൗകര്യമുണ്ട്, ജന്മിക്കും, കുടിയാനും വലിയ ബുദ്ധിമുട്ടില്ലാതെ പ്രശ്നം പരിഹരിക്കാം. കുടിയാൻ ജന്മിക്കു കൊടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ള സാധനങ്ങളുടെ വില, രേഖയിൽ പറഞ്ഞതു മണിയാർഡറായി അയച്ചാൽ മതി. ഇതു് കുടിയാനു് പ്രത്യേകിച്ചും ഗുണകരമാകും. ഇവിടേയും ജന്മിക്കു കൂടുതൽ ലാഭം ഉണ്ടാക്കാനുള്ള ശ്രമം, നടത്തുന്നതു ശരിയല്ല. നേരത്തേ തുടരുന്ന സമ്പ്രദായം ഈ കാര്യത്തിൽ സ്വീകരിക്കണം. സ്റ്റാററസ്കോ മെൻറയിൻ ചെയ്യുന്നതാണ് ശരി. കുടിയാനു് കിട്ടിക്കൊണ്ടിരുന്ന ഒരു ഗുണം തട്ടിയെടുക്കാനുള്ള താൽപര്യമാണ് ഈ കാര്യത്തിലും തെളിഞ്ഞു കാണുന്നതു്. കോടതിപോലും അംഗീകരിച്ച ഒരു വ്യവസ്ഥിതിയിൽ, ഇപ്പോഴും മറിച്ചൊരു നിലപാടു സ്വീകരിക്കാൻ കാരണം എന്താണെന്നു മനസ്സിലാകുന്നില്ല. കാർഷികബന്ധനിയമത്തിലെ 19 (2) ക്ലാസ്സിനെ സംബന്ധിച്ച് കീഴ്കോടതികളിൽ അനുകൂലമായും, പ്രതികൂലമായും തീരുമാനങ്ങളുണ്ടായിട്ടുണ്ട്. 19 (2)-നു് പട്ടാമ്പി മുൻസിഫ് മജിസ്ട്രേട്ടിൻെറ വിധി അനുകൂലമാണ്. പെരുന്തൽമണ്ണ മുൻസിഫ് എതിരായി വിധിച്ചു. കൃഷിക്കാരുടെ ഭാഗത്തു നിന്നും ഹൈക്കോടതിയിൽ പോയി ചില അനുകൂല വിധി സമ്പാദിച്ചിട്ടുണ്ട്. ഇതെല്ലാം വെറുതെയങ്ങു കളയുകയാണ്. ഇപ്പോഴും കുടിയാനു കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കാനും, ജന്മിക്കു കൂടുതൽ വരവുണ്ടാക്കാനും പാടുപെടുകയാണ്. കുടിയാൻ പ്രതിവർഷം ജന്മിക്ക് കൂടുതൽ കൂടുതൽ പണം കൊടുക്കാൻ വഴിയുണ്ടാക്കിവയ്ക്കുകയാണ്.

<u>ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ:</u> ബഹുമാനപ്പെട്ട മെമ്പർ ഇതൊരു പ്രസംഗവേദിയായി മാററാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. ഈ. പി. ഗോപാലൻ:</u> മിസ്റ്റർ നമ്പ്യാർ എന്തിനെപ്പററിയാണ് സ്വപ്നം കാണുന്നതെന്ന് എനിക്ക് മനസിലാകുന്നില്ല. ഇവിടെ ഞാൻ കഥപറയുകയല്ല. ബില്ലിലെ 34 ാം വകുപ്പിനു് ഒരു ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുകയാണ്.

<u>ശ്രീ. എൻ. ഈ. ബലറാം:</u> മിസ്റ്റർ നമ്പ്യാർ വളരെയധികം പാട്ടം വാങ്ങിക്കുന്ന ഒരാളാണെന്നറിയാമോ?

<u>ശ്രീ. ഈ. പി. ഗോപാലൻ;</u> അതെനിക്കറിയാം. എന്തായാലും എനിക്ക് പറയുവാനുള്ളതു് ഈ ഭേദഗതി സ്വീകരിക്കണമെന്നാണ്. അതല്ല ഇതു് സ്വീകരിക്കാതെ ഈ ബില്ലിൽ ഇതുവരെ തുടർന്നു വന്നിട്ടുള്ള നയമാണ് തുടരാനുദ്ദേശിക്കുന്നതെങ്കിൽ ശക്തിയായി എതിർക്കുകയേ നിവ്വാഹമുള്ളു. വളരെ വ്യക്തമായി ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു. കുടിയാന് ദ്രോഹം ചെയ്യുന്നതിനും ഒരതിർത്തി വെയ്ക്കണം. ഏററിപ്പോകുന്നു എന്നു പറയേണ്ട ഘട്ടമെത്തി. ഇതെവിടെ ചെന്നെത്തും എന്നതിനെപ്പററി വല്ല വിചാരമുണ്ടോ? ഗൗരവമുള്ള ഒരു കാര്യമാണിതു്. ഈ ബില്ലിൽ പ്രധാനമായി ചെയ്തിട്ടുള്ളതു് കുടിയാൻെറ അവകാശങ്ങൾ വെട്ടിച്ചുരുക്കൽ, പാട്ടം വർദ്ധിപ്പിക്കൽ, സ്ഥിരാവകാശം നഷ്ടപ്പെടുത്തൽ, എന്നിവയാണെന്ന കാര്യം വിസ്മരിക്കാവുന്നതല്ല. മറുഭാഗത്തു് ജന്മിമാർക്കും തോട്ടം ഉടമകൾക്കും കുടിയാൻെറ ചെലവിൽ ഗുണം ചെയ്തുകൊടുക്കലും കുടിയാന്മാരെ സംബന്ധിച്ചിടത്തോളം അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന അവകാശങ്ങളിൽ മാററം വരുത്തുന്നതു് ഉചിതമായിരിക്കുകയില്ല. കുടിയാനു് എതിരായി വരുന്ന ഈ പ്രൊവിഷനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. ഈ മട്ടിൽ ആയാൽ ഇനിയും ഇതു സംബന്ധമായ നിയമനിർമ്മാണം ഈ സഭയിൽവച്ച് ചെയ്യേണ്ടിവരുമെന്നു ഓർമ്മപ്പെടുത്തുകയാണ്. ഇതിലെ വകുപ്പുകൾ കാണുമ്പോൾ ഇക്കാര്യം ഉറപ്പിച്ചു പറയേണ്ടിവന്നിരിക്കുന്നു.

ശ്രീ. ആർ. രാഘവമേനോൻ: ശ്രീ. ഗോപാലൻ എന്തൊക്കെയോ പറയുന്നുണ്ട്. എനിക്ക് ഒന്നുംതന്നെ മനസ്സിലാകുന്നില്ല. പാട്ടത്തിനെപ്പററിയും കുടിയാന്മാരെപ്പററിയും ജന്മിമാരെപ്പററിയുമെല്ലാം പറയുന്നുണ്ട്. എനിക്കാണെങ്കിൽ ശ്രീ. ഗോപാലൻ എന്താണു പറയുന്നതെന്നുള്ളതിനെപ്പററി ഒന്നും മനസ്സിലായില്ല.

ശ്രീ. ഈ. പി. ഗോപാലൻ: ഞാൻ പറയുന്നതു് ആധാരത്തിൽ പണമായോ സാധനമായോ കൊടുക്കാൻ വ്യവസ്ഥ ചെയ്തു കേസ്സുകളിൽ, കുടിയാന്് ഇഷ്ടമുള്ളതു് കൊടുത്താൽമതി എന്നുണ്ടായിരുന്ന വകുപ്പ് വിട്ടുകളഞ്ഞിരിക്കുന്നു. അതു് വീണ്ടും കൊണ്ടുവരണമെന്നാണ്. ഇപ്പോൾ മനസ്സിലായോ?

ശ്രീ. പി. ടി. ചാക്കോ: ഇപ്പോൾ നല്ലപോലെ മനസ്സിലായി.

ശ്രീ. ഈ. പി. ഗോപാലൻ: നിലവിലുള്ള നിയമത്തിലെ ബന്ധപ്പെട്ട വകുപ്പ് വീണ്ടും ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്ന കാര്യം നന്നായി മനസ്സിലാക്കണം. അതിനു വേണ്ടിയാണ് ഞാൻ ഇതൊക്കെ പറയുന്നതു്. ഇതു് ഏററവും പ്രധാനപ്പെട്ട ഒരു ക്ലാസാണ്. ഇതിൽ ഭേദഗതി വരുത്താതെ ഇതു് നിയമസഭയിൽവെച്ച് ചുളുവിൽ പാസ്സാക്കിയാൽ പിന്നേയും അതു് ഇവിടെ തിരിച്ചു വരേണ്ടിവരും. അതിനൊന്നും ഇടയാക്കാതിരിക്കണമെന്ന് കരുതിയാണ് ഇത്രയും പറയുന്നതു്.

ശ്രീ. പി. ടി. ചാക്കോ: അതു് തിരിച്ചു വരുമ്പോൾ പറഞ്ഞാൽ പോരേ?

ശ്രീ. ഈ. പി. ഗോപാലൻ: അപ്പോൾ തിരിച്ചുവരും എന്നു് കരുതുന്നുണ്ടല്ലൊ?

ശ്രീ. എൻ. ഈ. ബലറാം: ഇനി തിരിച്ചുവരുമ്പോൾ കേൾക്കേണ്ട ആൾ മാറിപ്പോയാലോ?

ശ്രീ. ഈ. പി. ഗോപാലൻ: അതിനും വഴിയുണ്ട്. വരുന്ന രണ്ടുകൊല്ലത്തിനുള്ളിൽ നടപ്പാക്കാനുള്ള നിയമമാണോ ഇതെന്നു് ഞാൻ ചോദിക്കുന്നു. ഒഴിപ്പിക്കലിനുള്ള വകുപ്പുകളും, പാട്ടം വർദ്ധിപ്പിക്കാനുള്ള വകുപ്പുകളും കുടിയാന്് സ്ഥിരാവകാശം നഷ്ടപ്പെടുത്താനുള്ള വകുപ്പുകളും കൊണ്ടാണ് കാർഷിക പരിഷ്കരണം നടപ്പാക്കുന്നതെന്നു് മറക്കണ്ട. ഈ അടുത്തഅവസരത്തിൽ എ. ഐ. സി. സി. കൂടിതീരുമാനിച്ച കാര്യം മറന്നു കളയണ്ട. രണ്ടു കൊല്ലത്തിനുള്ളിൽ കാർഷികപരിഷ്ക്കാരം പൂർത്തിയാക്കാനാണ് നിർദ്ദേശം. അതിന് കടകവിരുദ്ധമാണ് ഈ ബില്ല്. അതിന്നൊരു തെളിവാണ് ഈ 34 ാം വകുപ്പ്. കുടിയാന്് കിട്ടിക്കഴിഞ്ഞ ഒരു അവകാശം തട്ടിയെടുക്കുന്നതു് നീതികരിക്കാൻ വയ്യ. ഭരണകക്ഷിഭാഗത്ത് നിന്നു് നിരവധി ബഹുമാനപ്പെട്ട മെമ്പർമാർ എന്റെ ഭേദഗതിമാതിരിയുള്ള ഭേദഗതികൾ അവതരിപ്പിച്ചതു് തന്നെ മതിയായ തെളിവായി സ്വീകരിക്കണം.

ശ്രീമതി. കെ. ആർ. ഗൗരി: ആരെല്ലാമാണ് ഭേദഗതികൾ അവതരിപ്പിച്ചിട്ടുള്ളതെന്നു് പറയാമോ?

ശ്രീ. ഈ. പി. ഗോപാലൻ: ആരെല്ലാമാണ് ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളതെന്നു് ശ്രീമതി ഗൗരിയ്ക്കു് തന്നെ അറിയാവുന്നതാണ്. അവരാരെല്ലാമാണെന്നു് ബഹുമാനപ്പെട്ടമന്ത്രിക്കും അറിയാം. ഈ പ്രശ്നം ഗൌരവമുള്ളതാണ്. 34-ാം വകുപ്പ് ഭേദഗതി ചെയ്യാതെ നിവൃത്തിയില്ല. ഭരണകക്ഷിയിലെ മെമ്പർമാർ കൊണ്ടുവന്ന ഭേദഗതിയിലൊന്നു സ്വീകരിച്ചാലും മതി. വിഷപ്പല്ലു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഗൗ. പി. ഗോപാലൻ]

കൾ നിറുത്തി, നല്ലപല്ലുകൾ എടുത്തു കളയുന്ന പ്രതീതിയുണ്ടിതിനു്. കടിച്ചാൽ ഉടൻ വിഷം കയറുന്ന വകുപ്പുകളുണ്ടു്. ഈ ബില്ലിൽ, അതിന്റെ ഉഗ്രത കുറയ്ക്കുന്നതിനുള്ള ഒരു ഭേദഗതി മാത്രമാണിതു്. നിലവിലുള്ള നിയമംമൂലം കിട്ടിക്കൊണ്ടിരുന്ന ഒരാനുകൂല്യം വെട്ടിക്കളയരുതു് എന്നു് ഒരു തവണകൂടി അഭ്യർത്ഥിച്ചുകൊണ്ടു്, അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഈ. ബലറാം: മാഡം, 655—ാം നമ്പർ ഭേദഗതിയാണു് ഞാൻ ഇവിടെ കൊടുത്തിട്ടുള്ളതു്. 654—ാം ഭേദഗതി ശ്രീ. പി. ഗോപാലനും, 656—ാം നമ്പർ ശ്രീ. കെ. ആർ. വിജയനും. 659—ാം നമ്പർ ശ്രീ. കെ. കെ. വിശ്വനാഥനും, 653—ാം നമ്പർ ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാരും. 657-ാം നമ്പർ ശ്രീ. പി. ആർ. കൃഷ്ണനും ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ടു്. ഇവയെല്ലാംതന്നെ ഒരുപോലെയുള്ള ഭേദഗതികളാണു്. അവയെല്ലാംതന്നെ ഒരുപോലെയുള്ളവയായതുകൊണ്ടു് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞമാതിരി എല്ലാവരും അവതരിപ്പിക്കാതെ ശ്രീ. ഗോപാലന്റെ ഭേദഗതി മാത്രം അവതരിപ്പിക്കുകയുണ്ടായി. 654—ാം നമ്പർ ഭേദഗതിയിൽ പറയുന്നതു്

In clause 34 (2), add the following as a further proviso :

"Provided further that if the value of any commodity is specified in the document evidencing the contract of tenancy the money value of the rent payable in kind shall be calculated at such value".

എന്നാണു്. ഈ ഭേദഗതിയിൽ അടങ്ങിയിട്ടുള്ള കാര്യങ്ങളാണു് എന്റെ ഭേദഗതിയിലും ഉള്ളതു്. അങ്ങനെ ഈ സഭയിലുള്ള എല്ലാ കക്ഷിയിലുംപെട്ട മെമ്പറന്മാർ ഒരുപോലെ അവതരിപ്പിക്കപ്പെട്ട ഭേദഗതിയെപ്പററിയാണു് നാം ഇപ്പോൾ ചർച്ച ചെയ്യുന്നതു്.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ വളരെസമയം എടുക്കാതെ കാര്യമാത്രപ്രസക്തമായിട്ടു് സംസാരിച്ചാൽ മതി.

ശ്രീ. എൻ. ഈ. ബലറാം: ഭരണകക്ഷിക്കു് എതിരായി ഞാൻ എന്തെങ്കിലും പറയുമെന്നു് വിചാരിച്ചാണോ ഇങ്ങനെ പറയുന്നതു്?

ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെയല്ല ഞാൻ പറഞ്ഞതു്. കാര്യം മാത്രം വളരെ ചുരുങ്ങിയ സമയംകൊണ്ടു് പറഞ്ഞുതീർക്കണമെന്നാണു് ഞാൻ പറഞ്ഞതു്?

ശ്രീ. എൻ. ഈ. ബലറാം: ഞാൻ കാര്യങ്ങൾ മാത്രമേ പറയുന്നുള്ളു. ഞാൻ പറയുന്നതു് കരാർപാട്ടം കൊടുക്കുമ്പോൾ അതിനു് ഇന്നവില കൊടുത്താൽ മതിയെന്നു് രേഖയിൽ നിശ്ചയിച്ചാൽ ആ വില തന്നെ തുടർന്നു കൊടുക്കണമെന്നാണു്. അല്ലാതെ മാർക്കററുവില കൊടുക്കണമെന്നല്ല. ബില്ലിൽ പറയുന്ന മാതിരി മാറിക്കൊണ്ടിരിക്കുന്ന വില കൊടുക്കേണ്ട ആവശ്യമില്ലെന്നാണു്. സാധാരണമായി മലബാറിൽ പാട്ടക്കരാർ എഴുതുമ്പോൾ ഇത്ര രൂപ വിലവരുന്ന ഇത്ര പറ നെല്ലു് പാട്ടമായി കൊടുത്താൽ മതിയെന്നും എഴുതിക്കാണും. മററുള്ള സ്ഥലങ്ങളിലും ഇതേരീതി നടപ്പുണ്ടെന്നു് ശ്രീ. വിശ്വനാഥന്റെ ഭേദഗതിയിൽനിന്നും എനിക്കു മനസ്സിലായി. കാരണം അദ്ദേഹത്തിന്റെ ഭേദഗതി കൊച്ചിയെ ബാധിക്കുന്നതാകയാൽ ഈ പ്രശ്നം കൊച്ചിയിലുമുണ്ടെന്നു ഞാൻ ഊഹിക്കയാണു്. മലബാറിൽ 1929 മുതൽ നാലഞ്ചുകൊല്ലക്കാലത്തെ രേഖകളിലും ലീസസിലുമെല്ലാം ഇത്ര രൂപ വില വരുന്ന ഇത്ര പറ നെല്ലു് കരാർ പാട്ടമായി കൊടുക്കണമെന്നു് എഴുതിയിരിക്കുന്നതു് കാണാം. അങ്ങനെ ജന്മി നിർബന്ധമായി എഴുതിവെപ്പിക്കുക അക്കാലത്തു് ഒരു പതിവാണു്. ശ്രീ. ബാലകൃഷ്ണൻനമ്പ്യാർ ചോദിക്കുകയുണ്ടായി പതിനഞ്ചു രൂപ വിലയുള്ള ഒരുവണ്ടി നെല്ലു് മുമ്പു് പാട്ടമായിട്ടു് കൊടുക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്ന് എഴുതിയിട്ടുണ്ടായിരുന്നെങ്കിൽ ഇന്നും അതുതന്നെ കൊടുത്താൽ മതിയെന്നും, ഇപ്പോൾ പണ്ടുള്ളതിനെക്കാൾ വില അഞ്ചിരട്ടിയോളമായിട്ടുണ്ടെന്നും അതുകൊണ്ട് ആദ്യം എഴുതിവെച്ചതു് കൊടുക്കണമെന്ന് പറയുന്നതു് ശരിയാണോയെന്നും ചോദിക്കുകയുണ്ടായി. എനിക്കറിയാം എന്റെ അമ്മ തിരുനെല്ലി ദേവസ്വത്തിന് കൊടുത്തിട്ടുള്ള ഒരു രേഖയിൽ ഇരുപത്തിഅഞ്ചു് രൂപയാണ് ഒരു വണ്ടി നെല്ലിന് വിലയിട്ടിരുന്നതു്. 1928—ലെ കാര്യമാണ് ഞാൻ പറയുന്നതു്. എന്റെ അമ്മ ഒരു കുടിയാൻ ആയിരുന്നു. അന്ന് അവിടെയെല്ലാം ഇററലിയിൽനിന്നും വരുത്തുന്ന ഒരുതരം നല്ലയിനം അരി അതായതു് ജമാൽ അരി, ഒരു രൂപക്കു് എട്ടു് കോട്ടയംസേർ കിട്ടിയിരുന്നു. ഞങ്ങളുടെ അവിടെയുള്ള അളവിന്റെ പേരാണ് കോട്ടയംസേർ എന്നുള്ളതു്. അന്നാണ് ഒരുവണ്ടി നെല്ല് 25രൂപ വിലയിട്ട് പാട്ടമായി വാങ്ങിയിരുന്നതു്. ലോകത്തൊട്ടാകെ സാമ്പത്തികകുഴപ്പം നേരിട്ടപ്പോൾ നമ്മുടെ നാട്ടിൽ എല്ലാ ഉൽപ്പന്നങ്ങൾക്കും വില അങ്ങേയററം ഇടിഞ്ഞു ; 1929 മുതൽ 1934 വരെ ഒരു വലിയ സാമ്പത്തികകുഴപ്പമാണ് ലോകം കണ്ടതു്. അന്നു കാർഷികോൽപ്പന്നങ്ങളുടെ വില കണ്ടമാനം ഇടിഞ്ഞു. നമ്മുടെ നാട്ടിൽ നാളികേരം, കുരുമുളക്, നെല്ല് എന്നിവയുടെ വില നന്നേ ഇടിഞ്ഞുപോയി. അക്കാലത്താണു ഉൽപ്പന്നങ്ങളുടെ വില പാട്ടക്കരാറിൽ ജന്മിമാർ നിർബന്ധപൂർവ്വം എഴുതിവെച്ചതു്. ആ വിലയാകട്ടെ അന്നത്തെ മാർക്കററുവിലയേക്കാൾ എത്രയോ അധികമാണ്. അന്ന് ജന്മിമാർ കുടിയാന്റെ കൈയിൽനിന്നും പാട്ടമായിട്ട് നിർബന്ധപൂർവ്വം പണം വസൂൽചെയ്തിരുന്നു. സാധനങ്ങളുടെ വില കൂടുമ്പോൾ ജന്മി പണമായിട്ടും സാധനങ്ങളുടെ വില കുറഞ്ഞിരിക്കുമ്പോൾ കുറച്ചുവിലയിട്ട് കൂടുതൽ സാധനങ്ങളും പാട്ടമായിട്ട് വാങ്ങിക്കൊണ്ടിരുന്നു. ഇങ്ങനെ ഏതു സമയം നോക്കിയാലും ജന്മി കുടിയാന്റെ കൈയിൽനിന്നും പാട്ടം കൂടുതൽ വാങ്ങിക്കൊണ്ടിരിക്കുന്നതായി കാണാം. അങ്ങനെ കുടിയാൻ എന്നും ജന്മിയെ ഭയന്നാണ് ജീവിച്ചുകൊണ്ടിരുന്നതു്. അതിന് ഞാൻ ഒരു ഉദാഹരണം പറയാം. അതായതു ഞാൻ ഒരു പ്രാവശ്യം കാസർകോട്ട് ഒരു യോഗത്തിൽ സംബന്ധിക്കാൻ പോയിരുന്നു. ആ യോഗത്തിൽ അനേകം കുടിയാന്മാർ സംബന്ധിച്ചിരുന്നു. അതിൽ ഒരു കുടിയാന്റെ കൈവശം രണ്ടു കോഴികളിരിക്കുന്നതുകണ്ടു. എന്തിനാണ് ഈ കോഴികളെ കൊണ്ടുവന്നതെന്ന് അന്വേഷിച്ചപ്പോൾ ജന്മിയെ കണ്ടാൽ കോഴിപ്പോരിന്നു വന്നതാണെന്നു പറയാൻവേണ്ടിയാണെന്നു മറുപടി പറഞ്ഞു. ജന്മിമാരെ അത്രക്കു് ഭയന്നാണ് നമ്മുടെ രാജ്യത്തെ കുടിയാന്മാർ ജീവിക്കുന്നതു്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു് വല്ല അറബികഥയിലുമുള്ളതാണോ ?

ശ്രീ. എൻ. ഈ. ബലറാം : ഞാൻ പറഞ്ഞതു് കാസർകോട്ടു നടന്ന ഒരു സംഭവമാണ്. ഇന്നും ജന്മിമാരെ, പിന്നാക്കം നിൽക്കുന്ന കൃഷിക്കാർ ഭയന്നാണ് ജീവിക്കുന്നതു്. അങ്ങനെയല്ലെങ്കിൽ കുടിയാൻ പാട്ടം കൊണ്ടുകൊടുക്കുമ്പോൾ ജന്മിമാർ രസീതു് കൊടുക്കാതിരിക്കുമോ ? നമ്മുടെ നാട്ടിൽ രേഖയില്ലാത്ത കുടിയാന്മാർ ഇത്രയധികമുള്ളതു് ഇതുകൊണ്ടാണ്. ജന്മിമാർ വിചാരിച്ചാൽ പലതും ഇവിടെ നടക്കും. ഇന്നും സമൂഹത്തിൽ അവക്കു് നല്ല ശക്തിയുണ്ട്. അവർ വിചാരിച്ചാൽ പലതും നടക്കും. കുടിയാന്മാരെ അങ്ങേയററം ദ്രോഹിക്കാൻ കഴിയും. ഇതെല്ലാം എല്ലാവക്കും അറിയാവുന്ന വസ്തുതകളാണ്. നമ്മൾ പല മാററങ്ങളും വരുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ പല മാററങ്ങളും ഇവിടെ വരുത്തിയതിൽ ആനുകൂല്യം കിട്ടിയിട്ടുള്ളതു് ജന്മിക്കാണ്. അതുകൊണ്ട് ഇക്കാര്യത്തിലെങ്കിലും കുടിയാന് ഗുണം കിട്ടുന്ന രീതിയിലുള്ള മാററം വരുത്തണമെന്നാണ് എനിക്കു് പറയുവാനുള്ളതു്. ഇക്കാര്യത്തിലെങ്കിലും നിങ്ങളുടെ ഹൃദയം കല്ലുപോലെയാകരുതു്. ഈ രാജ്യത്തെ കുടിയാന്മാരെ ദ്രോഹിക്കുന്ന നടപടികളൊന്നുംതന്നെ നിയമം ഉണ്ടാക്കുമ്പോൾ സ്വീകരിക്കരുതു്. അതുകൊണ്ട് ഈ വകുപ്പിലെങ്കിലും ഇവിടെ കൊടുത്തിട്ടുള്ള ഭേദഗതി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് അവസാനിപ്പിച്ചുകൊള്ളുന്നു.

2/739/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: എന്റെ ഭേദഗതി ഔപചാരികമായി ഇവിടെ അവതരിപ്പിക്കുന്നതിന്ന് എനിക്ക് അനുവാദമില്ല. 1216-ാം നമ്പരായ എന്റെ ഭേദഗതി 34-ാം വകുപ്പിൽ ചേർക്കുന്നതിന്ന വേണ്ടിയുള്ളതാണ്.

'and the money value of the rent payable in kind shall be computed at the rate, if any, stipulated in the contract or tenancy,

എന്നുള്ളതാണ് എന്റെ ഭേദഗതി. ഇതിന്ന സഹായകരമായിട്ടുള്ള കാര്യങ്ങളും എന്റെ സുഹൃത്തുക്കളും ഇവിടെ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആ കാര്യങ്ങളൊന്നും ഞാൻ ഇവിടെ പറയുന്നില്ല. അവർ പറയാത്ത ഒന്നുരണ്ടു കാര്യങ്ങളും മാത്രമേ എനിക്ക് പറയുവാനുള്ളു.

എന്റെ ഈ ഭേദഗതി സ്വീകരിക്കാത്തപക്ഷം എന്റെ നിയോജകമണ്ഡലത്തിലെ കൃഷിക്കാരെ പ്രത്യേകിച്ചും ഞാൻ മനസിലാക്കിയിടത്തോളം മലബാറിലെ കൃഷിക്കാരെ പൊതുവിലും, ബാധിക്കുമെന്നു ഒന്നുരണ്ടുമൂന്നു ഉദാഹരണങ്ങളും പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിലൊന്ന് പാട്ടം കൊടുക്കുന്നതിനെപ്പററിയും പാട്ടം വാങ്ങുന്നതിനെപ്പററിയുമാണ്. പാട്ടം വാങ്ങുന്നതിനപ്പുറത്ത് എന്തെങ്കിലും ചെയ്യണമോ എന്നുള്ള കാര്യത്തെപ്പററി ഗവണ്മെന്റ് ആലോചിച്ചിട്ടില്ലെന്നു തോന്നുന്നു. ഭൂ സംപ്രദായങ്ങളിൽ മൗലികമായമാററം വരുത്തിക്കൊണ്ട് കൃഷി ചെയ്യുന്നആളുകൾക്കു തന്നെയായിരിക്കണം ഭൂമിയുടെ അവകാശം എന്നതിനുവേണ്ടി വാദിക്കുകയും പ്രവർത്തിക്കുകയും, സമരം ചെയ്യുകയും ചെയ്യുന്ന ഒരു പാർട്ടിയിൽ നിലകൊള്ളുന്നവരാണ് ഞങ്ങൾ. എന്നാൽ ഇന്നു ശ്രീ. ബലറാം സംസാരിച്ചപ്പോൾ ഇവിടെപറഞ്ഞു, കൃഷിക്കാർക്ക് വളരെ ദ്രോഹകരമായിട്ടുള്ള ഒരു നിലപാടാണ് ഈ നിയമംമൂലം ഈ ഗവണ്മെന്റ് എടുത്തിട്ടുള്ളതെന്ന്. ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന അവരുടെ ആനുകൂല്യങ്ങൾ തട്ടിപ്പറിക്കുന്നു എന്നു മാത്രമല്ല, ഞാൻ പറയുകയാണ്, പല അപകടങ്ങളും കുഴപ്പങ്ങളും എന്റെ ഭേദഗതി സ്വീകരിക്കാത്തപക്ഷം ഉണ്ടാകും. സാധനങ്ങളുടേയും ധാന്യങ്ങളുടേയും വില നിശ്ചയിച്ചിട്ടില്ലെന്നു വരികിൽ പല കുഴപ്പങ്ങളുമുണ്ടാകും. കമ്പോളവില അനുസരിച്ച കൊടുക്കണമെന്നാണ് പറയുന്നത്. വ്യക്തമായി അത് കരാറിൽ പറഞ്ഞില്ലെങ്കിൽ അത് വളരെ ബുദ്ധിമുട്ടുണ്ടാക്കും. ഒരു ഉദാഹരണം പറയുകയാണെങ്കിൽ കണ്ണൂർ താലൂക്കിൽ നാറാത്തു വില്ലേജിൽ അവിടത്തെ ദേവസ്വത്തിന്ന് എന്റെ വീട്ടിൽനിന്ന് രണ്ടുറുപ്പ വിലയുള്ള 200 മടൽ ഓല അമ്പലത്തിൽ പന്തലു കെട്ടുന്നതിന്ന് കൊടുക്കണം. ഓല കൊടുക്കാൻ സാധിച്ചില്ലെങ്കിൽ അതിന്റെ വിലയായ രണ്ടുറുപ്പ കൊടുത്താൽ മതി. തുണ്ടുതുണ്ടായിട്ടുള്ള ഓല കെട്ടികൊടുക്കുന്ന കാര്യം കുറച്ചു വിഷമമാണ്. അതുകൊണ്ട് അതിന്റെ വിലതന്നെ കൊടുക്കാമെന്നു വിചാരിക്കും. അപ്പോൾ രണ്ടുറുപ്പ കൊടുത്താൽ മതി. അന്നു രണ്ടുറുപ്പ വിലയുണ്ടായിരുന്നെങ്കിൽ ഇന്നതിന്ന 50 ഉറുപ്പവരെ വില കൊടുക്കണം. കാരണം ഇന്നു കമ്പോളത്തിൽ ഓലയുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഇത് സാധാരണക്കാരെ ദ്രോഹിക്കുന്ന ഒരേർപ്പാടാണ്. അതുപോലെ തന്നെ രണ്ടുപണം വിലയുള്ള അഞ്ചുസേർ ഉഴുന്നിന്ന് 6അണ 8 പൈസ വിലയെങ്കിൽ 15 ഉറുപ്പ വിലയുള്ള 10 സേർ നെല്ലിന്ന് ഇന്നു 50ഉറുപ്പ കൊടുക്കണം. കരാറനുസരിച്ചാണെങ്കിൽ 15 ഉറുപ്പ കൊടുത്താൽമതി. അങ്ങനെയുള്ള ധാരാളം കേസുകൾ നമുക്ക് അനുഭവത്തിൽ കാണാൻ സാധിക്കുന്നതാണ്. അതുകൊണ്ട് ഇന്നു കരാറിൽ വില നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതനുസരിച്ച് കൊടുത്താൽ മതി എന്നു പറയുന്നത് വളരെ ന്യായമായിട്ടുള്ള ഒരു കാര്യമാണ്. കൃഷിക്കാർക്ക് അതു വളരെ സഹായം ചെയ്യും. അതുകൊണ്ട് ഈ ഭേദഗതി ... സ്വീകരിക്കണമെന്ന് ഞാൻ ഗവണ്മെൻറിനോട് ആവശ്യപ്പെടുന്നു.

ശ്രീ. പി. സി. രാഘവൻനായർ: ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുകയാണ്. ഈ ഭേദഗതിയിൽ ഞാൻ ഉദ്ദേശിച്ചിട്ടുള്ളത് പണവില കൈച്ചീട്ടിൽ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആ നിശ്ചയിച്ചിട്ടുള്ള വിലതന്നെ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്താൽ കുടിയാന് രക്ഷ കിട്ടണമെന്നുള്ളതാണ്. ഈ ബില്ലിൽ ചേർത്തിട്ടുള്ള ഒരു വകുപ്പിൽ കുടിയാന് ഒരു ഓപ്ഷൻ കൊടുത്തു കാണുന്നു. ഇതു കണ്ടാൽ തോന്നും കുടിയാന് വളരെയധികം രക്ഷയാണ് ഉണ്ടാക്കികൊടുത്തിട്ടുള്ളതെന്ന്.

'where the rent is payable in kind, it shall be paid either in kind or in money at the option of the tenant.'

എന്ന് ഇതിൽ പറഞ്ഞിട്ടുണ്ട്. ടെനൻറിൻെറ ഇഷ്ടാനുസരണം കൊടുക്കണമെന്നാണ് പറയുന്നതു്. അപ്പോൾ മറെറാരു ചോദ്യം ചോദിക്കാനുള്ളതു് കുടിയാനും ജന്മിയുംകൂടി ഇഷ്ടാനുസരണം എഴുതി വച്ചിട്ടുള്ള കരാറിൽ പറഞ്ഞവില കൊടുക്കാൻ കുടിയാന് അവകാശമില്ലേ എന്നാണ്. കുടിയാനും ജന്മിയുംകൂടി ആ കാലത്തു് യോജിച്ച് എഴുതിയുണ്ടാക്കിയ കരാറാണ് ഇതു്. ആ കരാറിൽ പറയുന്ന വില കൊടുത്താൽ ഇന്നു എന്തുകൊണ്ടാണ് ആ കാര്യത്തിൽ കുടിയാൻെറ ഇഷ്ടം അനുവദിക്കപ്പെടുന്നില്ലെന്നുള്ളതാണ് ചോദ്യം. മാഡം, ഈ സൗജന്യങ്ങൾ പുത്തനായി അനുവദിക്കുവാൻവേണ്ടി ആരും ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങളല്ല. ഇതു് വളരെയധികം വ്യക്തമായി കാർഷികബന്ധനിയമത്തിലെ 19-ാം വകുപ്പ് 2-ാം ഉപവകുപ്പിൽ എഴുതി വച്ചിട്ടുണ്ടായിരുന്നു. അതിലും വളരെ വ്യക്തമായിട്ട് ഇവിടെ പറഞ്ഞമാതിരി കുടിയാൻ കുടികിടപ്പ് സംരക്ഷണനിയമം കൊണ്ടുവന്നപ്പോൾ ആ നിയമത്തിലും ഇതേ രീതിയിലുള്ള ഒരു വ്യവസ്ഥ വെയ്ക്കുകയുണ്ടായി. ആ വകുപ്പിൻെറ ചർച്ചാവേളയിൽതന്നെ ഞാൻ ഇവിടെ വിശദീകരിക്കുകയുണ്ടായി, ഹൈക്കോടതി വിധിയുടെ ഫലമായിട്ട് ഇത്തരത്തിലൊരു വകുപ്പ് വ്യക്തമായി നിയമപുസ്തകത്തിലുണ്ടായിരുന്നിട്ട്കൂടി കുടിയാന്‌രക്ഷ കിട്ടിയിട്ടുണ്ടായിരുന്നില്ലെന്ന്. അതുകൂടി ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. കാർഷികബന്ധനിയമത്തിലെ 19 (2) വകുപ്പ് ഉണ്ടായിരുന്നപ്പോൾ കേരള ഹൈക്കോടതി ആ നിയമം സ്വീകരിക്കാതെ ആ വകുപ്പ് എഴുതിവച്ചിട്ടുള്ളതു് കുടിയാൻ എഴുതി കൊടുക്കേണ്ടുന്ന പാട്ടച്ചീട്ടുകളുടെ രജിസ്റ്റർ ഫീ കണക്കാക്കാൻ വേണ്ടിയാണ് ഈ വില നിശ്ചയിച്ചിട്ടുള്ളതെന്നും ആ വില പാട്ടം കൊടുക്കാൻ കണക്കാക്കുന്നതിന് പാടില്ലെന്നും ഹൈക്കോടതി വിധിച്ചിട്ടുണ്ട്. കേരള ഹൈക്കോടതിയുടെ വിധി ഉണ്ടായിരുന്നിട്ടുകൂടി ആ വിധിയെ തിരുത്തത്തക്കവിധത്തിൽ ഒരു വാചകമല്ല കുടിയാൻ കുടികിടപ്പുകാർ സംരക്ഷണ നിയമത്തിൽ ബഹുമാനപ്പെട്ട മന്ത്രി അന്നു കൊണ്ടുവന്നിരുന്നതു്. കുടിയാൻ കുടികിടപ്പുകാർ സംരക്ഷണനിയമത്തിൽ പഴയ കാർഷികബന്ധ നിയമത്തിലുണ്ടായിരുന്ന ആ വകുപ്പ് അപ്പടി എഴുതിചേർത്തിട്ടുള്ളതു് കണ്ടപ്പോൾ ഇവിടെയുള്ള നിയമകോടതികളിലെ നിയമജ്ഞന്മാർ ചിരിക്കുകയാണ് ചെയ്തതു്. ഹൈക്കോടതി വിധിയുടെ ഫലമായി കാർഷികബന്ധനിയമത്തിലെ 19 (2) വകുപ്പിന് ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ തന്നെയും സാധനവില നിജപ്പെടുത്തിയിട്ടുള്ളതു് രജിസ്ട്രർ ഫീസ് കണക്കാക്കാൻ മാത്രമേ ഉപകരിക്കുകയുള്ളു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കുടിയാൻ കുടികിടപ്പ് സംരക്ഷണ നിയമം ഉണ്ടായപ്പോഴും അതേ വാചകം തന്നെ എഴുതിയതിന് യാതൊരു അർത്ഥവുമില്ലെന്ന് അഭിഭാഷകന്മാർ പ്രസ്താവിക്കുകയുണ്ടായി. കുടിയാൻ കുടികിടപ്പ് സംരക്ഷണനിയമത്തിനകത്തു് സാധനവിലവാങ്ങുന്നതു് പണമായി നിജപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ വില കൊടുത്താൽമതി എന്നു വ്യക്തമായി പ്രതിപാദിച്ചിരുന്നിട്ടുകൂടി ഏതെങ്കിലും മുൻസിഫ് കോടതികൾ ഈ തരത്തിലുള്ള വില കണക്കാക്കിയിട്ടു പാട്ടം വാങ്ങിയിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. എൻെറ അറിവിൽപ്പെട്ടിടത്തോളം കോഴിക്കോട്ടുജില്ലയിലുള്ള ഒരൊററ മുൻസിഫ് കോടതിയിലും ഇത്തരത്തിൽ സാധനവില കണക്കാക്കി പാട്ടത്തിൻെറ സംഖ്യ സ്വീകരിച്ചിരുന്നില്ല. ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഈ വില സ്വീകരിക്കുകയില്ല എന്നു മുൻസിഫുമാർ ഓർഡർ പറഞ്ഞപാട്ടം കോടതികളിൽ സ്വീകരിക്കണമെങ്കിൽ ഗവണ്മെൻറ് പ്രസിദ്ധപ്പെടുത്തിയ മാർക്കററ് വില കൊടുക്കണമെന്ന് അവർ വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. അതുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു ഭേദഗതി സ്വീകരിച്ചില്ലെങ്കിൽ അവക്ക് യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

ണ്ണവും കിട്ടാൻ പോകുന്നില്ലെന്നു് ഞാൻ പറഞ്ഞതു്. ഈ ഭേദഗതി തന്നെ പോരാ നിയമപ്രകാരം ഡ്രാഫ്റ്റു ചെയ്ത വ്യക്തമായ ഭേദഗതി എഴുതി ചേർക്കണം. എങ്കിൽ മാത്രമേ കൃഷിക്കാർക്കു രക്ഷയുള്ളു. ഈ നിയമത്തിലോ മറ്റേതെങ്കിലും നിയമത്തിലോ കോടതിയുടെ ഡിക്രിയിലോ ആർഡറിലോ എന്തു തന്നെ പറഞ്ഞിട്ടുണ്ടെങ്കിൽകൂടി സാധനങ്ങളുടെ പണവില നിജപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ വില മാത്രമെ കുടിയാൻ കൊടുക്കേണ്ടതുള്ളൂ എന്നുവ്യക്തമായി രേഖപ്പെടുത്തിയ ഒരു സബ്ക്ലാസ് ഉണ്ടാവണം. അത്തരം ഒരു ക്ലാസ് ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ കോടതി സ്വീകരിക്കുകയുള്ളു എന്നുള്ളതു് ഒരു യാഥാർത്ഥ്യമാണു്. ഇതുപോലുള്ള ഭേദഗതികൾ അതിൽ ഉൾക്കൊള്ളിച്ചാൽ തന്നെ ഇനിയും ഹൈക്കോടതിയുടെ വിധികൾക്കുവേണ്ടി കാത്തിരിക്കാമെന്നു മാത്രമേയുള്ളു. അതുകൊണ്ടു് ഈ ഭേദഗതി സ്വീകരിക്കുന്നതോടൊപ്പം തന്നെ മേൽപറഞ്ഞ വിധത്തിലുള്ള ഒരു ക്ലാസുകൂടി ഇതിൽ ചേർക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങിക്കൊള്ളുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ ഭേദഗതി സ്വീകരിക്കാതിരുന്നാൽ മലബാർ ഭാഗത്തു മുമ്പു കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യം നഷ്ടപ്പെടുന്നു എന്നുള്ളകാര്യം പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഇവിടെ സംസാരിക്കുകയുണ്ടായി. ഇതിനു് ഭരണകക്ഷിയിൽനിന്നുതന്നെ പല മെമ്പറന്മാരും ഭേദഗതികൾ കൊടുത്തിട്ടുള്ളകാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സർവ്വശ്രീ കെ. ആർ. വിജയൻ, പി. ആർ. കൃഷ്ണൻ, കെ. കെ. വിശ്വനാഥൻ, പി. മാധവൻ തുടങ്ങി കൊച്ചി മലബാർ ഏരിയായിൽനിന്നു വന്നിട്ടുള്ള മെമ്പറന്മാരൊക്കെത്തന്നെ ഭേദഗതികൾ കൊടുത്തിട്ടുണ്ടു്. മലബാർ ഏരിയായിലും കൊച്ചി ഏരിയായിലും വളരെ വർഷങ്ങൾക്കുമുമ്പു് അനുവദിച്ചിരുന്ന ആനുകൂല്യം കൃഷിക്കാരിൽ നിന്നും കുടിയാനിൽനിന്നും തട്ടി എടുക്കുന്നു എന്നുള്ളതുകൊണ്ടുതന്നെയാണു് ഈ കാര്യങ്ങൾ മനസ്സിലാക്കിയിട്ടുള്ള മെമ്പറന്മാർ ഭേദഗതി കൊടുത്തിട്ടുള്ളതു്.

ശ്രീമതി. കെ. ആർ. ഗൗരി: ഇതുകൊണ്ടു തോന്നുന്നതു് തിരുവിതാംകൂറിൽ മററുവിധത്തിലാണു് കൊടുത്തുകൊണ്ടിരിക്കുന്നതെന്നാണു്.

ഡെപ്യൂട്ടി സ്പീക്കർ: ഒരു മെമ്പർ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ ആ മെമ്പർ ഇരിക്കാതെ മറ്റൊരു മെമ്പർ ഒന്നും പറയരുതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കൊച്ചി ഭാഗത്തു് നാളികേരത്തിനു് വില ഇടിഞ്ഞ സന്ദർഭത്തിൽ അതിനു പണം കിട്ടിയാൽ മതിയെന്നുള്ള തീരുമാനമെടുത്തു. നാളികേരത്തിനു വിലവർദ്ധിച്ചപ്പോൾ പണം കിട്ടിയാൽ പോരാ നാളികേരം തന്നെ കിട്ടണമെന്നു് ജന്മിമാർ വാദിച്ചു. ആ കാലത്തു് നമുക്കറിയാം, ശക്തിയായിട്ടുള്ള പ്രക്ഷോഭണം രാജ്യത്താകെ അലയടിച്ചു ആ പ്രക്ഷോഭണത്തിൽ അന്നു കൃഷിക്കാരുടെ രംഗത്തു പ്രവർത്തിച്ചിരുന്ന അവിടെയുള്ള കാൺഗ്രസ്സുകാരും, കമ്മ്യൂണിസ്റ്റുകാരും ആയിട്ടുള്ള മുഴുവൻ പേരും തന്നെ സഹകരിച്ചിരുന്നു. ഇത്തരം പ്രശ്നങ്ങളിൽ അന്നു് ഇന്നു കാണുന്നതുപോലെയുള്ള വൈരുദ്ധ്യം ഉണ്ടായിരുന്നില്ല. അന്നു ഭരണകക്ഷിക്കെത്തും പ്രതിപക്ഷത്തിലും ഇതുപോലെയുള്ള വൈരുദ്ധ്യങ്ങൾ ഉണ്ടായിരുന്നില്ല. ആ വൻപ്രക്ഷോഭണത്തിന്റെ ഫലമായി നാളികേരത്തിന്റെ വില കരാറു കാലത്തെ തോതിൽ പണമായി കൊടുത്താൽ മതിയെന്നുള്ള തീരുമാനം എടുക്കുകയുണ്ടായി. ഇങ്ങനെ എത്രയോ വർഷങ്ങൾക്കുമുമ്പു് അവർക്കു കിട്ടിയിരുന്ന ആനുകൂല്യം, അന്നത്തെ കാൺഗ്രസ് പാർട്ടി അംഗീകരിച്ചിരുന്ന ഒരു തീരുമാനത്തെയാണു് ഇന്നു് ഈ 1963-ൽ ഞാൻ മുമ്പു് ഇവിടെ സൂചിപ്പിച്ചിട്ടുള്ളതുപോലെ, സോഷ്യലിസത്തിന്റേതായ യുഗം വളർന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഇന്നത്തെ കാൺഗ്രസ് മന്ത്രി നിഷേധിച്ചിട്ടുള്ളതു് അന്നു കാൺഗ്രസ്, കുടിയാന്റെഭാഗത്തുനിന്നിരുന്നുവെങ്കിൽ ശ്രീമാൻ ചാക്കോ

LIBRARY ARCHIVES Kerala Legislative Assembly

ഇന്നു് ഈ ആനുകൂല്യങ്ങളെല്ലാം ജന്മിമാർക്കു് തീറെഴുതികൊടുത്തിരിക്കുന്നു എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. ഈ കാര്യങ്ങളെല്ലാം മനസ്സിൽവച്ചുകൊണ്ടാണു് ഇങ്ങനെ പറയുന്നതു്. അതുകൊണ്ടു് എത്രയോ വർഷങ്ങൾക്കുമുമ്പു് കാൺഗ്രസ് അംഗീകരിച്ചിരിക്കുന്ന തത്വം സ്വീകരിക്കണമെന്നും ഇത്തരം ഭേദഗതികൾ ഞങ്ങളുടെ ഭാഗത്തുനിന്നുമാത്രമല്ല അവരുടെ ഭാഗത്തുനിന്നും വന്നതിന്റെ അർത്ഥം മനസ്സിലാക്കി ഇതു സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ :- ഈ ഭേദഗതിയെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുകയാണു്. കാർഷികബന്ധ നിയമത്തിലും ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ അവതരിപ്പിച്ച കുടിയാൻ കുടികിടപ്പുകാർ സംരക്ഷണനിയമത്തിലും ഈ വകുപ്പുകൾ ഉണ്ടായിരുന്നു. അന്നു് ഈ വകുപ്പുകൾ കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രിയെ പ്രേരിപ്പിച്ച ചേതോവികാരം എന്താണെന്നും ഇന്നു് ആ അഭിപ്രായം മാററാനുള്ള കാരണം എന്താണെന്നും മനസ്സിലാകുന്നില്ല. അന്നു് ഓററൽ അമെൻറുമെൻറായിരുന്നു ബഹുമാനപ്പെട്ട മന്ത്രി സഭയിൽ അവതരിപ്പിച്ചതും സഭ സ്വീകരിച്ചതും. ഇതിനെ സംബന്ധിച്ചിടത്തോളം മലബാർ ഭാഗത്തു് വളരെക്കൊല്ലങ്ങളായി ആനുകൂല്യം കിട്ടിയിരുന്ന ഒരു വിഭാഗം കൃഷിക്കാർക്കു് ഈ ഭേദഗതികൊണ്ടു് ദോഷം വരുമെന്നാണു് പറയുന്നതു്. പ്രധാനമായി കുടിയാനെ സംബന്ധിച്ചിടത്തോളം ആനുകൂല്യം കൊടുക്കേണ്ടതാണു്, പണമായി പാട്ടം കൊടുക്കാമെന്നു വ്യവസ്ഥയിരുന്ന കുടിയാനെ സംബന്ധിച്ചിടത്തോളം ഉൽപ്പന്നങ്ങൾക്കു് എത്രതന്നെ വില വർദ്ധിച്ചാലും ഉദാഹരണമായി 1930-ലെ ഡോക്കുമെൻറുപ്രകാരം എത്ര സംഖ്യ കൊടുക്കാമെന്നു നിശ്ചയിച്ചിട്ടുണ്ടോ ആ സംഖ്യതന്നെ 1963-ലും കൊടുത്താൽമതി. അതനുസരിച്ചു് സാധനങ്ങളായി കൊടുക്കാമെന്നു കരാർചെയ്ത ആളുകളെ സംബന്ധിച്ചിടത്തോളം ഇന്നു് കാർഷിക ഉൽപ്പന്നങ്ങൾക്കു് വില വർദ്ധിച്ചിരിക്കുന്നതനുസരിച്ചു് പാട്ടത്തിന്റെ തോതും വർദ്ധിക്കുകയാണു്. തേങ്ങയ്ക്കു് ഇന്നു് എത്ര വില വർദ്ധിച്ചാലും 10 ക. മാത്രമേ പാട്ടം നിശ്ചയിച്ചിട്ടുള്ളു എങ്കിൽ അത്രയും കൊടുത്താൽ മതി. അതനുസരിച്ചു് നെൽകൃഷിയാണെങ്കിൽ, നെൽകൃഷിയെ സംബന്ധിച്ചു് ഇന്നു് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. ഈ അവസരത്തിൽ ആ കൃഷിക്കാർ ഇന്നത്തെ മാർക്കററു് വില കൊടുക്കേണ്ടതായി വരുന്നുണ്ടു്. അതേ അവസരത്തിൽ ഇന്നു് പണമായി കൊടുക്കാമെന്നു സമ്മതിച്ച കുടിയാനെ സംബന്ധിച്ചിടത്തോളം ആ ഒരു നില വരുന്നില്ല. ഇതു് കാർഷികരംഗത്തു് നാം ഉദ്ദേശിക്കുന്ന കാർഷികാഭിവൃദ്ധിക്കു വളരെ വിഘാതമായിരിക്കുന്ന വ്യവസ്ഥയാണു്. ഇന്നു് ഒരു കുടിയാനെ സംബന്ധിച്ചിടത്തോളം പണമായി കൊടുത്താൽ മതിയെങ്കിൽ ഒരു നെൽകൃഷി ചെയ്യുന്ന കുടിയാനെ 'സംബന്ധിച്ചിടത്തോളം ജന്മി പണം കണക്കാക്കിയിരിക്കുന്നതു് ഇന്നു് നെല്ലിനുള്ള വില കണക്കാക്കിയാണു്. അതുപോലെതന്നെയല്ല നാളികേര തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം. ഈ തോട്ടങ്ങളിൽ ആകെ കിട്ടാവുന്ന നാളികേരത്തിന്റെ ആദായം കണക്കാക്കിക്കൊണ്ടാണു് പാട്ടം നിശ്ചയിച്ചിരിക്കുന്നതു്. ഇത്തരത്തിലുള്ള കുടിയാനെ സംബന്ധിച്ചിടത്തോളം യാതൊരു വൈഷമ്യവുമില്ല. അതുകൊണ്ടായിരിക്കാം ബഹുമാനപ്പെട്ട മന്ത്രി കാർഷികകുടിയാൻ കുടികിടപ്പുകാർ സംരക്ഷണ ബിൽ അസംബ്ലിയിൽ ചർച്ചചെയ്തപ്പോൾ ഇത്തരത്തിൽ ഒരു ഭേദഗതി അവതരിപ്പിച്ചു പാസ്സാക്കാൻ നിശ്ചയിച്ചതു്. ഇന്നു് എന്തുകൊണ്ടാണു് മാററം വന്നതു് എന്നു ചോദിക്കുകയാണെങ്കിൽ ആ കാര്യം നമുക്കറിയാം. ഈ രാജ്യത്തെ ജന്മിമാർക്കു് ആനുകൂല്യം കൊടുക്കുന്നതിനുള്ള ഒരു പ്രവണത ഇതുവരെ സ്വീകരിച്ച ഭേദഗതികൾകൊണ്ടു് കാണാൻ സാധിക്കും. പ്രധാനമായി ഇവിടെ അവതരിപ്പിച്ച സ്മാൾ ഹോൾഡറിന്റെ കാര്യം എടുക്കാം. അത്തരത്തിലുള്ള ഒരു പ്രവണതയാണു് നാം ഇവിടെ കണ്ടുവരുന്നതു്. അതുകൊണ്ടു് ഈ രാജ്യത്തെ കൃഷിക്കാർ അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങൾ എടുത്തുകളയാതെ കഴിഞ്ഞകാലത്തു് കുടിയാനു് കിട്ടിയിരുന്ന ആനുകൂല്യങ്ങളെല്ലാം തന്നെ തുടർന്നുകൊണ്ടു് ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ ഈ ബില്ലിലും കൊടുക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

Shri P. T. Chacko : After having heard all the Members I request that the consideration of this clause may be held over so that I can get some more time to consider about it.

Deputy Speaker : Clause 34 is held over.

Clause 35.

Shri P. T. Chacko : I move :

661. In clause 35(1), the words "in determining the fair rent" shall be added at the end.

In doing so, I move that for the word "determining", the word "fixing" may be substituted, because of the changes made thereafter. I think the word "fixing" is more suitable here.

Shri T. A. Thomman : I move :

662. In clause 35, for sub-clause (2) excluding the proviso, the following shall be substituted :

> "(2) A tenant making any payment to the Government or any local authority towards land revenue or any tax in respect of the land comprised in the holding and payable by the landlord, shall be entitled to deduct the same from the rent payable by him to the landlord."

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ ശ്രീ. തൊമ്മന്റെ ഭേദഗതിയെ എതിർക്കുകയാണ്. തൊമ്മന്റെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്—A tenant making any payment to the Government or any local authority towards land revenue or any tax in respect of the land comprised in the holding, and payable by the landlord എന്നാണ്. ഈ ക്ലാസിൽ ഇന്നു പറഞ്ഞിരിക്കുന്നത്—

(1) "As between the tenant and the landlord the former shall be liable for any cess or special charges leviable by the Government for special or additional crops raised where such special or additional crops have not been taken into account.

(2) A tenant making any payment towards land revenue or any tax in respect of the land comprised in the holding payable by the landlord to the Government or any local authority, shall be entitled to deduct the same."

എന്നാണ്. ഇന്ന് ഈ കാര്യത്തിൽ ആരു് കൊടുക്കേണ്ടിവന്നാലും ഈവക കാര്യങ്ങളെ സംബന്ധിച്ച് ഈ വകുപ്പിൽ ഇന്നത്തെ ഇന്റർപ്രട്ടേഷൻവച്ച് കുടിയാന് വിളിച്ചുകൊടുക്കാൻ സാദ്ധ്യതയുണ്ട്. സർ, ഏതായാലും എല്ലാം കഴിയുമ്പോൾ കൂടുതൽ കൊടുക്കേണ്ടിവരാൻ ഇടയാകരുത്. അതു പറയാൻ പ്രത്യേകകാരണമുണ്ട്. നമ്മൾ പുറകോട്ടൊന്നു പോകണം. അപ്പോൾ കാണാം മുമ്പു കിട്ടിയിരുന്നതു പലതും ഇന്നു കിട്ടുന്നില്ലെന്ന്. ആവിധത്തിൽ വരുമ്പോൾ "excepting cess" എന്നു പറഞ്ഞു് ലിമിററു ചെയ്താൽ ഇന്നു കിട്ടിക്കൊണ്ടിരിക്കുന്നതുമാത്രം കിട്ടിയാൽ മതി.

ശ്രീ. ടി. എ. തൊമ്മൻ: ക്ലാസുകൾ എഴുതിയപ്പോൾ ലാൻറുലോർഡിനെ കുറിച്ചു പറഞ്ഞു. അതുകൊണ്ടു് അങ്ങനെ വേണ്ടെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

Shri P. T. Chacko : I accept the amendment moved by Shri T. A. Thomman. There is also my amendment.

Amendment No. 661 moved by the Minister viz.:—

In clause 35 (1) the words "in fixing the fair rent" shall be added at the end was put and carried.

Amendment No. 662 moved by Shri T. A. Thomman was put and carried : viz. :—

In clause 35, for sub-clause (2) excluding the proviso, the following shall be substituted.

"(2) A tenant making any payment to the Government or any local authority towards land revenue or any tax in respect of the land comprised in the holding and payable by the landlord, shall be entitled to deduct the same from the rent payable by him to the landlord."

The question that clause 35, as amended, stand part of the Bill was put and carried.

Clause 35, as amended, was added to the Bill.

Clause 36

Shri N. E. Balaram : I move :

664. In clause 36(1) after the words "damage to" add the following :

"plants, palms, vines and trees or a damage to."

Shri M. Narayana Kurup : I move :

673. In clause 36, add the following new sub-clause (4) :

"(4) Where in respect of a holding, there are intermediaries at the commencement of this Act, and the rent receivable by an intermediary becomes reduced as a result of the remission granted under sub-section (2), the rent payable by the intermediary to his immediate landlord shall be reduced in the same proportion."

Shri T. C. Narayanan Nambiar : I move :

1219. In clause 36 sub-clause (1) line four, after 'the tenant' insert "and also the intermediary, if any,"

Shri T. K. Ramakrishnan : I move :

1220. In clause 36, add an Explanation as follows :

Explanation : The officer shall on such application take necessary steps to start such enquiry within a period of one week from the date of such application and order such remission of rent as appears to him just and proper within a month of such application."

Shri P. K. Kunjachan : I move :

1498. In clause 36, sub-clause (2) in line 7, after the word 'order' the following shall be inserted :

"within a period of one month from the date of the receipt of the application."

LIBRARY ARCHIVES Kerala Legislative Assembly

Smt. K. R. Gouri : I move:

1514. In clause 36, sub-clause (1) line two after 'damage to' add "any cultivation".

ശ്രീ. എൻ. ഈ. ബലറാം : സർ, 36–ാം ക്ലാസ് തങ്ങൾക്ക് നിയന്ത്രിക്കാൻ കഴിയാത്ത, പ്രകൃതികോപംമൂലമോ മററു കാരണങ്ങളാലോ വിളനഷ്ടം വന്ന് പിടിപെട്ടിട്ടുള്ള കുടിയാന്മാർക്ക് പാട്ടം ഇളവുചെയ്തുകിട്ടുന്നതിനുവേണ്ടിയുള്ള ഒരു വകുപ്പാണ്. കളക്ടറക്ക് ഹർജി കൊടുത്തുകൊണ്ട് വിളനഷ്ടം വന്നിട്ടുണ്ടെങ്കിൽ അതിന്റെ തോതനുസരിച്ച് പാട്ടം ഇളവുചെയ്തുകിട്ടാനുള്ള അനുവാദം ഈ വകുപ്പു പ്രകാരം കുടിയാനു ലഭിക്കുന്നു. പഴയ മലബാർ കുടിയായ്മ നിയമത്തിൽതന്നെ ഇതുണ്ടായിരുന്നു. കാർഷികബന്ധനിയമത്തിലുമുണ്ടായിരുന്നു. കഴിഞ്ഞ വെള്ളപ്പൊക്കവും മററു ബുദ്ധിമുട്ടുകളും വന്ന കാലത്തു് ഈ വകുപ്പുപയോഗിച്ചുകൊണ്ട് നമ്മുടെ രാജ്യത്തിലെ കുടിയാന്മാർ രക്ഷപ്പെടുകയും ചെയ്തിട്ടുണ്ട്. എനിക്കിപ്പോൾ പുതുതായി പറയാനുള്ള കാര്യം ഇതാണ്. വിളനഷ്ടംവരുന്ന കാര്യത്തെക്കുറിച്ചുമാത്രമേ കാര്യമായി ഇവിടെ ആലോചിച്ചിട്ടുള്ളു. വെള്ളപ്പൊക്കംകൊണ്ട് പലപ്പോഴും നഷ്ടംവരുന്നതു് നമുക്കറിയാവുന്ന കാര്യമാണ്. എന്നാൽ അടുത്ത കാലങ്ങളിലായിട്ട് പെസ്റ്ററുകൊണ്ട് വളരെയധികം തോട്ടങ്ങൾ നശിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകുന്നുണ്ട്.

Announcement by Deputy Speaker—Extension of sitting.

Deputy Speaker : Order, order. The Member may continue tomorrow.

With a view to completing all the stages of the Kerala Land Reforms Bill, 1963, the current meeting of the Assembly is extended to 22nd November 1963. The House will be sitting in the afternoon also during the next week.

The House will now adjourn and meet again at 8 a. m. tomorrow.

The House adjourned at 1 p. m. to meet again at 8 a. m. on Friday, the 15th November 1963.

LIBRARY ARCHIVES Kerala Legislative Assembly